വോള്യം – 06 ലക്കം – 119 ഒക്ടോബർ 2023 മലയാളം – ഇംഗ്ലീഷ്

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

**DIGITAL MAGAZINE**
**PUBLISHED BY FILCA**

FILCA FILM SOCIETY, STATE CENTRAL LIBRARY, CHALACHITHRA AKADEMY, BEAM FILM SOCIETY,
SPARC FILM SOCIETY ( ISRO), CET FILM SOCIETY ( COLLEGE OF ENGINEERING TRIVANDRUM )

*Biopic films on western classical music masters*

## വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ

# FILM FEST 28

## October 2023

09.10 AM
State Central Library Ac Hall
Thiruvananthapuram

TCHAIKOVSKY



BEETHOVEN




AMEDEUS MOZART




FREDERIC CHOPIN














കേരളീയം
Keraleeyam

# കേരളീയം : മലയാളം ചലച്ചിത്ര മേള

നാല് വിഭാഗങ്ങൾ. 108 ഫീച്ചർ സിനിമകളും 30 ഡോക്യുമെന്ററികളും.
നവംബർ 1 മുതൽ 7 വരെ. നാല് തിയേറ്ററുകളിൽ.

എല്ലാ ദിവസവും രാവിലെ 9 മുതൽ രാത്രി 10 വരെ. പ്രവേശനം സൗജന്യം.

## FILMS AND THEATRES

### POPULAR FILMS - KAIRALI THEATRE

1. Padayottam
Director : Jijo Punnoose
2. Anubhavangal Paalichakal
Director : K S Sethumadhavan
3. Achani
Director : A Vincent
4. Thacholi Ambu
Director : Navodaya Appachan
5. Chattakkari
Director : K S Sethumadhavan
6. Kolilakkam
Director : Vijayanand
7. Manjil Virinja Pookal
Director : Fazil
9. Yaathra
Director : Balu Mahendra
10. Oru minnaminunginte Nurungu Vettam
Director : Bharathan
11. 1921
Director : I V Sasi
12. Oru vadakkan veeragadha
Director : T Hariharan
13. Godfather
Director : Lal-Siddique
14. Manichithrathazhu
Director : Fazil
15. Thenmavin Kombath
Director : Priyadarshan
16. Chinthavishtayaya Shyamala
Director : Sreenivasan
17. Kaazhcha
Director : Blessy
18. Classmates
Director : Lal jose
19. Pranchiyettan and the saint
Director : Ranjith
20. Vaishali
Director : Bharathan
21. Thoovanathumbikal
Director : P Padmarajan
22. Nakhakshathangal
Director : T Hariharan
23. Chithram
Director : Priyadarshan
24. Kireedam
Director : Sibi Malayil
25. Panchavadi Paalam
Director : K G George
26. Amaram
Director : Bharathan
27. Perumthachan
Director : Ajayan
28. Kandam becha kott
Director : T R Sundaram

### CLASSIC FILMS - SREE THEATRE

1. Olavum Theeravum (Restored)
Director : P N Menon
2. Thambu (Restored)
Director : Govindan Aravindan
3. Yavanika (Restored)
Director : K G George
4. Vasthuhara (Restored)
Director : Govindan Aravindan
5. Neelakkuyil
Directors : P Bhaskaran, Ramu Karyat
6. Chemmeen
Director : Ramu Karyat
7. Bhargavi Nilayam
Director : A Vincent
8. Nirmalyam
Director : M T Vasudevan Nair
9. Prayanam
Director : Bharathan
10. Swapnadanam
Director : K G George

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

11. Kabani Nadhi Chuvannapol
Director : P A Backer
12. Cheriyachante Kroorakrithyangal
Director : John Abraham
13. Elipathayam
Director : Adoor Gopalakrishnan
14. Piravi
Director : Shaji N Karun
15. Ponthan Mada
Director : T V Chandran
16. Bhoothakannadi
Director : A K Lohithadas
17. Drishtantham
Director : M P Sukumaran Nair
18. Rukmini
Director : K P Kumaran
19. Daivathinte Vikrithikal
Director : Lenin Rajendran
20. Peruvazhiyambalam
Director : P Padmarajan
21. Purushartham
Director : K R Mohanan
22. Uppu
Dircetor : V K Pavithran
23. Pulijanmam
Director : Priyanandanan
24. Adaminte Makan Abu
Director : Salim Ahmed
25. Agnisaakshi
Director : Shyamaprasad
26. Celluloid
Director : Kamal
27. Veetilekulla Vazhi
Director : Bijukumar Damodaran
28. Ore Thooval Pakshikal
Director : Chintha Ravi
29. Sukritham
Director : Harikumar

## CHILDREN'S FILMS - NILA THEATRE

1. Kummatty
Director : Govindan Aravindan
2. My Dear Kuttichathan
Director : Jijo Punnoose
3. Manu Uncle
Director : Dennis Joseph
4. T D Dasan Standard 6B
Director : Mohan Raghavan
5. 101 Chodyangal
Director : Sidharth siva
6. Ayyappantamma Neyyappam Chuttu
Director : Mathew Paul
7. Philips And The Monkey Pen
Directors : Shanil Muhammed, Rojin Philip, Rojin Thomas
8. Pookkalam Varavai
Director : Kamal
9. Kakkothi Kaavile Appoppan Thaadikal
Director : Kamal
10. Ente Veedu, Appoontem
Director : Sibi Malayil
11. Ottaal
Director : Jayaraj
12. News Paper Boy
Director : P Ramdas
13. Pularvettam
Director : Harikumar
14. Pallotty 90'S Kids
Director : Jithinraj
15. Krishnapakshakkilikal
Director : Abraham Lincoln
16. Ankuram
Director : Uma Maheswara Rao

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

17. Kolumittai
Director : Arun Viswam
18. Angu Doore Oru Desathu
Director : Joshy Mathew
19. Nani
Director : Samvid Anand
20. Bonamy
Director : Tony Sukumar
21. Kaadakalm
Director : Sakhil Raveendran
22. Kochaniyan
Director : Satheesh Venganoor

## WOMEN'S FILMS - KALABHAVAN THEATRE

1. Yakshaganam
Director : Sheela
2. Janmadinam
Director : Suma Johnson
3. Sancharam
Director : LIgy J Pullappally
4. Manjadikuru
Director : Anjali Menon
5. Puzhu
Director : Ratheena
6. Akam
Director : Shalini Usha Nair
7. Stand Up
Director : Vidhu Vincent
8. Nishiddho
Director : Tara Ramanujan
9. Divorce
Director : Mini I G
10. B 32 Muthal 44 Vare
Director : Shruthi Sharanyam
11. Nila
Director : Indu Lakshmi
12. Moothon
Director : Geethu Mohandas
13. 19 (1) (A)
Director : Indhu V S
14. Aadaminte Vaariyellu
Director : K G George
15. Novemberinte Nashtam
Director : P Padmarajan
16. Mankamma
Director : T V Chandran
17. Ezhuthappurangal
Director : Sibi Malayil
18. Parinayam
Director : Hariharan
19. Kallichellamma
Director : P Bhaskaran
20. The Great Indian Kitchen
Director : Jeo Baby
21. Aanu
Director : Sidharth Siva
22. Ottamuri Velicham
Director : Rahul Riji Nair
23. Oppol
Director : K S Sethumadhavan
24. Shalini Ente Kootukari
Director : Mohan
25. Ozhimuri
Director : Madhupal
26. Oridam
Director : Pradeep Nair
27. Chayilyam
Directors : Manoj Nair, Madhupal
28. Rekha
Director : Jithin Issac Thomas
29. Oru Penninte Kadha
Director : K S Sethumadhavan

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

# FILM VISION
## Digital Film Magazine - October 2023 Edition

## WHATS INSIDE ?


1. **മാജിക്കൽ റിയലിസം : സങ്കീർണ്ണമായ ഭിന്നതലങ്ങളുടെ അനാവരണം - (വാർത്ത)**
   ഡോ. ആർ. ബിന്ദു ( ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി )



2. **സി - സ്പെയ്സ് പ്രഥമ ഗവ: ഓ.റ്റി. റ്റി. പ്ലാറ്റ്ഫോം - (വാർത്ത)**
   കെ. വി. അബ്ദുൽ മാലിക്ക് ( മാനേജിങ് ഡയറക്ടർ , KSFDC)



3. **ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് ചലച്ചിത്രോത്സവം - (വാർത്ത)**
   സാം ആന്റണി, തിരുമല



4. **മാർക്കേസിന്റെ നാല് മാജിക്കുകൾ - (പ്രേക്ഷകർ, പ്രതികരണങ്ങൾ)** ജയശ്രീ കുറിശ്ശേരി



5. **പാശ്ചാത്യ ക്ളാസിക്കൽ സംഗീതം - ഒരെത്തിനോട്ടം**
   സുരേഷ്കുമാർ. സി. (Beam ഫിലിം സൊസൈറ്റി )



6. **പീറ്റർ ഇലിയച്ച് ചൈക്കോവ്സ്കി**
   അർപ്പണ ( ഫിൽക്ക ഫിലിം സൊസൈറ്റി )



7. **ലുദ് വിഗ് വാൻ ബീഥോവൻ**
   ബീന മാത്യു ( ഫിൽക്ക ഫിലിം സൊസൈറ്റി )



8. **വോൾഫ് ഗാങ് അമേഡ്യൂസ് മൊസാർട്ട്**
   വിനോദ്കുമാർ. പി ( ഫിൽക്ക ഫിലിം സൊസൈറ്റി )



9. **ഫ്രെഡറിക് ഫ്രൻസ്വാ ചോപിൻ**
   ജ്യോതിഷ്കുമാർ. പി. എസ്. ( ഫിൽക്ക ഫിലിം സൊസൈറ്റി )



10. **വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ -**
   സാബു ശങ്കർ ( ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി )



11. **ശേഷം വെള്ളിത്തിരയിൽ -2 ( പരമ്പര )**
   വിജയകൃഷ്ണൻ



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

# PROGRAM

28TH OCTOBER SEPTEMBER 2023

## PROGRAM

28 TH SATURDAY OCTOBER 2023

9 AM COUPON DISTRIBUTION

9:10 AM FILM & INAUGURATION



**Inauguration**
**Dr. Bhavana Radhakrishnan**
( Singer & Music educationist )

## Welcome, felicitation, gratitude



**P. K. Shobhana**
**( State Librarian )**



**Sabu Sankar**
(Novelist, Film Author, Chief correspondent, Nerkazhcha weekly, USA)



**Sureshkumar. C.**
(Beam Film Society)



**Arpanaa**
(Actress)

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

# FILM FEST - വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ

**28 OCTOBER 2023 SATURDAY**

**STATE CENTRAL LIBRARY AC HALL**

SCREENING

## Screening Schedule

9:10 AM **Tchaikovsky** -2
74 Mins / Russia/1970



Dir: Igor Talankin

---

10:30 AM **Inauguration**

11:10 AM **Copying Beethoven**
104 Mins / USA/ 2006



Dir: Agniezka Holland

---

12:54 PM **Lunch break**

2:00 PM **Amedeus ( Mozart)**
180 Mins / USA/ 1984



Dir: Milos Forman

---

5:15 PM **Desire of Love (Chopin)**
124 Mins/ Poland/ 2002



Dir : Jerzy Antczak

---











CAST A LINE.
CATCH A SMILE.
Hang out in the idyllic backwaters of God's Own Country. Reconnect with absolute joy and peace. And rediscover that magical sense of togetherness.
God's Own Country
keralatourism.org
Come Together
in Kerala
WhatsApp 'Maya' and explore Kerala

# കുറിശ്ശേരി സമ്പൂർണകൃതികൾ

**ജീവചരിത്രം, ഭാഷാശാസ്ത്രം, നിഘണ്ടു, ദർശനം, ചരിത്രം, കൃഷി, കവിത**




പേജ് 1312 ഡിമൈ 1/8 ഹാർഡ് കവർ വില രൂ. 1500/

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും
വിജ്ഞാനകുതുകികൾക്കും ഒരു മുതൽക്കൂട്ട്

ഈ ഗ്രന്ഥം തപാലിൽ ലഭിക്കാൻ ബന്ധപ്പെടുക:
**94956 73656**

സ്കൈ ബുക്ക് പബ്ലിഷേർസ്, മാവേലിക്കര

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# മാജിക്കൽ റിയലിസം : സങ്കീർണ്ണമായ ഭിന്നതലങ്ങളുടെ അനാവരണം – ഡോ. ആർ. ബിന്ദു

**വിഖ്യാതനായ, നമ്മുടെ പ്രിയങ്കരനായ എഴുത്തുകാരൻറെ കൃതികളെ അവലംബിച്ചു കൊണ്ടുള്ള സിനിമകളുടെ പ്രദർശനം സാധ്യമാക്കുന്നു എന്നുള്ളത് ഫിൽക്ക ഫിലിം സൊസൈറ്റിയുടെ വഴികളിലെ ഒരു തിളങ്ങുന്ന അദ്ധ്യായം തന്നെ ആയിരിക്കുമെന്ന് ഞാൻ കരുതുകയാണ്.**

സഹൃദയകൈരളിയുടെ എക്കാലത്തേയും പ്രിയപ്പെട്ട എഴുത്തുകാരനാണ് ഗബ്രിയേൽ ഗാർഷ്യ മാർകിസ്.

എഴുപതുകളുടെ അവസാനത്തിൽ വളരെ സജീവമായി തന്നെ മലയാള സാഹിത്യത്തിൽ കടന്നുവന്നുവെങ്കിൽപോലും 1982ൽ നോബേൽ സമ്മാനം കിട്ടിയതിനു ശേഷമാണ് വളരെ വിസ്ഫോടകമായ നില യിൽ കഥകളും നോവലുകളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും നമ്മുടെ പ്രിയ സാഹിത്യകാരനായി അദ്ദേഹം മാറുകയും ചെയ്യുത്. കേരളത്തിൽ മാത്രമല്ല വിശ്വമെമ്പാടുമുള്ള ജനത അദ്ദേഹത്തിൻറെ കൃതികളെ വളരെ സ്നേഹത്തോടു കൂടി സ്വീകരിക്കുകയുണ്ടായി.

മാജിക്കൽ റിയലിസമെന്ന, ഭ്രമാത്മകതയ്ക്കും യാഥാർത്ഥ്യത്തിനും നടുവിലൂടെയുള്ള നൂൽപ്പാലത്തിലൂടെയാണ് അദ്ദേഹത്തിൻറെ കൃതികൾ രചിക്കപ്പെട്ടത് എന്നത് ലോകമെമ്പാടുമുള്ള മനുഷ്യർ അദ്ദേഹത്തിൻറെ കൃതികളിൽ ആകൃഷ്ടരാകുന്ന എന്നുള്ളതിൻറെ പ്രധാന ഘടകമാണ് എന്നാണ് എനിക്ക് തോന്നുന്നത്.





വിശ്വസാഹിത്യത്തിൽ തന്നെ ഒരു നവഭാവുകത്വം സൃഷ്ടിക്കാനാണ് അദ്ദേഹം നേതൃത്വം നൽകിയത്. സ്വപ്നം എവിടെ അവസാനിക്കുന്ന യാഥാർത്ഥ്യം എവിടെ ആരംഭിക്കുന്ന എന്ന് ഇഴപിരിച്ചെടുക്കാനാവാ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

ത്ത വിധത്തിലുള്ള മായികമായ അന്തരീക്ഷസൃഷ്ടി അദ്ദേഹത്തിൻറെ കൃതികളുടെ സവിശേഷതയാണ്. അദ്ദേഹം തന്നെ അതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്, ഞാൻ കരീബിയൻ യാഥാർത്ഥ്യമാണ് എഴുതുന്നത് എന്നാണ്. സ്വപ്നത്തേക്കാൾ കാടുകയറിയതാണ് കരീബിയൻ യാഥാർത്ഥ്യം.

മായ, ഇൻക ഗോത്ര സംസ്കാരങ്ങളിൽ നിന്നു തുടങ്ങുന്ന ലാറ്റിനമേരിക്കയുടെ ബഹുസ്വര സങ്കലമായിട്ടുള്ള ജീവിതാവസ്ഥകൾ സ്വാഭാവികമായും അദ്ദേഹത്തിൻറെ എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ടാകും.

സൈമൺ ബൊളീവറിൽ നിന്നൊക്കെ തുടങ്ങുന്ന വളരെ വിപ്ലവാത്മകമായ അന്തരീക്ഷവും ഗോത്രവൈരങ്ങളിൽ നിന്നൊക്കെ ആരംഭിക്കുന്ന സംഘർഷാത്മകമായ ജീവിതസാഹചര്യങ്ങളും അതിജീവനത്തിനുള്ള വഴികൾ തേടുന്ന ലാറ്റിൻ അമേരിക്കൻ അസ്തിത്വത്തിൻറെ വികാസപരിണാമങ്ങളും അദ്ദേഹത്തിൻറെ കൃതികളിലൂടെ കണ്ണോടിക്കുമ്പോൾ അറിയാൻ കഴിയും.

അതിസങ്കീർണ്ണമായ ജീവിതത്തിൻറെ ഭിന്നതലങ്ങളാണ് ആ നോവലുകളിലൊക്കെ അനാവരണം ചെയ്യപ്പെടുന്നത്.

കുട്ടിക്കാലം അദ്ദേഹത്തിൻറെ കൃതികളെ വലിയ നിലയിൽ സ്വാധീനിച്ചിട്ടുണ്ട് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അച്ഛൻറെയും അമ്മയുടെയും അഭാവത്തിൽ മുത്തച്ഛൻറെയും മുത്തശ്ശിയുടെയും കൂടെയാണ് പതിനാറ് കുട്ടികളുള്ള കൂട്ടുകുടുംബത്തിൽ അദ്ദേഹത്തിൻറെ ബാല്യം ചെലവഴിക്കപ്പെട്ടന്നത്.

പട്ടാളത്തിലായിരുന്ന അദ്ദേഹത്തിൻറെ മുത്തച്ഛൻ, ബനാന വാറിലൊക്കെ പങ്കെടുത്ത ആളാണ്. പുരോഗമനവാദിയായിരുന്ന അദ്ദേഹം പറയുന്ന പട്ടാളകഥകളും അനുഭവകഥകളും അതിനു നേരെ ഘടകവിരുദ്ധമായ അന്ധവിശ്വാസങ്ങളും മിത്തുകളും നിറഞ്ഞ അമ്മൂമ്മയുടെ കഥകളും എല്ലാം ചേർന്ന കഥകളുടെ ഒരു ലോകത്താണ് ഗാബോ എന്ന് വിളിക്കപ്പെടുന്ന മാർകിസ് വളർന്നു വലുതായത്. ആ മുത്തച്ഛൻറെ കഥകളുടെ ഒരു എക്സ്റ്റൻഷനാണ് അദ്ദേഹത്തിൻറെ നോവലുകളിൽ നമുക്ക് കാണാൻ കഴിയുന്നത്.

വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിട്യൂഡ് എന്ന കൃതി മുത്തച്ഛനും മുത്തശ്ശിയും അടങ്ങുന്ന വലിയൊരു കൂട്ടുകുടുംബത്തിലെ അന്തരീക്ഷമാണ് അനാവരണം ചെയ്യുന്നത്.

അതുപോലെ അച്ഛൻറെയും അമ്മയുടെയും നീണ്ടകാലം നീണ്ടു നിന്ന പ്രണയത്തിൻറെ വിശദാംശങ്ങളാണ് 'ലവ് ഇൻ ദി ടൈം ഓഫ് കോളറ' എന്ന സിനിമയുടെ പ്രമേയം. മാർകിസ്സിൻറെ പിതാവ് ഒരു സ്ത്രീലമ്പടനായിരുന്നതു കൊണ്ട് മാർകിസിൻറെ അമ്മ അദ്ദേഹത്തെ പ്രണയിക്കുന്നത് മാർകിസിൻറെ മുത്തച്ഛന് ഇഷ്ടമായിരുന്നില്ല. മുത്തച്ഛൻ വിദൂര

ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത



ദേശങ്ങളിൽ അമ്മയെ പാർപ്പിച്ചിരുന്നപ്പോൾ അമ്മയ്ക്ക് അച്ഛൻ അയച്ചിരുന്ന ടെലഗ്രാഫ് സന്ദേശങ്ങളിൽ പോലും അദ്ദേഹം എഴുതിയിരുന്ന കവിതകളിലും ലേഖനങ്ങളിലും പ്രണയ സുരഭിലമായ വരികൾ എഴുതിച്ചേർത്തിരുന്നത് കൊണ്ട് അതിൽ ആകൃഷ്ടയായാണ് അമ്മ അദ്ദേഹത്തെ വിവാഹം കഴിക്കുന്നത്. അച്ഛനിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയ കാവ്യഭാവനയും മാർകിസിന് ഉണ്ടായിരുന്നു.

ലാറ്റിൻ അമേരിക്കൻ ജീവിതത്തിൻറെ വളരെ ബഹുസ്വരസങ്കുലമായ അന്തരീക്ഷവും മുത്തച്ഛനിൽ നിന്നും മുത്തശ്ശിയിൽ നിന്നും പകർന്നു കിട്ടിയ കഥ പറയുന്നതിൻറെ ടെക്നിക്കും അച്ഛനിൽ നിന്ന് പകർന്നു കിട്ടിയ പ്രണയാതുരമായ കഥയെഴുത്തിൻറെയും കവിതയെഴുത്തിൻറെയുമൊക്കെ പാരമ്പര്യം, ഇവയൊക്കെ ചേർത്ത് സ്വന്തമായ ഒരു ശൈലി അദ്ദേഹം വികസിപ്പിച്ചെടുത്തപ്പോൾ പിന്നീട് വിശ്വസാഹിത്യത്തിൽ എയ്ഞ്ചെല കാർട്ടറെ (ഇംഗ്ലീഷ് നോവലിസ്റ്റ്) പോലെയുള്ള പല എഴുത്തുകാരും അത് തന്മയത്വത്തോടുകൂടി ഉപയോഗിക്കുന്നുണ്ട്. പക്ഷേ അതിൻറെ തുടക്കക്കാരനായി, മലയാളികളുടെ ഏറ്റവും പ്രിയങ്കരനായ എഴുത്തുകാരനായി തന്നെയാണ് ഗബ്രിയേൽ ഗാർഷ്യ മാർകിസ് നമ്മുടെ ഹൃദയങ്ങളിൽ നിറയുന്നത്.

'ജനറൽ ഇൻ ഹിസ്സ് ലാബറിന്ത്' എന്ന നോവൽ അധികാരത്തിൻറെ ലാബറീന്ത്യൻ സ്കെച്ചേഴ്സിനെയാണ് നമ്മുടെ മുന്നിൽ കൊണ്ടുവരുന്നത്. അധികാരത്തിൻറെ രാവണൻ കോട്ടയുടെ ഇടനാഴികളിൽ പുറത്തേക്കുള്ള വഴിയറിയാതെ നിൽക്കുന്നവർ അനുഭവിക്കുന്ന അന്ത:സംഘർഷങ്ങൾ അദ്ദേഹത്തിൻറെ 'ഓട്ടം ഓഫ് ദ പേടിയാർക്ക്' പോലെയുള്ള പല കൃതികളിലും നമുക്ക് കാണാൻ പറ്റും.

ഒരുവശത്ത് അധികാരത്തിൻറെ കേന്ദ്രീകരണത്തിന് എതിരായിട്ടുള്ള പോരാട്ടങ്ങളും മറുവശത്ത് പ്രണയാർദ്രവും, തികച്ചും മാനവികവുമായിട്ടുള്ള പരിസരങ്ങളും ചേർത്തുവച്ചിട്ടുള്ള ഉജ്ജ്വലമായ കൃതികളാണ് മാർകിസ് എഴുതിയിട്ടുള്ളത്. ഒരുപക്ഷേ അവയെ ചലച്ചിത്ര ഭാഷയിലേക്ക് പരാവർത്തനം ചെയ്യുമ്പോൾ സ്വാഭാവികമായും അതിൻറെ മായികമായ അന്തരീക്ഷത്തിൻറെ വിഭ്രമാത്മകത ലേശം ചോർന്നു പോയിട്ടുണ്ടാകും എന്നു നമ്മൾക്ക് ഊഹിക്കാവുന്നതേയുള്ളു. പക്ഷേ ആ നോവലുകൾ സിനിമയാക്കുന്നു എന്നുള്ളതും, കാലത്തെ അതിജീവിക്കുന്ന ഇരുപതാം നൂറ്റാണ്ടിൻറെ കലാരൂപം എന്ന് വിശേഷിപ്പിക്കാവുന്ന സിനിമയിലേക്ക് പരാവർത്തനം ചെയ്യപ്പെടുന്നു എന്നുള്ളതും തീർച്ചയായിട്ടും വളരെ സ്വാഗതാർഹമായ പ്രവർത്തനം തന്നെയായിരുന്നു.

ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

വിഖ്യാതനായ, നമ്മുടെ പ്രിയങ്കരനായ എഴുത്തുകാരൻറെ കൃതികളെ അവലംബിച്ചു കൊണ്ടുള്ള സിനിമകളുടെ പ്രദർശനം സാധ്യമാക്കുന്ന എന്നുള്ളത് ഫിൽക്ക ഫിലിം സൊസൈറ്റിയുടെ വഴികളിലെ ഒരു തിളങ്ങുന്ന അദ്ധ്യായം തന്നെ ആയിരിക്കുമെന്ന് ഞാൻ കരുതുകയാണ്.

അങ്ങനെ ലോകനിലവാരത്തിലുള്ള സിനിമകൾ വിവിധ ജനത അനുഭവിച്ച ആത്മനിഷ്ഠവും അതേസമയം സാമൂഹ്യനിഷ്ഠവുമായിട്ടുള്ള അനുഭവങ്ങളെ മനസ്സിലാക്കുവാനും അത് ഉൾക്കൊള്ളുവാനും ഒരു സഹജാവബോധത്തിലേക്ക് വളരുവാനുമൊക്കെ കേരളത്തിലെ സിനിമ പ്രേക്ഷകർക്ക് ഇടം നൽകുന്ന എന്നുള്ളത് വളരെ വലിയ കാര്യമാണ്. വേറെ നാടുകളിൽ വേറെ സമൂഹങ്ങളിൽ എങ്ങനെയാണ് മനുഷ്യർ ജീവിക്കുന്നത്, അവരുടെ അനുഭവങ്ങൾ എന്താണ്, അവരുടെ സങ്കടങ്ങളും നിവർത്തികേടുകളും എങ്ങനെ ആയിരുന്നു, അവരുടെ കൊച്ചു കൊച്ചു സന്തോഷങ്ങൾ എങ്ങനെയായിരുന്നു എന്നൊക്കെ മനസ്സിലാക്കുമ്പോൾ, നമ്മളും ആ കൂടുവിട്ടു കൂടുമാറൽ പ്രക്രിയയിലൂടെ കൂടുതൽ ഉദാത്തമായ വ്യക്തിത്വങ്ങളിലേക്ക് വളരാൻ, മറ്റുള്ള മനുഷ്യരുടെ പരിഗണനയിലേക്ക് വളരാൻ നമ്മെ സഹായിക്കുന്ന ഒരു പ്രക്രിയയാണ് വിശ്വസിനിമകളുടെയും മറ്റു രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സിനിമകളുടെയും ദർശനം എന്നത് സംശയരഹിതമായ കാര്യമാണ്. അങ്ങനെ കൂടുതൽ സ്ഫുടം ചെയ്യപ്പെട്ട വ്യക്തി ത്വങ്ങളായിട്ട് മാറാൻ ഇവിടെ ഈ ഫിലിം ഫെസ്റ്റിവൽ

വാർത്ത



കാണാൻ എത്തിയ എല്ലാ സഹൃദയരെയും ഫിൽക്ക ഫിലിം സൊസൈറ്റിയുടെ പേരിൽകൂടി ഞാൻ അഭിവാദ്യം ചെയ്യുകയാണ്.

തീർച്ചയായും ഫിലിം സൊസൈറ്റികളുടെ സംസ്കാരം നമ്മുടെ കേരളത്തിൻറെ ഭാവുകത്വ സൃഷ്ടിയിൽ വലിയ സംഭാവനകൾ ചെയ്തിട്ടുണ്ട് എന്നുള്ളത് വിശദീകരിക്കേണ്ടതില്ല.

നമുക്ക് അവയെ നിലനിർത്തി കൊണ്ടുപോകണം. സമാന്തരമായിട്ടുള്ള ഒരു പ്രേക്ഷകസംസ്കാരം, വളരെ ഉദാത്തമായ, നല്ലതിനെ സ്വീകരിക്കാൻ തയ്യാറുള്ള, കലാത്മകതയെ പ്രോത്സാഹിപ്പിക്കുന്ന ഒരു കാഴ്ചയുടെ സംസ്കാരം നിലനിർത്തി കൊണ്ടുപോകാൻ നമ്മൾ ആത്മാർത്ഥമായ പരിശ്രമം നടത്തേണ്ടതുണ്ട്.

കൂടുതൽ യുവജനങ്ങളെ ഇത്തരം പ്രദർശനങ്ങളിലേക്ക് കൊണ്ടു വരേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങളെ ഒക്കെ ഫിൽക്ക ഏറ്റെടുക്കുമ്പോൾ നിറഞ്ഞ ഹൃദയത്തോടു കൂടി ഒപ്പമുണ്ട് എന്ന് ഞാൻ സ്നേഹപൂർവ്വം ഇപ്പോൾ സൂചിപ്പിക്കുകയാണ്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

ഇതിന് വേദി നൽകിയ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയെ ഞാൻ അനുമോദിക്കുന്നു.

ഉന്നതവിദ്യാഭ്യാസവകുപ്പിൻറെ ഒരു ഭാഗം കൂടിയാണിത്. നിറഞ്ഞ ഹൃദയത്തോടെ ഇവിടെ സന്നിഹിതരായ ഏവർക്കും അഭിവാദ്യങ്ങൾ അർപ്പിച്ചു കൊണ്ട് ഈ ഗബ്രിയേൽ ഗാർഷ്യ മാർകിസ് ഫിലിം ഫെസ്റ്റിവൽ ഉത്ഘാടനം ചെയ്തതായി ഞാൻ പ്രഖ്യാപിക്കുന്നു.


(ഫിൽക്ക ഫിലിം സൊസൈറ്റിയുടെ സെപ്റ്റംബർ മാസ പരിപാടി - ഗബ്രിയേൽ ഗാർഷ്യ മാർകിസ് ചലച്ചിത്രോൽസവം ഉൽഘാടനം ചെയ്തുകൊണ്ട് ഉന്നതവിദ്യാഭ്യസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നടത്തിയ പ്രസംഗത്തിൽ നിന്ന് - സാം ആൻറണി, തിരുമല)



• • •


# വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ

## ഒക്ടോബർ 28 ന് ഫിൽക്ക ഫിലിം ഫെസ്റ്റിവൽ












ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA



വാർത്ത

# സി - സ്പെയ്സ്

# പ്രഥമ ഗവ: ഓ.ടി. ടി. പ്ലാറ്റ്ഫോം

- കെ. വി. അബ്ദുൽ മാലിക്ക് ( മാനേജിങ് ഡയറക്ടർ , കെ. എസ്. എഫ്. ഡി. സി.)

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെ.എസ്.എഫ്.ഡി.സി) കേരളത്തിലെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഒരു സർക്കാർ-പൊതുമേഖലാ സ്ഥാപനമാണ്. പ്രാഥമികമായി മലയാള സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യം.

1975-ൽ സ്ഥാപിതമായതു മുതൽ കെ. എസ്.എഫ്. ഡി. സി അഞ്ച് ദശാബ്ദങ്ങളായി മലയാള സിനിമാ വ്യവസായത്തിന്റെ വളർച്ചയിലും പുരോഗതിയിലും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഡി.സിയുടെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ്. ദക്ഷിണേന്ത്യയിൽ നൂതന ചലച്ചിത്ര സാങ്കേതിക വിദ്യ അവതരിപ്പിക്കുന്നതിൽ ഈ സ്റ്റുഡിയോ മുൻപന്തിയിലാണ്. ഇന്ത്യയിലും നിരവധി വിദേശ ഫിലിം ഫെസ്റ്റിവലുകളിലും അംഗീകാരങ്ങൾ നേടിയ നിരവധി സിനിമകൾ ഇവിടെ നിർമ്മിച്ചിട്ടുണ്ട്. സ്ഥിരം ഷൂട്ടിംഗ് സെറ്റുകൾ, ഷൂട്ടിംഗ് ലൊക്കേഷനുകൾ, ലാൻഡ്സ്കേപ്പുകൾ, അപ്പാർട്ടുമെന്റുകൾ, ഷൂട്ടിംഗ് നിലകൾ, ഗ്രീൻ മാറ്റ്, ഡിജിറ്റൽ ഇന്റർമീഡിയറ്റ് (DI), എഡിറ്റിംഗ്, ഡബ്ബിംഗ്, ഫോളി റെക്കോർഡിംഗ്, സൗണ്ട് പ്രീ-മിക്സിംഗ്, സൗണ്ട് ഫൈനൽ മിക്സിംഗ്, സിൻക് സൗണ്ട്, പൈലറ്റ് ട്രാക്ക് സൗണ്ട് റെക്കോർഡിംഗ്, ഫിലിം മ്യൂസിയം തുടങ്ങി വിശാലമായ സൗകര്യങ്ങൾ ചിത്രാഞ്ജലി സ്റ്റുഡിയോ വാഗ്ദാനം ചെയ്യുന്നു. കൂടുതൽ അത്യാധുനിക സൗകര്യങ്ങളോടെ സ്റ്റുഡിയോ നവീകരിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ. അത് സിനിമാ വ്യവസായത്തിന്റെ നൂതന ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കും.

കൂടാതെ, കെ.എസ്.എഫ്.ഡി.സിയ്ക്ക് കേരളത്തിലെ പ്രമുഖ നഗരങ്ങളിൽ സ്ഥിതി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ചെയ്യുന്ന 17 സ്ക്രീനുകളുടെ ശൃംഖലയുണ്ട്. ഫീച്ചർ ഫിലിമുകൾക്ക് സബ്സിഡികൾ നൽകുന്നു. സംസ്ഥാന - ദേശീയ - അന്തർ ദേശീയ അവാർഡുകൾ നേടിയ സിനിമ കൾക്ക് അധിക സബ്സിഡികൾ നൽകു ന്നു.

സർക്കാർ - സർക്കാരിതര സംഘടനകളുടെ ഡോക്യുമെന്ററി, പരസ്യ സിനിമകൾ, പ്രൊ മോഷണൽ വീഡിയോകൾ എന്നിവ സൃഷ്ടി ക്കുകയും ചെയ്യുന്നു.

## OTT Platform (C- SPACE)

സമീപ വർഷങ്ങളിൽ, മാധ്യമ വ്യവസായം ഗണ്യമായ പരിവർത്തനത്തിന് വിധേയമാ വുകയാണ്. OTT പ്ലാറ്റ്ഫോമുകളുടെ ആവിർ ഭാവം ഇതിൽ പ്രധാനമാണ്. ഈ ഡിജി റ്റൽ പ്ലാറ്റ്ഫോമുകൾ പ്രാഥമിക പ്രദർശ നമാർഗമായി മാറിക്കൊണ്ടിരിക്കുന്നു.

സിനിമകൾ, ഹ്രസ്വചിത്രങ്ങൾ, ഡോക്യു മെന്ററികൾ, വെബ് സീരീസ്, വിവിധ ക ലാപരിപാടികൾ,ഡിജിറ്റൽ രൂപത്തിലുള്ള മറ്റ് സൃഷ്ടികൾ എന്നിവ കാണുവാനും മാർ ക്കറ്റ് ചെയ്യുവാനും അതുവഴി നിർമ്മാതാ ക്കളെ സഹായിക്കുവാനും കെ. എസ്. എഫ്. ഡി. സി പുതിയൊരു ഓ. റ്റി. റ്റി ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപകൽപ്പന ചെ യ്തിരിക്കുന്നു. സി - സ്പേസ് എന്ന് പേരുള്ള ഈ അത്യാധുനിക OTT പ്ലാറ്റ്ഫോം വികസിപ്പിച്ചുകൊണ്ട് സമകാലിക ദൃശ്യകലാ രൂപങ്ങൾക്ക് ദേശീയ

## വാർത്ത

തലത്തിലും അന്തർദേശീയ തലത്തിലും വേദിയൊരുക്കി, നവീന വ്യവസായിക പ്രവണതകളെ ഫലപ്രദമാക്കുക എന്നതാ ണ് ലക്ഷ്യം.

ഇതുവഴി സാംസ്കാരികമായി സമ്പന്നമായ ഉള്ളടക്കത്തിന്റെ വൈവിധ്യമാർന്ന ശ്രേണി യെ പ്രാദേശികമായും അന്തർദേശീയമായും പ്രദർശിപ്പിച്ചുകൊണ്ട്, സമൂഹത്തിന് കാഴ്ചയു ടെ പുതുമ സമ്മാനിക്കുന്നു. വിനോദത്തെയും ഒപ്പം ആഗോള സർഗ്ഗാത്മകതയെയും പരി പോഷിപ്പിക്കുന്നു.

മാധ്യമ വ്യവസായത്തിന്റെ വളർച്ചയും നമ്മു ടെ പൗരന്മാർക്ക് ഉയർന്ന നിലവാരമുള്ള വിനോദ വൈവിധ്യവും ഒരുക്കുക എന്നത് ഞങ്ങളുടെ പ്രതിബദ്ധതയാണ്.

ഡിജിറ്റൽ സൃഷ്ടികളുടെ വിതരണം പ്രോ ത്സാഹിപ്പിക്കുന്നതിലൂടെ നമ്മുടെ സാംസ്കാ രിക - വിനോദ മേഖലകളെ മെച്ചപ്പെടു ത്തുന്നു.

സർക്കാർ പിന്തുണയുള്ള ഈ ഓ. റ്റി. റ്റി പ്ലാറ്റ്ഫോം, ചലച്ചിത്ര രംഗത്തും ദൃശ്യമാധ്യമ രംഗത്തും നടക്കുന്ന മാറ്റങ്ങളിൽ വിപ്ലവ കരമായ സ്വാധീനം ചെലുത്തി പ്രയോജന പ്പെടുത്താനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

കലാപരമായും വിനോദപരമായും വൈവി ധ്യമാർന്ന ഉള്ളടക്കത്തിന്റെ അവതരണ ത്തിലും ഉപഭോഗത്തിലും ഗുണനിലവാരം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA



ഉറപ്പാക്കിക്കൊണ്ട് ഈ സി - സ്പേസ് ഓ. റ്റി. റ്റി പ്ലാറ്റ്ഫോം വിപുലമായ ദൃശ്യവിഭവങ്ങൾ നൽകും.

ഈ ഓ. റ്റി. റ്റി. പ്ലാറ്റ്ഫോമിൽ പ്രദർശനത്തിന് സൃഷ്ടികൾ തെരെഞ്ഞെടുക്കുന്ന പ്രക്രിയയിൽ സുതാര്യതയ്ക്ക് പ്രാധാന്യമുണ്ടായിരിക്കും.

ഇതുവഴി നിർമ്മാതാക്കൾക്ക് തങ്ങളുടെ സൃഷ്ടികൾ എത്ര പേർ കണ്ടുവെന്ന് മനസിലാക്കാൻ സാധിക്കും.

തീയേറ്ററുകളിലേത് പോലെ, കാണികളുടെ എണ്ണത്തെ ആശ്രയിച്ചായിരിക്കും ഇതിൽ നിന്നുള്ള വരുമാന വിഹിതം നിർമ്മാതാവിന് ലഭിക്കുക. ഇതിനായി കാണികളിൽ നിന്ന് സിനിമയും മറ്റും കാണുന്നതിന് ന്യായമായ നിശ്ചിത തുക, ടിക്കറ്റ് നിരക്ക് പോലെ, ഈടാക്കുന്നു. ഈ നിരക്ക് സൃഷ്ടിയുടെ സ്വഭാവം പോലെ വ്യത്യസ്തവുമായിരിക്കും. ലോകമെങ്ങുമുള്ള കാണികൾക്ക് സൗകര്യമനുസരിച്ച് സിനിമയും മറ്റും കാണാനുള്ള വിപുലമായ വേദിയായിരിക്കും സി - സ്പെയ്സ്.

ചലച്ചിത്രങ്ങൾ കൂടാതെ, കലാരൂപങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും തത്സമയ സംപ്രേഷണം സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി കാണികളിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം കലാകാരന്മാർക്ക് ലഭിക്കുന്നു. മലയാള സിനിമയുടെയും നമ്മുടെ കലാ - സാംസ്കാരിക മേഖലയുടെയും വളർച്ചയും അംഗീകാരത്തിനും വേണ്ടിയുള്ള നൂതന പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ് കെ. എസ്. എഫ്. ഡി. സി.



ഫിലിം വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

# ഗബ്രിയേൽ ഗാർഷ്യ മാർക്വിസ് ചലച്ചിത്രോത്സവം

- സാം ആന്റണി, തിരുമല



സെപ്റ്റംബർ മാസം മുപ്പതാം തീയതി ഫിൽകയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഗബ്രിയേൽ ഗാർഷ്യ മാർകിസിൻെറ കൃതികൾ ആസ്പദമാക്കിയുള്ള ചലച്ചിത്രോൽസവത്തിൻെറ ഉൽഘാടനം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവ്വഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, ലൈബ്രേറിയൻ പി. കെ. ശോഭന, ഫിൽക്ക വൈസ് പ്രസിഡന്റ് ഡോ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി ലൈബ്രേറിയൻ അശോകൻ, നടി അർപ്പണ തുടങ്ങിയവർ സംസാരിച്ചു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള ചലച്ചിത്ര അക്കാദമി, Beam ഫിലിം സൊസൈറ്റി, സ്വാർക് ഫിലിം സൊസൈറ്റി ( ഐ. എസ്. ആർ. ഓ ), സി. ഇ. ടി ഫിലിം സൊസൈറ്റി ( കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ടിവാൻഡ്രം ) എന്നിവയുടെ സഹകരണത്തോടെയായിരുന്നു ഫെസ്റ്റിവൽ.

ഗബ്രിയേൽ ഗാർഷ്യ മാർകിസ് ചലച്ചിത്രോൽസവം ഉൽഘാടനം ചെയ്തു കൊണ്ട് മന്ത്രി നടത്തിയ പ്രസംഗം മാർകിസ് എന്ന എഴുത്തുകാരൻെറ വിശ്വോത്തര കൃതികൾ മലയാള സാഹിത്യത്തിൽ ഉണ്ടാക്കിയ ശ്രദ്ധേയമായ ചലനങ്ങളെയും മാറ്റങ്ങളെയും കുറിച്ചുള്ളതായിരുന്നു. സഹൃദയകൈരളിയുടെ ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരനാണ് ഗബ്രിയേൽ മാർകിസ്. മാജിക്കൽ റിയലിസം എന്ന നവഭാവുകത്വത്തിലെ, ഭ്രമാത്മകതയും യാഥാർത്ഥ്യവും ചേർത്തുണ്ടാക്കിയ നൂൽപ്പാലത്തിൻെറ നടുവിലൂടെ നടത്തപ്പെട്ട രചനാശൈലിയാണ് അദ്ദേഹത്തിൻെറ പ്രത്യേകത. സ്വപ്നമെവിടെ അവസാനിക്കുന്നു യാഥാർത്ഥ്യമെവിടെ തുടങ്ങുന്നു എന്ന് ഇഴപിരിച്ച് എടുക്കാനാവാത്ത മായികമായ അന്തരീക്ഷ സൃഷ്ടി അദ്ദേഹത്തിൻെറ കൃതികളുടെ സവിശേഷതയാണ്.

ഒരുവശത്ത് ഏകാന്തതയും അധികാരകേന്ദ്രീകരണത്തിന് എതിരായ രാഷ്ട്രീയ ചെറുത്തുനിൽപ്പുകളും മറുവശത്ത് പ്രണയാർദ്രവും തികച്ചും മാനവീകവുമായിട്ടുള്ള അനുഭവങ്ങളുടെ പരിസരങ്ങളും ചേർത്തുവച്ചു കൊണ്ടുള്ള ഉജ്ജ്വലമായ കൃതികളാണ് മാർകിസ് എഴുതിയിട്ടുള്ളത്. മാർകിസിൻെറ കൃതികളെ അവലംബമാക്കിയുള്ള സിനിമകളുടെ പ്രദർശനം സാധ്യമാക്കുന്നത് ഫിൽക ഫിലിം സൊസൈറ്റിയുടെ തിളങ്ങുന്ന അധ്യായങ്ങളിൽ ഒന്നായിരിക്കുമെന്നു കരുതുകയാണെന്ന് മന്ത്രി പറഞ്ഞു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

## വാർത്ത

ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഫിൽക്കയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ വിശദമാക്കിക്കൊണ്ട് ചലച്ചിത്ര നിരൂപകനും നോവലിസ്റ്റുമായ സാബു ശങ്കർ നടത്തിയ പ്രസംഗത്തിൽ 2023 വർഷത്തിൻറെ തുടക്കം മുതൽക്കേ, പ്രത്യേകതകളുള്ള പ്രമേയങ്ങൾ കണ്ടെത്തുകയും അവയുടെ അടിസ്ഥാനമായി നിർമ്മിച്ചിട്ടുള്ള സിനിമകളെ പറ്റി പഠനം നടത്തുകയും അവയുടെ ലഭ്യതയും നിലവാരവും പരിശോധിച്ച്, ചലച്ചിത്ര അക്കാഡമിയുമായി ചർച്ച നടത്തി അവരുടെ സഹകരണത്തോടുകൂടി പ്രദർശിപ്പിക്കുകയും ചെയ്യുക എന്ന ഓരോ മാസത്തെയും ദൈർഘ്യമേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രക്രിയയെ പറ്റി വിശദീകരിച്ചു. കൂടാതെ ചലച്ചിത്ര സാഹിത്യത്തിനു പ്രാധാന്യം കൊടുത്തു കൊണ്ട് പ്രതിമാസം പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനിനെ പറ്റിയും അദ്ദേഹം പ്രതിപാദിച്ചു. ഏകദേശം ഒൻപതോളം ലേഖനങ്ങൾ ഉൾപ്പെടുത്തി എൺപത് പേജുള്ള ഡിജിറ്റൽ മാസികയാണ് സെപ്റ്റംബർ ലക്കം വന്നിട്ടുള്ളത്. ലോകമൊട്ടാകെയുള്ള സിനിമാസ്നേഹികൾക്കായി തികച്ചും സൗജന്യമായി വിതരണം ചെയ്യപ്പെടുന്ന ഈ മാഗസിൻ വായിക്കുന്നതിന്റെയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൻറെയും പ്രാധാന്യത്തെ പറ്റിയും അദ്ദേഹം ഓർമ്മിപ്പിക്കുകയുണ്ടായി.

പുതിയ രചയിതാക്കളെ പ്രോത്സാഹിപ്പിക്കുന്ന ഈ മാസികയുടെ എല്ലാ ലക്കങ്ങളും www.filca.in ൽ ലഭ്യമാണ്.

ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിന് സമർപ്പിച്ചിട്ടുള്ള പദ്ധതിയെ പറ്റിയും അദ്ദേഹം വിശദീകരിച്ചു. വിദേശ ഭാഷാ ചലച്ചിത്രങ്ങൾ കാണുമ്പോൾ സംഭാഷണം മനസിലാക്കാൻ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടാണ്. സിനിമകളിലെ സബ്റ്റൈറ്റിലുകൾ മലയാളത്തിൽ ആക്കിയാൽ പോലും പെട്ടെന്നു മറഞ്ഞു പോകുന്നത് കൊണ്ട് ചിത്രത്തെ കൃത്യമായി മനസിലാക്കുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതെ വരുന്നു. ഇത് മനസിലാക്കിക്കൊണ്ടാണ് സിനിമയിലെ സംഭാഷണം മലയാളത്തിൽ ഡബ്ബ് ചെയ്യുക എന്ന ആശയം മുൻ നിറുത്തി മേൽപ്പറഞ്ഞ നിവേദനം സമർപ്പിച്ചിരിക്കുന്നത്.

ഫിൽക മുന്നോട്ടു വച്ച മറ്റൊരു ആവശ്യം ലൈബ്രറി ഞായറാഴ്ചയും മുൻകാലത്തേത് പോലെ പ്രവർത്തി ദിവസമാക്കി പുന:സ്ഥാപിക്കണം എന്നതാണ്. ഉച്ചവരെയുള്ള ഞായർ അവധി തിങ്കളാഴ്ച ആക്കുക. നൂറിലേറെ വർഷം എല്ലാ ഞായറാഴ്ച്ചയും ലൈബ്രറിക്ക് പ്രവർത്തി ദിവസമായിരുന്നു. എന്നാൽ കോവിഡു കാലത്ത് ഞായർ പ്രവർത്തി ദിവസം താത്കാലികമായി ഉച്ചവരെയാക്കിയിരുന്നു. കോവിഡ് നിബന്ധനകൾ കഴിഞ്ഞ സ്ഥിതിക്ക് മുൻകാല സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. പൊതുഅവധി ദിവസമായ ഞായറാഴ്ച നഗരജനതയ്ക്ക് ലൈബ്രറി ഉപയോഗിക്കാൻ സൗകര്യമാണ് . ഈ അടിസ്ഥാനത്തിലാണ് പ്രസ്തുത നിർദ്ദേശം

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

മുന്നോട്ട് വെച്ചത്. നഗരവാസികൾക്കും മറ്റു സ്ഥലങ്ങളിൽ നിന്ന് നഗരത്തിൽ വരുന്ന വർക്കും ഞായറാഴ്ചയാണ് ലൈബ്രറി ഉപയോഗിക്കാൻ പൊതുവെ സൗകര്യം.

സ്റ്റേറ്റ് ലൈബ്രേറിയൻ പി. കെ. ശോഭന അധ്യക്ഷയായിരുന്നു. തലസ്ഥാന നഗരിയിലെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയെ ഒരു സാംസ്കാരിക കേന്ദ്രം കൂടിയാക്കുക എന്നതാണ് ലക്ഷ്യം. വിശ്വക്ലാസിക് സിനിമകൾ പ്രദർശിപ്പിക്കുന്നത് അതിന്റെ ഭാഗമായാണ്. വളരെ മുൻപേ തന്നെ ഫിൽക്ക ഫിലിം സൊസൈറ്റിയിലൂടെ നിരവധി സിനിമകൾ കാണാൻ സാധിച്ചിട്ടുണ്ട്. സാഹിത്യത്തോടൊപ്പം എല്ലാ കലാരൂപങ്ങൾക്കും അവതരണവേദി ഒരുക്കുകയാണ് സ്റ്റേറ്റ് സെൻട്രൽ പബ്ലിക് ലൈബ്രറിയെന്ന് പി. കെ. ശോഭന പറഞ്ഞു.

തുടർന്ന് ഫിൽകയുടെ വൈസ് പ്രസിഡന്റ് ഡോ. ബി. രാധാകൃഷ്ണൻ ഫിൽക്കയുടെ ഫിലിം ഫെസ്റ്റിവലുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ പറ്റി സംസാരിച്ചു. മുൻകാലങ്ങളെ അപേക്ഷിച്ച് 2023 -ൽ ഫിൽക്ക വളരെയേറെ വളർന്നു കഴിഞ്ഞുവെന്ന് അദ്ദേഹം പറയുകയുണ്ടായി. പ്രത്യേക പ്രമേയങ്ങൾ ആസ്പദമാക്കി ദേശീയ - അന്തർദേശീയ ചലച്ചിത്രങ്ങൾ കൂടുതലായി പ്രദർശിപ്പിച്ചു. കേരളത്തിൽ സിനിമാപ്രേമികൾക്ക് മികച്ചത് കണ്ടു മനസ്സിലാക്കുവാനുള്ള കൂടുതൽ അവസരങ്ങൾ ഒരുക്കുകയെന്നത് ഫിൽക്കയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രസക്ത പ്രമേയങ്ങൾ വിഖ്യാതരായ എഴുത്തുകാരുടെയും ചലച്ചിത്രകാരന്മാരുടേയും കാഴ്ചപ്പാടിലൂടെ സൃഷ്ടിച്ച ചലച്ചിത്രങ്ങളുടെ മേളകൾ കാണിയുടെ കാഴ്ചപ്പാടിന് മിഴിവേകുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ചലച്ചിത്ര ഫെസ്റ്റിവലുകൾ സാധാരണക്കാരിലേക്ക് എത്തിക്കുക എന്നതും ഫിൽക്കയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കോളേജ് അടിസ്ഥാനപ്പെടുത്തിയുള്ള ഉന്നത ചലച്ചിത്രസംസ്കാരം വളർത്തേണ്ടതുണ്ട്. ഇതിനായി നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലുമുള്ള വിവിധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള അനുവാദവും അതിൻറെ നടത്തിപ്പിനായുള്ള ചെറിയ സഹായവും ലഭിച്ചാൽ അത് സാധ്യമാകുമെന്നും അദ്ദേഹം ബഹുമാനപ്പെട്ട മന്ത്രിയോടും സദസിനോടുമായി പറഞ്ഞു . വരുന്ന വർഷത്തിൽ തന്നെ ഇത് നടപ്പാക്കാനാണ് ഉദ്ദേശം. ഇതിന് ഫിൽക ഒരു തരത്തിലുള്ള റോയൽറ്റിയും വാങ്ങിക്കുകയോ അതിനായി ആഗ്രഹിക്കുകയോ ചെയ്യുന്നില്ല . അതുപോലെ തന്നെ ഗബ്രിയേൽ ഗാർഷ്യ മാർകിസിനെ കുറിച്ചും വിശ്വ സാഹിത്യത്തിലെ മാജിക്കൽ റിയലിസത്തെ പറ്റിയും സിനിമകളെ പറ്റിയും മന്ത്രി നടത്തിയ വിശദമനോഹരമായ പ്രസംഗത്തിനെ അഭിനന്ദിക്കുകയും ചെയ്തു .

ഓരോ മാസവും മുടക്കം കൂടാതെ സിനിമകൾ ലൈബ്രറിയിൽ പ്രദർശിപ്പിക്കുന്നതിനുള്ള അനുവാദങ്ങൾ വാങ്ങി തരികയും ഫിൽക

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

വാർത്ത

യുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ സഹകരണം ഉറപ്പാക്കുകയും ചെയ്യുന്ന സ്റ്റേറ്റ് ലൈബ്രേറിയൻ ശ്രീമതി ശോഭനയോടുള്ള നന്ദിയും അദ്ദേഹം രേഖപ്പെടുത്തി.

ഡെപ്യൂട്ടി ലൈബ്രേറിയൻ അശോകൻ - വിഖ്യാതമായ സാഹിത്യ സൃഷ്ടികളെ അടിസ്ഥാനമാക്കിയുള്ള ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുക വഴി വായനാ ശീലം വളർത്തുക എന്ന ആശയത്തേയും അതിനായി ഫിൽക്ക നടത്തുന്ന ശ്രമങ്ങളേയും അനുമോദിച്ചു. മറ്റ് ലാറ്റിൻ അമേരിക്കൻ എഴുത്തുകാരുടെ കൃതികളുടെ വിപുലമായ ശേഖരം ലൈബ്രറിയിൽ ഉള്ളതായും സൂചിപ്പിച്ചു.

തുടർന്ന് അഭിനേത്രിയും ഫിൽക്ക എക്സിക്യൂട്ടീവ് മെംബറുമായ അർപ്പണ (ഗിരിജ സുരേന്ദ്രൻ) ഫെസ്റ്റിവലിനെ കുറിച്ചും സാഹിത്യത്തെ കുറിച്ചും വിശദമായി സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്ത മന്ത്രിക്കും അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു. മന്ത്രിയോടൊപ്പം ഫിൽക ഫിലിം സൊസൈറ്റിയുടെ ഭാരവാഹികളെയും അതിഥികളെയും ഉൾക്കൊള്ളിച്ച് എടുത്ത ഗ്രൂപ്പ് ഫോട്ടോയുടെ സെഷനോടു കൂടി ചടങ്ങുകൾ അവസാനിച്ചു. 89 പേർ കാണികൾക്കായുള്ള രജിസ്റ്റർ ബു ക്കിൽ പേര് രേഖപ്പെടുത്തി. 15 - ലേറെ പേർ അല്ലാതെയും. ഏകദേശം 100- ലേറെ പ്രേക്ഷകർ ഈ ചലച്ചിത്ര മേളയിൽ പങ്കെടുത്തു. ലൗ ഇൻ ദി ടൈം ഓഫ് കോളറ, എ വെരി ഓൾഡ് മാൻ വിത്ത് എനോർമസ് വിങ്സ്, നോ വൺ റൈറ്റ്സ് ടു കേണൽ, ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർട്ടോൾഡ് എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

പ്രേക്ഷകർ, പ്രതികരണങ്ങൾ

# മാർക്കേസിന്റെ നാലു മാജിക്കുകൾ



– ജയശ്രീ കുറിശ്ശേരി

അതിതീക്ഷ്ണമായ സാമൂഹിക നിലപാടുകളുള്ള കഥകൾ പറയുന്ന, ഭാവനയെ ഭ്രമാത്മകമായ രീതിയിൽ അവതരിപ്പിക്കാൻ ശേഷിയുള്ള, വായനക്കാരന് ഒരു മാന്ത്രികലോകം സമ്മാനിക്കുന്ന, അസാധാരണ പ്രതിഭ ഗബ്രിയേൽ ഗാർഷ്യ മാർക്കേസിന്റെ നാലു സിനിമകളാണ് ഫിൽക്ക ഫിലിം സൊസൈറ്റിയുടെ സെപ്റ്റംബർമാസ പരിപാടിയിൽ പ്രദർശിപ്പിച്ചത്.

## ലവ് ഇൻ ദ ടൈം ഓഫ് കോളറ



പ്രണയത്തിൻറെ അ തിലോലവും എന്നാൽ അത്യന്തം തീക്ഷ്ണവുമാ യ ഭാവത്തെ ചിത്രം വ ളരെ മനോഹരമായി പ്രകാശിപ്പിക്കുന്നു. എ ന്നാൽ സ്വാഭാവിക മായും മറ്റാർക്കും ഇത് ഉൾക്കൊള്ളാൻ കഴിയു ന്നുമില്ല. ഫ്ലോറന്റിനോയുടെ അമ്മ പോലും മകൻറെ പ്രണയത്തെ ശരീരത്തിൻറെ സ്വാഭാവികമായ ചോദനയായി മാത്രമേ കാണുന്നുള്ളൂ. വിധിവശാൽ തനിക്ക് ലഭിച്ച വൈവാഹികജീവിതത്തിൽ അനുഷ്ഠിക്കേണ്ട സ്വന്തം കർത്തവ്യങ്ങളെല്ലാം വളരെ ആത്മാർത്ഥമായി നിർവഹിച്ച ശേഷം സാധ്വിയായ സ്ത്രീക്ക് വാർദ്ധക്യകാലത്ത് ഉണ്ടാകുന്ന പ്രണയസാഫല്യം പ്രേക്ഷകരിലും ആശ്വാസമരുളുന്നു. ഭർത്താവിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന വിധവയിൽ നിന്നും പഴയ പ്രണ യിനിയിലേക്കുള്ള ഫെർമീനയുടെ ക്രമാനുഗത മാറ്റം ആ പ്രണയസാഫല്യത്തെ കൂടുതൽ നീതിയുക്തമാക്കുന്നു.

ഇന്ന് വാർത്തകളിൽ നിറയുന്ന പ്രണയപ്പക, പ്രണയക്കൊല തുടങ്ങിയ വാക്കുകളൊക്കെ തികച്ചും അന്തസ്സാരശൂന്യങ്ങളാണ്. ശരിയായ പ്രണയത്തിൽ പകയോ കൊലയോ ഒന്നും ഉണ്ടാകില്ല. എത്ര വർഷങ്ങൾ കഴിഞ്ഞാലും അതിൻറെ മാറ്റ് കുറയുകയുമില്ല. അത് അന്വർത്ഥമാക്കുന്നതായിരുന്നു, ഈ ചിത്രം.

## എ വെരി ഓൾഡ് മാൻ വിത്ത് എനോർമസ് വിങ്സ്

മുത്തശ്ശിയുടെ യക്ഷിക്കഥകളുടെയും നാടോടിക്കഥകളുടെയും പ്രഭാവം ഉൾക്കൊണ്ട് എഴുതിയ

ഫിലിം വിഷൻ

www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

## പ്രേക്ഷകർ, പ്രതികരണങ്ങൾ



താകാം മാർക്കേസിന്റെ ഈ കഥ. വീട്ടിൽ യാദൃച്ഛികമായി വന്നെത്തിയ അത്ഭുതകഥാപാത്രം അവരുടെ വരുമാനമാർഗമാകുന്നു. അതിന് ഭക്തിയുടെ പരിവേഷം ആർജ്ജിച്ചിട്ട് കുരുടന് കാഴ്ച നൽകാനും മുടന്തനെ നടത്താനും പോന്ന ദിവ്യ ശക്തി കഥാപാത്രത്തിന് ചാർത്തി കിട്ടുന്നു. അതിനോടനുബന്ധിച്ചുള്ള പല പ്രഹസനങ്ങളും അത് ആ കുടുംബത്തിനെയും നാടിനെയും ബാധിക്കുന്നതുമാണ് ഈ ചിത്രത്തിൻറെ പ്രമേയം.

ഭക്തിയുടെ പേരിൽ ചാർത്തപ്പെടുന്ന ഇത്തരം അത്ഭുതശക്തി പരിവേഷവും അത്തരം സ്ഥലങ്ങളിലേക്കുള്ള ജനപ്രവാഹവും നമ്മുടെ നാട്ടിലും പരിചിതമാണല്ലോ.

### നോ വൺ റൈറ്റ്സ് ടു ദ കേണൽ

വാർദ്ധക്യത്തിലെത്തിയ കേണലിന് കിട്ടേ ണ്ട അർഹതപ്പെട്ട പെൻഷനു വേണ്ടിയുള്ള അനന്തമായ കാത്തിരിപ്പിന്റെയും തുടർന്ന് അദ്ദേഹവും ഭാര്യയും അനുഭവിക്കുന്ന കടു ത്ത ദാരിദ്ര്യത്തിന്റെയും ഹൃദയസ്പർശിയായ കഥയാണ് ഈ ചിത്രം. കത്തുകളുമായി പോസ്റ്റുമാൻ ബോട്ടിൽ വന്നിറങ്ങുന്ന ഓരോ വെള്ളിയാഴ്ചകളേയും തന്റെ ദിവസമാക്കി മാറ്റി, പ്രതീക്ഷയോടെ പോസ്റ്റ് ഓഫീ സിലെത്തുന്നതും, നിരാശനായി തിരികെ വീ ട്ടിലെത്തുന്നതും ഓരോ തവണയും നമ്മുടെ മനസ്സിനും നോവുകളാകുന്നു. ഭാര്യയുടെ ആ സ്ത്മ രോഗവും പോലീസ് കൊലപ്പെടുത്തിയ മകൻറെ ഓർമ്മകളും ആ ദമ്പതികളെ സദാ അസ്വസ്ഥപ്പെടുത്തുന്നുണ്ട്. മകൻറെ ഓർമ്മയാ യിക്കൂടിയാണ് ആ പോരുകോഴിയെ അവർ സംരക്ഷിക്കുന്നത്. പട്ടിണിയും ഭാര്യയുടെ രോഗവും മൂലം നിരാശനായിട്ടും, കടം വാങ്ങാൻ അഭിമാനം അനുവദിക്കാഞ്ഞിട്ടും പോരുകോഴിയെ വിൽക്കാൻ ഒരുങ്ങിയെങ്കിലും പിന്നീട് പിൻവാങ്ങുകയാണ്. അതിനെ അവരുടെയും, നാട്ടുകാരുടെയും വിശ്വാസത്തിൻറെ പ്രതീകമായാണ് അവർ സംരക്ഷിക്കുന്നത്. ഒടുവിൽ അസുഖവും ദാരിദ്ര്യവും നിമിത്തം തികച്ചും അസ്വസ്ഥയായ ഭാര്യയോട് കേണൽ പെൻഷൻ കിട്ടുന്ന പ്രത്യാശ പ്രകടിപ്പിക്കുകയാണ്. അതുകേട്ട് പ്രകോപിതയായിത്തീരുന്ന ഭാര്യ കേണലിന്റെ കോളറിൽ പിടിച്ചുകുലുക്കിക്കൊണ്ട് "അതുവരെ നാം എന്ത് കഴിക്കും" എന്ന് ചോദിക്കുമ്പോൾ കേണൽ ശാന്തനായി പറയുന്ന മറുപടി നമ്മുടെയും കണ്ണുനനയിക്കുകയാണ്.



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

## പ്രേക്ഷകർ, പ്രതികരണങ്ങൾ

### ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർടോൾഡ്

തീർത്തും ഒഴിവാക്കാമായിരുന്ന ഒരു കൊല പാതകത്തിന്റെ ചുരുളഴിയുന്ന കഥയാണ് ഈ ചിത്രത്തിന്റേത്. വീണ്ടുവിചാരമില്ലാത്ത എടുത്തു ചാട്ടത്തിന്റെ പേരിൽ ഒരു നിരപരാധിയായ ചെറുപ്പക്കാരൻ വധിക്ക പ്പെടുന്നു. അയാളെ കൊല്ലുമെന്ന വാർത്ത യും മുന്നറിയിപ്പുകളും ആ നാടു മുഴുവൻ പര ന്നിട്ടും അയാൾ മാത്രം അറിയാതെ പോകുന്നു. അങ്ങനെ ഒരു നാടിനെ മുഴുവൻ സാക്ഷിയാക്കിക്കൊണ്ട് നിരായുധനായ ആ യുവാവ് കൊല്ലപ്പെടുകയാണ്. ഈ സംഭ വത്തിന് ശേഷം യുവാവിന്റെ അമ്മയും ആ കുടുംബവും തകരുന്നു. അതിനോടൊപ്പം കഥാനായികയുടെ കുടുംബവും. കഥാന്ത്യ ത്തിലെ നായികയുടെയും ഭർത്താവിന്റെയും പുനഃസമാഗമത്തിലും, പ്രേക്ഷക മനസ്സു കളെ വേട്ടയാടുന്നത്, ചുരുളഴിയപ്പെട്ട ആ കൊലപാതകമാണ്.



എല്ലാ സിനിമകളിലും ദൃശ്യങ്ങളും സംഗീത വും കഥകളുടെ തനതായ വൈകാരികത സൃഷ്ടിക്കാൻ പോന്നതായിരുന്നു. നാല് സിനിമകളുടെയും പ്രമേയങ്ങളെല്ലാം നമ്മുടെ കൊച്ചു കേരളത്തിലും അന്യമായ തല്ല. അതുകൊണ്ടുതന്നെ വിദേശസിനിമ കാണുന്നതിൻറെ അപരിചിതത്വം പ്രേക്ഷ കരിൽ ജനിപ്പിക്കുന്നുമില്ല. ഈ നാല് സിനിമകളും തിരഞ്ഞെടുത്തു പ്രദർശിപ്പിച്ച ഫിൽകയ്ക്ക് അഭിനന്ദനങ്ങൾ.

• • •

പ്രേക്ഷകർക്ക് ആസ്വാദനക്കുറിപ്പുകളും പ്രതികരണങ്ങളും ഫിലിം വിഷൻ മാഗസിനിലേയ്ക്ക് അയയ്ക്കാം.

+91 80890 36090 filcakerala@gmail.com


കേരള സർക്കാർ
കേരള
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
സൗഭാഗ്യം
ഇപ്പോൾ
എല്ലാ ദിവസവും
ഞായർ
അക്ഷയ
ഒന്നാം സമ്മാനം
₹70 ലക്ഷം
തിങ്കൾ
വിൻവിൻ
ഒന്നാം സമ്മാനം
₹75 ലക്ഷം
ബുധൻ
ഫിഫ്റ്റി-ഫിഫ്റ്റി
ഒന്നാം സമ്മാനം
₹1 കോടി
₹50
ചൊവ്വ
സ്ത്രീശക്തി
ഒന്നാം സമ്മാനം
₹75 ലക്ഷം
വ്യാഴം
കാരുണ്യപ്ലസ്
ഒന്നാം സമ്മാനം
₹80 ലക്ഷം
വെള്ളി
നിർമൽ
ഒന്നാം സമ്മാനം
₹70 ലക്ഷം
ശനി
കാരുണ്യ
ഒന്നാം സമ്മാനം
₹80 ലക്ഷം
ടിക്കറ്റ് വില
₹40
മാത്രം
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം...സുതാര്യം...ജനകീയം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA



ഫിലിം
filca FILM LOVERS CULTURAL ASSOCIATION
വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

# പാശ്ചാത്യ ക്ലാസിക്കൽ സംഗീതം - ഒരെത്തിനോട്ടം



- സുരേഷ്കുമാർ. സി. (ബീം ഫിലിം സൊസൈറ്റി )

ലോക പ്രശസ്തരായ സംഗീതജ്ഞരുടെ രേഖപ്പെടുത്തപ്പെട്ട ജീവിതവും കലാസപര്യയും വിശദവും വിപുലവുമായിത്തന്നെ നമുക്കിന്ന് ലഭ്യമാണ്. വൈവിദ്ധ്യവും വ്യത്യസ്തവുമായ സർഗ്ഗശീലങ്ങളും വൈയക്തികമായ ആത്മ സംഘർഷങ്ങളും നിറഞ്ഞ അവരുടെ സർഗ്ഗ ജീവിതം സംഗീതത്തിനും അതുവഴി സംസ്കാരത്തിനും നൽകിയ സംഭാവനകൾ ചരിത്ര രേഖകളിൽ നിന്ന് നമുക്ക് വായിച്ചെടുക്കാം.

മാനവരാശിയുടെ സാംസ്കാരിക ഭാഷ പിറവിയെടുക്കുന്നത് തന്നെ സംഗീതത്തിലൂടെയാണെന്ന് പറയാം. പാശ്ചാത്യ സംഗീത ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളെയും ഭാവങ്ങളെയും പരിചയപ്പെടുത്താനുള്ള ഒരു ശ്രമമാണ് ഈ കുറിപ്പ്.

## മധ്യകാലഘട്ടം (ce 500 - 1400)

പ്രാക്തന സംഗീത ശീലുകളുടെയും നാടോടി - ഗോത്ര ഗാനപാരമ്പര്യങ്ങളുടേയും തലത്തിൽ നിന്നും സംഘടിതവും ആസൂത്രിതവുമായ ശില്പഘടനയിലേക്ക് പാശ്ചാത്യ സംഗീത ലോകം പ്രവേശിക്കുന്നത് ചരിത്രത്തിന്റെ മധ്യകാലഘട്ടത്തോടെയാണ്.

ആ ത്മീയ പ്രവർത്തനത്തിന് സംഘടിത രൂപം നൽകി റോമൻ കത്തോലിക്കാ സഭ നട ത്തിയ സുവിശേഷ പ്രവർത്തനത്തിൽ സംഗീതത്തിന് വലിയ സ്ഥാനമുണ്ടായിരുന്നു. പള്ളികളിലെ ഗാനശുശ്രൂഷയുടെ ആവശ്യാർത്ഥം രൂപപ്പെട്ടു വന്ന, ഏകസ്വരവരി ( Monophonic ) വിഭാഗത്തിൽ പെട്ട ഗ്രിഗോറിയൻ കീർത്തനങ്ങൾ (Gregorian Chant) ആണ് പാശ്ചാത്യ ക്ലാസിക്കൽ സംഗീതത്തിന്റെ ആദ്യ രൂപമായി കണക്കാക്കപ്പെടുന്നത്.

ഏകദേശം അതേ കാലത്തു തന്നെ, മുഖ്യമായും ഫ്രാൻസിന്റെ ദക്ഷിണ , ഉത്തര മേഖലകളിൽ രാജകീയ പ്രണയ കഥകളുടേതായ, കാവ്യാത്മകവും മതേതരവുമായ ഒരു ഗാനശാഖയും സമാന്തരമായി വളർന്നുവന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

### നവോത്ഥാനകാലം (ce 1400 -1600)

ബഹുസ്വര സംഗീത ശാഖകളുടെ വികാസ പരിണാമങ്ങൾ ദർശിച്ച ഒരു കാലഘട്ട മായിരുന്നു. ഇത്. Josquin des Prez , Palestrina മുതലായ സംഗീതജ്ഞരിലൂടെ സങ്കീർണ്ണവും ബഹുസ്വരവുമായ സംഘ സംഗീത ശില്പങ്ങൾ വ്യാപകമായ പ്രചാരം നേടി. ഓരോ പാദങ്ങൾക്കും വ്യത്യസ്ത ഈണം നൽകിക്കൊണ്ടുള്ള Madrigals എന്ന സംഗീത ധാരയുടെ വികാസവും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. ഇറ്റലിയിലെ മതാതീത സംഗീത ശാഖയായി ആവിർഭവിച്ച Madrigals ശൈലി പതിനാറാം നൂറ്റാണ്ടോടെ John Wilbye, Thomas Weekes, Thomas Morley തുടങ്ങിയ ജർമ്മൻ / ഇംഗ്ലീഷ് സംഗീതജ്ഞരിലൂടെ ശക്തമായ സാന്നിദ്ധ്യമായി മാറി. സംഗീത നിർവഹണത്തിന്റെ കൃത്യതയുടെ അടിസ്ഥാന ശിലയായി മാറിയ (സംഗീത) ചിഹ്നങ്ങളുടെ കണ്ടുപിടിത്തവും സംഗീതത്തിന്റെ ഈ നവോത്ഥാനകാല സംഭാവനയാണ്.

### ബാരോക്ക് (Baroque) കാലഘട്ടം (ce 1600 - 1750 )

നവോത്ഥാന കാലത്തിനെ തുടർന്ന് സംഗീതം കൂടുതൽ സാമൂഹ്യവൽക്കരിക്കപ്പെടുന്ന കാഴ്ചയാണ് കാണുന്നത്. കൊട്ടാര സദസ്സുകളുടെ ആവശ്യാർത്ഥം രൂപം കൊണ്ടുവന്ന സംഗീത ശില്പങ്ങളുടെ വികസിത രൂപമായി ഓപെറാ സംഗീത ശാഖ ഉയർന്നുവന്ന കാലഘട്ടമാണിത്. ഇന്ന് നാം കാണുന്ന ഓർക്കെസ്ട്രാ സംവിധാനത്തിന്റെ ആദ്യ രൂപങ്ങൾ ഉയർന്നു വരുന്നതും ഇതേ കാലത്താണ്. Claudio Monteverdi, Johann Sebastian Bach, George Frideric Handel, Antonio Vivaldi തുടങ്ങിയ സംഗീജ്ഞർ ബാരോക്ക് കാല സംഗീതത്തിന് വിലയേറിയ സംഭാവനകൾ നൽകിയവരാണ്.

### ക്ലാസ്സിക്കൽ കാലം (ce 1750 - 1820)

ബാരോക്ക് കാലഘട്ടത്തിലെ സങ്കീർണ്ണതയിൽ നിന്നും സംഗീത ശൈലി കൂടുതൽ ലളിത ഭാവം കൈവരിച്ച കാലമാണ് ക്ലാസ്സിക്കൽ കാലഘട്ടം. വൈവിദ്ധ്യമാർന്ന പ്രമേയങ്ങളിലൂടെ, കൃത്യതയാർന്ന രൂപഘടനയിലൂടെ, വാദ്യോപകരണങ്ങളുടെ ഔചിത്യപൂർണ്ണമായ സമന്വയത്തിലൂടെ സംഗീതം അതിന്റെ ക്ലാസ്സിക് സ്വഭാവത്തിലേക്ക് സ്വയം വളരുകയായിരുന്നു. സിംഫണി



യിലൂടെയും തന്ത്രിവാദ്യങ്ങളിലൂടെയും പിയാനോയിലൂടെയും സംഗീതത്തിന്റെ മാന്ത്രിക തലം അനുഭവവേദ്യമാക്കിയ W. A. Mozart, Ludwig van Beethoven, Joseph Haydn തുടങ്ങിയ സംഗീത ചക്രവർത്തിമാരുടെ സാ ന്നിദ്ധ്യം ക്ലാസ്സിക്കൽ കാലത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.

### കാൽപ്പനിക കാലം (ce 1820 - 1900)

പാശ്ചാത്യ സംഗീതത്തിന്റെ ആധുനിക ഘട്ടത്തിന്റെ വസന്തകാലമാണ് പത്തൊമ്പതാം നൂറ്റാണ്ട്. നാടൻ സംഗീത ശീലുകളും ദേശീയ ബോധമുണർത്തുന്ന പ്രമേയങ്ങളുമായി സംഗീതത്തെ കൂടുതൽ വൈകാരികവും വൈയക്തികവുമാക്കി അനുഭവിപ്പിക്കാനാണ് കാൽപ്പനിക ( Romanticism ) കാല സംഗീതജ്ഞർ ശ്രമിച്ചത്. ബീഥോവന്റെ അവസാന കാല കൃതികളും Franz Schubert, Johannes Brahms, Frédéric François Chopin, P I Tchaikovsky തുടങ്ങിയവരുടെ രചനകളും ഈ കാലഘട്ടത്തിന്റെ മികച്ച സംഭാവനകളാണ്.

പാരമ്പര്യേതരവും വൈരുദ്ധ്യം നിറഞ്ഞതുമായ സംഗീത ശൈലികളുടെ വിപുല ശേഖരം ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയാണ്. നിയതമായ സ്വര - രൂപ ഘടനകളുടെ അതിരുകൾ മറികടന്ന് വലിയ പരീക്ഷണങ്ങൾക്ക് ഈ നൂറ്റാണ്ടിലെ സംഗീതം സാക്ഷ്യം വഹിച്ചു.

Impressionism (Claude Debussy), Atonality (Arnold Schoenberg), Minimalism (Philip Glass) മുതലായ വിവിധ സംഗീത ശാഖകൾ വികസിച്ചു വന്നു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ ആവിർഭാവം പാശ്ചാത്യ സംഗീതത്തിന് വൻ ഭാവമാറ്റം സമ്മാനിച്ചു. John Cage, Karlheinz Stockhausen, Steve Reich തുടങ്ങിയവർ ആധുനിക പാശ്ചാത്യ സംഗീത ലോകത്തെ തുടർ പരീക്ഷണങ്ങളിലൂടെ കൂടുതൽ വൈവി ദ്ധ്യത്തിലേക്ക് കൊണ്ടു പോയി.



സാമൂഹ്യവും സാംസ്കാരികവും സാങ്കേതികവുമായ മാറ്റങ്ങൾക്കനുസരിച്ച് കാലികമായി സ്വയം പുതുക്കിക്കൊണ്ട് തന്നെയാണ് പാശ്ചാത്യ സംഗീതം വളർന്നു വന്നത് എന്ന് നിസ്സംശയം പറയാം. ആധുനിക - ഉത്തരാധുനിക കാലത്തും സംഗീതം വിവിധ ശാഖകളായും ശൈലികളായും സാമൂഹിക അവസ്ഥകൾക്കനുസൃതമായി മാനവികതയുടെ ശബ്ദമായും ഹൃദയങ്ങളിൽ തരംഗിതമാവുന്നു. സർഗാത്മകതയുടെ ലോകത്ത് വർണ്ണങ്ങൾ വിടർത്തുന്നു.

• • •




കെ എസ് എഫ് ഇ
ഗോൾഡ് ലോൺ

ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...

കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA



# പീറ്റർ ഇലിയച്ച് ചൈക്കോവ്സ്കി

– അർപ്പണ ( ഫിൽക്ക ഫിലിം സൊസൈറ്റി )

പത്തൊൻപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രശസ്തരായ സംഗീതജ്ഞരിൽ ഒരാളാണ് പീറ്റർ ഇലിയച്ച് ചൈക്കോവ്സ്കി. വൈകാരികവും ശ്രുതിമധുരവുമാണ് അദ്ദേഹത്തിന്റെ സംഗീതശിൽപ്പങ്ങൾ.

റഷ്യയിലെ വോട്കിൻസ്കിൽ 1840 മെയ് 7 ന് ജനിച്ച ചൈക്കോവ്സ്കി സാംസ്കാരിക പ്രവർത്തന പശ്ചാത്തലമുള്ള കുടുംബത്തിലെ അംഗമായതിനാൽ ബാല്യം മുതൽക്കേ സംഗീതത്തിൽ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു. സംഗീതം അഭ്യസിക്കുന്നതിൽ മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ചു. 1865 -ൽ സെന്റ് പീറ്റേഴ്സ്ബർഗ് കൺസർവേറ്ററിയിൽ നിന്ന് പ്രാഥമിക പഠനം പൂർത്തിയാക്കി.

പിന്നീട് സംഗീത അദ്ധ്യാപകനായും റഷ്യയിലെ നീതിന്യായ മന്ത്രാലയത്തിലെ സിവിൽ സർവന്റായും ജോലി ചെയ്തു. ക്രമേണ ഒരു സംഗീതജ്ഞൻ എന്ന നിലയിൽ അദ്ദേഹം പ്രാഗല്ഭ്യം നേടി. അദ്ദേഹത്തിന്റെ ആദ്യകാല സംഗീത സൃഷ്ടികളിൽ സിംഫണികൾ, ചേംബർ, ഓപ്പറ എന്നിവ ഉൾപ്പെടുന്നു

1860-കളിലാണ് അദ്ദേഹം അന്താരാഷ്ട്ര തലത്തിൽ അംഗീകാരം നേടുന്നത്. ആദ്യ സിംഫണി, 1 ജി മൈനർ- ഓപ്പറ 13- വിന്റർ ഡേ ഡ്രീംസ്, പൂർത്തിയായതോടെ വിഖ്യാതനായി.

തനിക്ക് സാമ്പത്തിക സഹായം നൽകിയ നഡെഷ്ദ വോൺ മെക്ക് എന്ന സമ്പന്നയായ ഗുണഭോക്താവിന്റെ രക്ഷാകർതൃത്വം അദ്ദേഹം ആസ്വദിച്ചു. ചൈക്കോവ്സ്കി യുടെ ജീവിതത്തെയും സൃഷ്ടികളെയും കുറിച്ചുള്ള ഉൾക്കാഴ്ച ലഭിക്കാൻ അവർ തമ്മിലുള്ള കത്തിടപാടുകൾ പ്രസിദ്ധമാണ്.

ചൈക്കോവ്സ്കിയുടെ ശ്രദ്ധേയ രചനകൾ വൈവിധ്യമാർന്ന സംഗീത രൂപങ്ങളെ

ഉൾക്കൊള്ളുന്നവയാണ്. അദ്ദേഹത്തിന്റെ സംഗീത ശില്പങ്ങളിൽ ഏറ്റവും പ്രശസ്തം "സ്വാൻ ലേക്ക് ", "ദി നട്ട്ക്രാക്കർ", "സ്ലീപ്പിംഗ് ബ്യൂട്ടി" തുടങ്ങിയ ബാലെറ്റുകളാണ്. കൂടാതെ സിംഫണി നമ്പർ 4, 5, 6 എന്നിവയും ഉൾപ്പെടുന്നു. "എവ്ഗിൻ ഓനീജിൻ ", " ദി ക്വീൻ ഓഫ് സ്പെയ്ഡ്സ് ", "ദി ഓപ്രിചിനിക്" തുടങ്ങിയ ഓപ്പറാകളും ഏറെ പ്രസിദ്ധമാണ്. പിയാനോയിൽ നമ്പർ 1- ബി ഫ്ലാറ്റ് മൈനർ, വയലിനിൽ ഡി - മേജർ എന്നീ മേളകളും ശ്രദ്ധേയം.

ചൈക്കോവ്സ്കിയുടെ സംഗീതശില്പങ്ങൾ വൈകാരികമായി ആഴത്തിലുള്ളതും ശ്രോതാക്കളിൽ ശക്തമായ വികാരങ്ങൾ ഉളവാക്കുന്നതുമാണ്. സംഗീത ഉപകരണ വായനയിൽ പ്രഗത്ഭനുമായിരുന്നു. സംഗീതത്തിലൂടെ മാനുഷിക വികാരങ്ങളുടെ ആഴം അറിയിക്കാനുള്ള ശ്രദ്ധേയമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

പാശ്ചാത്യ യൂറോപ്യൻ കോമ്പോസിഷണൽ ടെക്നിക്കുകൾ സ്വീകരിക്കുമ്പോൾ, ചൈക്കോവ്സ്കി റഷ്യൻ ദേശീയതയുടെ ഘടകങ്ങളും തന്റെ സംഗീതത്തിൽ ഉൾപ്പെടുത്തിയിരുന്നു. റഷ്യൻ നാടോടി ഈണങ്ങളും നൃത്തശീലുകളും നാടൻ കഥകളും അദ്ദേഹത്തിന് പ്രചോദനമേകി.

ചൈക്കോവ്സ്കിയുടെ സംഗീതം പലപ്പോഴും കഥകൾ പറയുന്ന അല്ലെങ്കിൽ വിവരണങ്ങൾ നൽകുന്ന സ്വഭാവമുള്ളവയാണ്. താൻ സംഗീതം പകർന്ന ബാലെറ്റുകളിലെയും ഓപ്പറകളിലെയും സിംഫണികളിലെയും കഥാപാത്രങ്ങൾക്കും ഇതിവൃത്തങ്ങൾക്കും വികാരങ്ങൾ പകരാനുള്ള കലാപ്രതിഭ അദ്ദേഹത്തിനുണ്ടായിരുന്നു.

ചൈക്കോവ്സ്കി തന്റെ രചനകളിൽ ഔപചാരിക ഘടനകളും വൈകാരിക പ്രകടനങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർത്തിയിട്ടുള്ളതായി കാണാം. അദ്ദേഹത്തിന്റെ സംഗീതം ക്ലാസിക്കൽ രൂപങ്ങളോട് ചേർന്നുനിൽക്കുന്നു. അതേ സമയം അത് വൈകാരിക സ്വഭാവം ഉൾക്കൊള്ളുകയും ചെയ്യുന്നു.

അദ്ദേഹം ഏകാന്തജീവിതം ഇഷ്ടപ്പെട്ട ഒരു വ്യക്തിയായിരുന്നു. എന്നാൽ വ്യക്തിജീവിതത്തെയും ലൈംഗികതയെയും കുറിച്ചൊക്കെ പലവിധ കഥകളാണുള്ളത്. 1877-ൽ അന്റോണിയ മിലുകോവയെ വിവാഹം കഴിച്ചുവെങ്കിലും ആ ദാമ്പത്യജീവിതം വളരെ ഹ്രസ്വമായിരുന്നു. ദമ്പതികൾ വിവാഹ



ഫിലിം വിഷൻ

www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

മോചനം നേടുകയും ചെയ്തു. സെന്റ് പീറ്റേഴ്സ്ബർഗിൽ വെച്ച്, അമ്പത്തിമൂന്നാം വയസ്സിൽ, 1893 നവംബർ 6 ന് ഈ വിശ്വസംഗീത പ്രതിഭ ലോകത്തോട് യാത്ര പറഞ്ഞു. മരണകാരണം അജ്ഞാതം. ചൈക്കോവ്സ്കിയുടെ സംഗീതത്തിന് സാംസ്കാരിക അതിരുകൾക്കപ്പുറമുള്ള ഒരു സാർവത്രിക ഗുണമുണ്ട്. അദ്ദേഹത്തിന്റെ മെലഡികൾ എളുപ്പത്തിൽ ആസ്വദിക്കാവുന്നവയും വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളുടെ മനസ്സുമായി പ്രതിധ്വനിക്കുന്നവയുമാണ്. ചൈക്കോവ്സ്കിയുടെ രചനകളിലെ സ്ഥാ യിയായ സൗന്ദര്യം, വൈകാരിക അനു രണനം, സ്വരമാധുര്യം എന്നിവ എക്കാലവും മനോരമ്യമാണ്. അദ്ദേഹത്തിന്റെ സംഗീതസൃഷ്ടികൾ ശാസ്ത്രീയ സംഗീതത്തിന്റെ ലോകത്ത് ശാശ്വത സ്വാധീനമായി നില നിൽക്കുന്നു.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA



# ലുദ് വിഗ് വാൻ ബീഥോവൻ

- ബീന മാത്യു ( ഫിൽക്ക ഫിലിം സൊസൈറ്റി )

പാശ്ചാത്യ ശാസ്ത്രീയ സംഗീത ചരിത്രത്തിലെ ഏറ്റവും ആരാധ്യരായ സംഗീതജ്ഞരിൽ ഒരാളായ ലുദ് വിഗ് വാൻ ബീഥോവൻ ഒരു ജർമ്മൻ സംഗീതജ്ഞനും പിയാനോ വിദഗ്ധനും ആയിരുന്നു.

പാശ്ചാത്യ സംഗീതത്തിലെ ശാസ്ത്രീയ കാലഘട്ടം മുതൽ കാൽപനിക ഭാവാത്മക ഘട്ടം വരെയുള്ള ഓപ്പറയുടെ രൂപാന്തര ചരിത്രത്തിൽ ബീഥോവന്റെ സംഭാവനകൾ വളരെ ഉയർന്ന നിലവാരം പുലർത്തുന്നതാണ്.

1770 -ൽ ഹോളി റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായ ജർമ്മനിയിലെ ബോണിലാണ് ബീഥോവൻ ജനിച്ചത്. മരണം അമ്പത്തിയേഴാം വയസ്സിൽ 1827 -ൽ ആസ്ട്രിയായിലെ വിയന്നയിൽ. സംസ്കാരം സെൻട്രൽ സെമിറ്ററി ആസ്ട്രിയയിൽ. കുടുംബത്തിൽ അംഗമായി ഒരു സഹോദരൻ മാത്രം - കാസ്പർ ആന്റൺ കാൾ വാൻ ബീഥോവൻ. പിതാവ് ജോൺ വാൻ ബീഥോവൻ സംഗീതജ്ഞനായിരുന്നു. കുഞ്ഞു ബീഥോവൻ ബാല്യം മുതലേ സംഗീതാഭിരുചി കാണിച്ചിരുന്നു. പിതാവും ഏതാനും ടീച്ചർമാരും ബാലപാഠങ്ങൾ നൽകി. ചെറുപ്രായ ത്തിലേ സ്കൂൾ പഠനം നിർത്തേണ്ടി വന്നു. ഗണനവും ഹരിക്കലും അറിയാത്തത് പിന്നീട് തൊഴിലിൽ നിന്നുള്ള വരുമാനത്തെ ബാധിച്ചിട്ടുണ്ട്. പെട്ടെന്നാണ് പിയാനോയിലും സംഗീതത്തിലും ബീഥോവൻ പേര് കേട്ടത്.

ഇരുപത്തി രണ്ടാം വയസ്സിൽ സംഗീതത്തിൻറെ തലസ്ഥാന മെന്നറിയപ്പെടുന്ന വിയന്നയിലേക്ക് മാറി. ബീഥോവൻ വിയന്നയിൽ ആയിരിക്കുമ്പോൾ പ്രഭുക്കളുടെ തൽക്കാല സംഗീതസൃഷ്ടി മത്സരങ്ങളിൽ പങ്കെടുത്തു. സംവാദത്തിനായി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA



പങ്കെടുക്കുന്ന പ്രഭുക്കൾ ഈ പിയാനോ സംഗീതജ്ഞനെ അനുകൂലിക്കുകയും പിൻതുണയ്ക്കുകയും ചെയ്തിരുന്നു. അങ്ങനെ ബീഥോവൻ സംഗീതസൃഷ്ടിയിലെ സ്വരമധുരിമയിൽ വിഖ്യാതനായി.

1787ൽ മോസാർട്ടിനെ കണ്ടുമുട്ടിയത് ഒരു വഴിത്തിരിവായി. അതോടെ സംഗീതസൃഷ്ടികൾ മെച്ചപ്പെടുത്താൻ സാധിച്ചു. അവന്റെ കഴിവിൽ മതിപ്പ് തോന്നിയ അമേഡ്യൂസ് മോസാർട്ട് മാസ്റ്റർ തന്റെ കൂട്ടുകാരെ ബീഥോവനെ ശ്രദ്ധിക്കാൻ ക്ഷണിച്ചു. ബീഥോവൻ ലോകത്തിൽ അറിയപ്പെടും എന്ന് മോസാർട്ട് അഭിപ്രായപ്പെട്ടു.

ജോൺ സെബാസ്റ്റിയൻ ബാക്ക്, ജോസഫ് ഹൈഡൻ, ജോർജ് ഫ്രെഡ്രിക്ക് ഹാൻഡെൽ, ഫ്രെഡ്രിക്ക് ഷില്ലർ തുടങ്ങിയവരുടെ സംഗീതരീതികളും ബീഥോവനെ സ്വാധീനിച്ചിട്ടുണ്ട്. ഏറെ ഇഷ്ടപ്പെട്ടിരുന്ന ശാസ്ത്രീയ സംഗീതത്തിൽ നിന്നും അതോടൊപ്പം ആലങ്കാരികത നിറഞ്ഞ ബാരോക്ക് സംഗീതത്തിൽ നിന്നും കാൽപ്പനിക ഭാവുകത്വ സംഗീതത്തിലേക്ക് ശക്തമായ ഒരു പാലമായി മാറി കാൽപ്പനിക സംഗീതലോകത്ത് ഒട്ടേറെ സൃഷ്ടികൾക്ക് രൂപം നൽകി. ബീഥോവന്റെ സിംഫണി - 5 വളരെ ശ്രദ്ധേയമാണ്. അതിന്റെ ആവിഷ്കാരത്തിൽ വിഖ്യാതമായിത്തീർന്ന 4 ധ്വനികൾ കാണാം. അതിനും ശാസ്ത്രീയ സംഗീതത്തിന്റെ നിധിയിലെ വളരെ അമൂല്യമായ സൃഷ്ടിയാണ്.

ഇരുപത്തിയെട്ടാമത്തെ വയസ്സിലാണ് അദ്ദേഹത്തിന് ശ്രവണ വൈകല്യം തുടങ്ങുന്നത്. എന്നിട്ടും , 9 സിംഫണികൾ ,35 പിയാനോ സൊനാട്ടോകൾ, 16 കമ്പിവാദ്യങ്ങൾ എന്നിവ അടക്കം 722 സംഗീത സൃഷ്ടികൾ ചിട്ടപ്പെടുത്തി.

ബീഥോവൻ സദാ സൃഷ്ടിയുടെ അകത്തളത്തിലായിരുന്നു. സാധാരണ തൊഴിലിൽ കണ്ടുവരാറുള്ള അനുരഞ്ജനങ്ങളിൽ നിന്ന് വിട്ടുനിന്നതിനാൽ സംഗീതഘടന, സ്വരരൂപം, ലയം തുടങ്ങിയവ സ്വതന്ത്രവും നൂതനവുമായി തീർന്നു. സ്വന്തം രീതികൾ തന്നെയായിരുന്നു കടലാസ്സിലേക്ക് പകർന്നത്. ബീഥോവൻ പൂർണ്ണമായും ഒരു സംഗീതാക്ഷരിയായിരുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

വൃന്ദവാദ്യാലങ്കാര ശാസ്ത്രത്തിൽ മുഴുകി. സങ്കീർണമായ സ്വരചേർച്ചയേക്കാൾ ഹ്ര സ്വമായ ശ്രുതിലയധാരകൾ രചിച്ചു.

വൈകാരികതയുടെ ആഴം, ബൃഹത്തായ വാദ്യധാര, ദൈർഘ്യം തുടങ്ങിയവയുടെ പ്രത്യേകത പുതിയ കാൽപ്പനിക കാല ത്തിന് തുടക്കം കുറിച്ച മുഖമുദ്രകളായിരുന്നു.

ബീഥോവന്റെ സൃഷ്ടിപാടവം ഏറെയും ശാസ്ത്രീയ സംഗീതത്തിൽ വേരൂന്നിയതാ യിരുന്നുവെങ്കിലും പ്രവചനാതീതമായി തെളിമയിലും ശൈലിയിലും സൗന്ദര്യമുള്ള വൈകാരിക കലാരൂപമായി വിടർന്നുവന്നു.

നമ്മെ വളരെ പ്രചോദിപ്പിക്കുന്ന വസ്തുത, ഒരിക്കലും തന്റെ അഭിരുചിയില്ലുള്ള
അഭി നിവേശത്തിൽ നിന്ന് വിട്ടുമാറാൻ ബീഥോവൻ തയ്യാറായിരുന്നില്ല എന്നതാ ണ്. ഏറ്റവും മഹനീയമായ സൃഷ്ടികൾ ബിഥോവന്റെ ക്ളേശകരമായ കാലഘട്ട ങ്ങളിലായിരുന്ന സംഭവിച്ചത്. ലോകം അദ്ദേഹത്തെ ത്യജിച്ച കാലത്താണ് ആ സൃഷ്ടികൾ പിറന്നത്.



ചില കാര്യങ്ങൾ നമ്മെ വിഭ്രമത്തി ലാക്കിയേക്കും.

ബിഥോവന്റെ ജനനത്തെ കുറിച്ച് കൃത്യത യില്ല. ബാല്യം കഷ്ടതയേറിയതായിരുന്നു. പിതാവാണ് വളർത്തിയത്. സ്പാനിയാർഡ് എന്ന കളിപ്പേര് ഉണ്ടായിരുന്നു. സാമ്പ ത്തിക ഭദ്രത ഇല്ലായിരുന്നു. എപ്പോഴും നവീകരിക്കാനുള്ള പ്രഭാവമുണ്ടായിരുന്നു.

സംഗീതശിൽപ്പങ്ങളുടെ തുടക്കക്കാരനാണ് അദ്ദേഹം. സിംഫണി , സോണറ്റ, കച്ചേരി, വാദ്യഘോഷം എന്നിവയുടെ സാമ്പ്രദായിക രീതികൾ ഭേദിച്ച്, അവയുടെ സാധ്യതകളുടെ അതിരുകൾ വിസ്തൃതമാക്കി.

ബീഥോവൻ വിവാഹിതനായിരുന്നില്ല. എങ്കിലും മിക്കപ്പോഴും സ്ത്രീകളുമായി സ്നേഹത്തിലായിരുന്നു. ഏതാനും അതിമ നോഹരമായ സൃഷ്ടികൾ ഈ സമയ ങ്ങളിൽ രചിച്ചതാണ്. "മൂൺലൈറ്റ് സോണ റ്റ" ഗിലിട്ട ഗൈച്ച്യാർഡിക്ക് വേണ്ടിയും, "പിയാനൊ സൊനാറ്റ നമ്പർ 24" തെരസേ വോൺ ബ്രുൺസ്വിക്ക് വേണ്ടിയും രചി ച്ചതാണ്. വളരെ പ്രസിദ്ധമായ "ലെറ്റർ ടു ഏലിസ് " പ്രണയതീവ്രമാണ്. ഏലിസ് , വാസ്തവത്തിൽ തെരേസെ മൽഫറ്റി ആയിരുന്നു. ലുദ്‌വിഗ് നോഹൽ ആ രച നയുടെ തലക്കെട്ടിലെ രഹസ്യം കണ്ടെ ത്തിയത്. ഒടുവിൽ"സേ " എന്നത് എലി സേ ആണെന്ന നിഗമനത്തിൽ എത്തി ച്ചേർന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ബീഥോവന്റെ പരിചയത്തിൽ "സേ " എന്ന പേരിൽ ആരുമില്ല. അത് രണ്ടു വർഷം ഒപ്പമുണ്ടാ യിരുന്ന തേരേസേ മൾഫറ്റി തന്നെയാകാമെന്ന് ധാരണയിലെത്തി. തെരേസേ അദ്ദേഹത്തിന്റെ വിവാഹാ ഭ്യർഥന സ്വീകരിച്ചിരുന്നില്ല. അവൾക്കായി സമർപ്പിച്ചതാകണം ആ രചനയെന്ന് അനുമാനിക്കുന്നു.

ബാല്യത്തിലെ രോഗം മൂലം കേൾവി ശക്തി ക്ഷയിച്ചു തുടങ്ങിയിരുന്നു. നാൽപത്തി യഞ്ചാം വയസ്സോടെ പരിപൂർണമായി ശ്രവ ണം ഇല്ലാതായി. വാദ്യമേളങ്ങൾ നടത്താൻ ബുദ്ധിമുട്ടായെങ്കിലും മരണം വരെ സൃഷ്ടി യിൽ വ്യാപൃതനായിരുന്നു.

രണ്ടാം ലോകമഹായുദ്ധ കാലത്ത് ബിബി സി ബീഥോവന്റെ സിംഫണി 5 ലെ മൂന്നു ഹ്രസ്വതരംഗവും ഒരു ദീർഘതരംഗവും ചേർന്ന "പോം പോം പോം" തിരഞ്ഞെ ടുത്തിരുന്നു. മോഴ്സ് കോഡിൽ അത് വിജയത്തിന്റെ സൂചിതം ഇംഗ്ലീഷ് അക്ഷരം വി ആയിരുന്നു.

വിയന്ന ബീഥോവന് വീടായിരുന്നു. ജോസ ഫ് ഹൈഡൻ എന്നിങ്ങനെ പല പ്രഗൽ ഭരിൽ നിന്ന് രചനാപാടവം പഠിക്കുന്ന തിനായി സാധിച്ചു. ആ പട്ടണത്തിന്റെ സം ഗീതത്തിൽ ബീഥോവൻ മുഴുകി.

1800-1817 കാലയളവ് വളരെ നാടകീയമായി ബീഥോവനിൽ സംഭവിച്ചു കൊണ്ടിരുന്ന പ്രധാന സംഗതി മാഞ്ഞു കൊണ്ടിരിക്കുന്ന ശ്രവണശേഷി പ്രശ്നം ആയിരുന്നു. ഒടുവിൽ പരിപൂർണമായി ശ്രവണശേഷി നഷ്ടപ്പെട്ടു. എന്നാൽ അതിനെ മറികടന്നു കൊണ്ട് സൃഷ്ടിയും അവതരണവും നടന്നു കൊണ്ടിരുന്നു. ശ്രവണ സഹായി ഉപയോഗിച്ചാണ് സംഗീതം ആസ്വദിച്ചു പോന്നത്.

ബീഥോവൻറെ സംഗീത സപര്യയെ മൂന്നാ യി തിരിക്കാം. പ്രഥമഘട്ടം, മധ്യമഘ ട്ടം,അന്ത്യഘട്ടം. ആദ്യകാലത്ത് തികച്ചും ശാസ്ത്രീയ സംഗീതമായിരുന്നു. മധ്യമകാല ത്തിൽ പരീക്ഷണവും വൈകാരികതയും ഉൾപ്പെട്ടിരുന്നു. ഇതിൽ വളരെ വിഖ്യാ തമായ ഏതാനും സൃഷ്ടികൾ , സിംഫണി നമ്പർ 3 "ഇറോഷ്യ ", മറ്റു സിംഫണികൾ "ദി ഓഡ് ടു ജോയ് ", "മൂൺലൈറ്റ് സോണറ്റ്" എന്നിവയും " എമ്പറർ " എന്ന സംഗീതമേളയുമുണ്ട്.

ബീഥോവൻ സംഗീതത്തിൽ വരുത്തിയ ഭാവാവിഷ്കാരത്തിന്റെ നൂതന ഘടന ശാസ്ത്രീയ സംഗീതത്തിന്റെ അതിരുകളെ വിസ്തൃതമാക്കിക്കൊണ്ട് കാൽപനിക ഘട്ട ത്തിന് വഴിതുറന്നു.

ബീഥോവന്റെ അസ്ഥിരവും പ്രവചനാതീ തവുമായ പ്രകൃതം കൂട്ടുകാരിലും കുടുംബത്തിലും സഹായികൾക്കിടയിലും അ സ്വസ്ഥത ഉളവാക്കിയിരുന്നു. വിവാഹി തനായില്ലെങ്കിലും പല സ്ത്രീകളുമായും

സൗഹൃദത്തിലായിരുന്നു. ഒരു "കാവ്യദേവത" അദ്ദേഹത്തിന്റെ കൂടെയുണ്ടെന്ന് പൊതുവെ കരുതപ്പെട്ടിരുന്നു . ബീഥോവൻ അവസാന നാളുകൾ അഗാധമായ അന്തർധാരയിൽ, രചനകളിൽ പൂർണ്ണമായും മുഴുകി.

അവതരണത്തിലും സംഗീത ചാതുരിയിലും ലോകമെമ്പാടും ബീഥോവന്റെ സംഗീതപരമ്പര ആകർഷണീയമായി നിലനില്ക്കുന്നു. ആ സൃഷ്ടികൾ പാശ്ചാത്യ ശാസ്ത്രീയ സംഗീതത്തിൽ സാർവത്രികവും സാർവകാലീനവുമായ ഏറ്റവും ശ്രേഷ്ഠ സൃഷ്ടികളായി ധ്വനിക്കുന്നു. ബീഥോവൻ നൽകിയ ആ പ്രചോദനം പല തലമുറകളിലെയും സംഗീത സംവിധാകയകരെ എക്കാലവും സ്വാധീനിച്ചിട്ടുണ്ട്. ജീവിതത്തിലെ പ്രതികൂലതയും ശാരീരിക വെല്ലുവിളിയും അതിജീവിച്ച് വിജയത്തിലേക്ക് ഉയരാനാകും എന്നതിന് ബീഥോവൻ മഹത്തായ ഉദാഹരണമാണ്.

• • •



ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA



# വോൾഫ് ഗാങ് അമേഡ്യൂസ് മൊസാർട്ട്

- വിനോദ്കുമാർ. പി ( ഫിൽക്ക ഫിലിം സൊസൈറ്റി )

1756 ജനുവരി 27 ന് ഓസ്ട്രിയയിലെ സാൽസ്ബർഗിൽ ജനിച്ച വുൾഫ്ഗാങ് അമേഡ്യൂസ് മൊസാർട്ട്, ക്ലാസിക്കൽ കാലഘട്ടത്തിലെ ഏറ്റവും സ്വാധീനം ചെലുത്തിയ സംഗീതസംവിധായകരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ ജീവിതവും സംഗീതവും ശാസ്ത്രീയ സംഗീത ലോകത്ത് മായാത്ത ചരിത്രമുദ്ര പതിപ്പിച്ചിട്ടുണ്ട്.

സംഗീതജ്ഞനായ ലിയോപോൾഡ് മൊസാർട്ടിന്റെയും അന്ന മരിയ മൊസാർട്ടിന്റെയും മകനായി മൊസാർട്ട് ജനിച്ചു. അവൻ ഏഴ് മക്കളിൽ ഇളയവനായിരുന്നു, പക്ഷേ അവനും അവന്റെ മൂത്ത സഹോദരി മരിയ അന്നയും (നാനെറൽ) മാത്രമാണ് ശൈശവമൃത്യുവിനെ അതിജീവിച്ചത്.

അദ്ദേഹത്തിന്റെ അതിശയകരമായ സംഗീത സിദ്ധികൾ വളരെ ചെറുപ്പത്തിൽ തന്നെ പ്രകടമായി. അഞ്ചാം വയസ്സിൽ തന്നെ അദ്ദേഹം സംഗീതം രചിക്കാൻ തുടങ്ങി.

മൊസാർട്ടും അദ്ദേഹത്തിന്റെ സഹോദരി നാനെറലും ബാലപ്രതിഭകളായി യൂറോപ്പിൽ പിതാവുമൊത്ത് വിപുലമായ പര്യടനം നടത്തി. വിവിധ രാജധാനികളിൽ സംഗീതമേള നടത്തുകയും അവരുടെ സംഗീത കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്തു. എട്ടാമത്തെ വയസ്സിൽ അദ്ദേഹം തന്റെ ആദ്യ സിംഫണിയും പന്ത്രണ്ടാം വയസ്സിൽ തന്റെ ആദ്യത്തെ ഓപ്പറയും രചിച്ചു.

പ്രായപൂർത്തിയായപ്പോൾ, മൊസാർട്ട് അ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

ക്കാലത്തെ സംഗീതകേന്ദ്രമായ വിയന്നയിലേക്ക് മാറി. അവിടെ അദ്ദേഹം സംഗീതം രചിക്കുകയും അവതരിപ്പിക്കുകയും ചെയ്തു.

അദ്ദേഹം ഒരു സ്വതന്ത്ര സംഗീതജ്ഞനായി മാറിയപ്പോൾ മുതൽക്കാണ് ശ്രദ്ധേയമായ ഓപ്പറകളും സിംഫണികളും ചേംബർ മ്യൂസിക്കും രചിച്ചത് . മറ്റ് വിവിധ സംഗീത വിഭാഗങ്ങളിൽ പ്രവർത്തിക്കാനും തുടങ്ങി.

അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഓപ്പറകൾ "ദി മാരിയേജ് ഓഫ് ഫിഗാരോ", "ഡോൺ ജിയോവാനി", "കോസി ഫാൻ ട്യൂട്ടെ", "ദി മാജിക് ഫ്ലൂട്ട്" എന്നിവയാണ്.

അദ്ദേഹത്തിന്റെ ഓപ്പറകൾ ഭാവാർത്ഥ ഗരിമയുള്ള സംഗീതത്തിന്റെയും ആകർഷകമായ കഥപറച്ചിലിന്റെയും സംയോജിത രൂപത്തിന് പേരുകേട്ടതാണ്.

മൊസാർട്ടിന്റെ മറ്റ് രൂപങ്ങളായ സിംഫണികൾ, നാല് പേർ ചേർന്ന് വായിക്കുന്ന സ്ട്രിംഗ് ക്വാർട്ടറ്റുകൾ, പിയാനോ കച്ചേരി



കൾ എന്നിവ സംഗീതശിൽപ്പ സൗന്ദര്യത്തിനും പുതുമയ്ക്കും വിഖ്യാതമാണ്. മൊസാർട്ട് 1782-ൽ കോൺസ്റ്റാൻസി വെബറിനെ വിവാഹം കഴിച്ചു, അവർക്ക് ആറ് കുട്ടികളുണ്ടായിരുന്നു, എന്നാൽ ശൈശവമരണത്തെ അതിജീവിച്ചത് രണ്ട് പേർ മാത്രമാണ്.

തന്റെ ആർഭാട ജീവിതശൈലിയും പരിമിതമായ സാമ്പത്തിക പിന്തുണയും കാരണം ജീവിതത്തിലുടനീളം ബുദ്ധിമുട്ടുകൾ നേരിട്ടു.

മൊസാർട്ടിന്റെ പാരമ്പര്യം അദ്ദേഹത്തിന്റെ അസാധാരണമായ സംഗീത രചനകളിലൂടെ നിലനിൽക്കുന്നു. അത് ലോകമെമ്പാടും ആഘോഷിക്കപ്പെടുകയും അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ സംഗീതം ബാരോക്ക് - ക്ലാസിക്കൽ കാലഘട്ടത്തിലെ ചാരുത, ദയ, വികാരം എന്നിവയെ ആസ്പദമാക്കിയിട്ടുള്ളതാണെങ്കിലും പാശ്ചാത്യ ശാസ്ത്രീയ സംഗീതത്തിന്റെ വികാസത്തിൽ അഗാധവും ശാശ്വതവുമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

സംഗീതരീതി സവിശേഷവും ശാശ്വതവുമായ നിരവധി വ്യതിരിക്ത ഗുണങ്ങൾക്കും സവിശേഷതകൾക്കും പ്രസിദ്ധമാണ്. മെലഡികൾ അവയുടെ സ്വാഭാവിക സൗന്ദര്യത്തിനും ചാരുതയ്ക്കും വിഖ്യാതമാണ്.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

DIGITAL MAGAZINE
PUBLISHED BY FILCA

അവിസ്മരണീയവും സർഗാത്മക ആവിഷ്കാരവുമായ ഈണങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള അദ്ദേഹത്തിന്റെ സിദ്ധി സമാനതകളില്ലാത്തതാണ്. അദ്ദേഹത്തിന്റെ സംഗീതം പലപ്പോഴും ശ്രോതാവിനെ മറ്റൊരു മായാലോകത്തിൽ കൊണ്ടെത്തിക്കുന്നു.

മൊസാർട്ട് യോജിപ്പിന്റെയും മോഡുലേഷന്റെയും മാസ്റ്റർ ആയിരുന്നു. പുതിയതും സങ്കീർണ്ണവുമായ ഹാർമോണിക് സ്വരഗതികളിൽ അദ്ദേഹം പര്യവേക്ഷണം ചെയ്തു. രചനകളിൽ ആഴവും വൈകാരിക സമ്പന്നതയും സൃഷ്ടിച്ചു.

സംഗീതശിൽപ്പങ്ങൾ അതിന്റെ ചിട്ടയൊത്ത മാധുര്യത്തിനും സന്തുലിതാവസ്ഥയ്ക്കും പേരുകേട്ടതാണ്. സോണാറ്റ-അലെഗ്രോ, റോണ്ടോ, തീം-ആൻഡ്-വേരിയേഷനുകൾ തുടങ്ങിയ ക്ലാസിക്കൽ രൂപങ്ങളിൽ അദ്ദേഹം അഗ്രഗണ്യനായിരുന്നു. തന്റെ സൃഷ്ടികളിൽ അക്കാലത്തെ ഘടനാപരമായ സമ്പ്രദായങ്ങൾ അവലംബിക്കുമ്പോൾ തന്നെ സർഗ്ഗാത്മകതയും പുതുമയും പകർത്തി.

മൊസാർട്ടിന്റെ സംഗീതം ആഹ്ലാദ തിമിർപ്പ് മുതൽ അഗാധമായ ദുഃഖം വരെ വിശാലമായ വൈകാരിക വർണ്ണരാജി സൃഷ്ടിക്കുന്നു. തന്റെ രചനകളിൽ വികാരങ്ങളുടെയും മാനസികാവസ്ഥകളുടെയും ഒരു വലിയ നിര തന്നെ കൈമാറാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.



മൊസാർട്ട് ഒരു വിദഗ്ധനായ ഓർക്കസ്ട്രേറ്ററായിരുന്നു, അദ്ദേഹത്തിന്റെ ഓർക്കസ്ട്രൽ സംഗീതം വർണ്ണാഭമായതും ഭാവനാത്മകവുമായ ഉപകരണപ്രയോഗമാണ്. അദ്ദേഹം ഓർക്കസ്ട്രയുടെ സാധ്യതകൾ വിപുലീകരിച്ചു, പിന്നീടുള്ള സംഗീതസംവിധായകരിലൂടെ, ബാരോക്ക് - ക്ളാസിക്കൽ ശൈലിയിൽ നിന്നും കാൽപ്പനിക ശൈലിയുടെ കാലഘട്ടത്തിനു വഴിയൊരുക്കുകയും ചെയ്തു.

മൊസാർട്ടിന്റെ ഓപ്പറകൾ പലപ്പോഴും വിശ്വസംഗീതശേഖരത്തിലെ ഏറ്റവും മികച്ചവയായിട്ടാണ് കണക്കാക്കപ്പെടുന്നത്. അദ്ദേഹത്തിന് നാടകത്തെക്കുറിച്ച് തീക്ഷ്ണമായ ബോധവും കഥാപാത്രവികസനത്തിനുള്ള അപാരമായ കഴിവും ഉണ്ടായിരുന്നു. അത് തന്റെ സംഗീത വൈദഗ്ധ്യവുമായി തടസ്സങ്ങളില്ലാതെ സംയോജിപ്പിച്ച് ശ്രദ്ധേയവും വൈകാരികവുമായ ഓപ്പറ കൃതികൾ സൃഷ്ടിച്ചു.

സംഗീത അവസ്ഥകൾ പലപ്പോഴും സങ്കീർണ്ണമാകുമെങ്കിലും, അത് വ്യക്തതയും ലാളിത്യവും കൊണ്ട് സവിശേഷമാണ്. ഏറ്റവും സങ്കീർണ്ണമായ സംഗീതഗതിയായാൽ പോലും അത് വിപുലമായ പ്രേക്ഷകർക്ക് ആസ്വാദ്യകരമാക്കാനുള്ള കഴിവ് അദ്ദേഹത്തിന്റെ മുഖമുദ്രകളിലൊന്നാണ്. സംഗീത മേളകളുടെ സമ്പ്രദായ പരിധികൾ ഭേദിക്കാനും പുതിയ രൂപങ്ങളും ശൈ ലികളും പരീക്ഷിക്കാനും മൊസാർട്ട് ഭയ പ്പെട്ടില്ല.

താരതമ്യേന ഹ്രസ്വമായ ജീവിതകാലയളവിൽ സിംഫണികൾ, കച്ചേരികൾ, ചേംബർ മ്യൂസിക്, കോറൽ മ്യൂസിക്, ഓപ്പറകൾ എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 600-ലധികം കൃതികൾ അദ്ദേഹം രചിച്ചു.

1791 ഡിസംബർ 5-ന് മുപ്പത്തിയഞ്ചാം വയസ്സിൽ ഓസ്ട്രിയയിലെ വിയന്നയിൽ വച്ച് വൂൾഫ്ഗാംഗ് അമേഡ്യൂസ് മൊസാർട്ട് അന്തരിച്ചു. അദ്ദേഹത്തിന്റെ മരണത്തിന്റെ കൃത്യമായ കാരണം ഇന്നും ചർച്ചകൾക്കും ഊഹാപോഹങ്ങൾക്കും അപ്പുറമുള്ള വിഷയമായി തുടരുന്നു.

മൊസാർട്ടിന്റെ സംഗീതം അതിന്റെ കാലാതീതമായ ഗുണങ്ങളാൽ സാർവ്വത്രികമായി ആദരിക്കപ്പെടുന്നു.

മഹാനായ ആ പ്രതിഭയുടെ വിശ്വസംഗീതം നിത്യവിസ്മയമായി ആസ്വദിക്കപ്പെടുന്നു.



ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA



# ഫ്രഡറിക് ഫ്രൻസ്വാ ചോപിൻ

- ജ്യോതിഷ്കുമാർ. പി. എസ്. ( ഫിൽക്ക ഫിലിം സൊസൈറ്റി )

റൊമാന്റിക് കാലഘട്ടത്തിലെ പ്രശസ്ത പോളിഷ് സംഗീതസംവിധായകനും പിയാനിസ്റ്റുമായിരുന്ന ഫ്രെഡറിക് ഫ്രൻസ്വാ ചോപിൻ.

വൈകാരിക ആഴം, പ്രകടമായ സ്വഭാവം, സാങ്കേതിക നവീകരണം എന്നിവയ്ക്ക് പേരുകേട്ട അദ്ദേഹത്തിന്റെ വിശിഷ്ടമായ പിയാനോ കോമ്പോസിഷനുകളുടെ പേരിൽ അദ്ദേഹം ഇന്നും ആരാധിക്കപ്പെടുന്നു.

ഫ്രെഡറിക് ചോപിൻ 1810 മാർച്ച് 1 ന് പോളണ്ടിലെ വാർസോയ്ക്ക് സമീപമുള്ള സേലസോവാ വോള എന്ന ചെറിയ ഗ്രാമത്തിൽ ജനിച്ചു.

ചെറുപ്പം മുതലേ അസാമാന്യമായ സംഗീത സിദ്ധി പ്രകടിപ്പിക്കുകയും കുട്ടിക്കാലത്ത് പിയാനോയിൽ സംഗീതരചന നടത്തുകയും അവതരിപ്പിക്കുകയും ചെയ്തു.

ചോപിൻ വാഴ്സോ കൺസർവേറ്ററിയിൽ സംഗീതം പഠിച്ചു. പിന്നീട് ഓസ്ട്രിയയിലെ വിയന്നയിൽ വിദ്യാഭ്യാസം തുടർന്നു. വിയന്നയിൽ, അദ്ദേഹം ഒരു കലോപാസകനായ പിയാനിസ്റ്റും സംഗീതസംവിധായകനുമായി പെട്ടെന്ന് തന്നെ അംഗീകാരം നേടി. അദ്ദേഹത്തിന്റെ ആദ്യകാല കൃതികൾ, നാടോടിശീലുകളും പരമ്പരാഗത വീരഗാഥകളും ഉൾപ്പെടെ, പോളിഷ് പൈതൃകത്തെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു.

ചോപ്പിൻ അന്താരാഷ്ട്ര പ്രശസ്തിയിലേക്ക് ഉയർന്നത് പാരീസിൽ വെച്ചാണ്. 1831-ൽ, ചോപിൻ പോളണ്ട് വിട്ട് പാരീ സിൽ സ്ഥിരതാമസമാക്കി. ജീവിതത്തിന്റെ ഭൂരിഭാഗവും പാരീസ് നഗരം അദ്ദേഹത്തിന്റെ ഭവനമായി മാറിയെന്ന് പറയാം. ശാസ്ത്രീയ സംഗീതത്തിന്റെ ചരിത്രത്തിലെ കാൽപ്പനികതയുടെ കാലഘട്ടത്തിൽ പാരീസ് കലാപരവും ബൗദ്ധികവുമായ പ്രവർത്തനങ്ങ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ളുടെ ഒരു കേന്ദ്രമായിരുന്നു. അത് അദ്ദേഹത്തിന്റെ പ്രവർത്തനത്തെ വളരെയധികം സ്വാധീനിച്ചു. പാരീസിലെ സലൂണുകളിൽ അദ്ദേഹം പ്രിയങ്കരനായിത്തീർന്നു. കൂടാതെ നിരവധി വിജയകരമായ സംഗീത മേളകൾ നടത്തി. ഉജ്ജ്വലതയും ഗാഢസൗഹൃദവും വൈകാരികതയും നിറഞ്ഞ രചനകൾ നിരൂപകരുടെയും പൊതുജനങ്ങളുടെയും പ്രശംസ നേടി.

ചോപ്പിന്റെ സംഗീതം പ്രാഥമികമായി അതിന്റെ അസാധാരണമായ പിയാനോ കോമ്പോസിഷനുകൾക്ക് പേരുകേട്ടതാണ്. ആമുഖങ്ങൾ, എറ്റ്യൂഡുകൾ, ബാലേഡുകൾ, വാൾട്ട്സ്, നോക്ടേണുകൾ, പോളോണൈസുകൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ നിരവധി സംഗീതകൃതികൾ അദ്ദേഹം സൃഷ്ടിച്ചു.

അദ്ദേഹത്തിന്റെ പിയാനോ സംഗീതത്തിന്റെ കാതലായ മേന്മ ലിറിക്കൽ മെലഡികൾ, ലയം , ട്രില്ലുകളും റണ്ണുകളും പോലെയുള്ള സങ്കീർണ്ണമായ അലങ്കാരങ്ങളുടെ ഉപയോഗം എന്നിവയാണ്. അദ്ദേഹത്തിന്റെ സംഗീതം ആഴത്തിലുള്ള വൈകാരികാവസ്ഥകളും കാവ്യാത്മക പ്രതിബിംബങ്ങളും നൽകുന്നു.

ഫ്രഞ്ച് എഴുത്തുകാരിയായ ജോർജ്ജ് സാൻഡുമായി (അമാന്റൈൻ ഡ്യൂപിൻ) ചോപിൻ പ്രണയബന്ധം പുലർത്തിയിരുന്നു. ഒരു ദശാബ്ദത്തോളം നീണ്ടുനിന്ന അവരുടെ പ്രക്ഷുബ്ധമായ ബന്ധം അദ്ദേഹത്തിന്റെ



രചനകളിലും വ്യക്തിജീവിതത്തിലും കാര്യമായ സ്വാധീനം ചെലുത്തി. രണ്ട് മക്കളും ഭർത്താവുമുള്ള ജോർജ്ജ് സാൻഡിന് ചോപിനേക്കാൾ പ്രായവും ദാമ്പത്യ അസ്വസ്ഥതയുമുണ്ടായിരുന്നു. എങ്കിലും ചോപിനുമായുള്ള പ്രണയം മധുരതരമായിരുന്നു. അവൾ എപ്പോഴും ചോപ്പിന് പ്രചോദനവുമായിരുന്നു. പക്ഷേ പത്തുവർഷത്തിന് ശേഷം വേർപിരിയേ ണ്ടിവന്നു.

പ്രായപൂർത്തിയായ ശേഷമുള്ള ജീവിതത്തിലുടനീളം, ക്ഷയരോഗം മൂലമുണ്ടാകുന്ന മോശം ആരോഗ്യം ചോപിൻ അനുഭവിച്ചു. 1840-കളിൽ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു. സംഗീത കച്ചേരി നടത്താനും പുതിയ സൃഷ്ടികൾ രചിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് പരിമിതപ്പെട്ടു.

ഫ്രൈഡറിക് ചോപിൻ 1849 ഒക്ടോബർ 17-ന് 39-ആം വയസ്സിൽ പാരീസിൽ വച്ച്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

അന്തരിച്ചു. അദ്ദേഹത്തെ പെരെ ലച്ചൈസ് സെമിത്തേരിയിലാണ് അടക്കം ചെയ്തിട്ടുള്ളത്.

ചോപ്പിന്റെ സംഗീതം റൊമാന്റിക് കാലഘട്ടത്തിൽ സംഗീതലോകത്ത് അഗാധമായ സ്വാധീനം ചെലുത്തിയിരുന്നു. ഡെബസി, റാച്ച്മാനിനിനോഫ് എന്നിവരുൾപ്പെടെ പിൽക്കാല സംഗീതസംവിധായകരുടെ രചനകളിൽ അദ്ദേഹത്തിന്റെ സ്വാധീനം കേൾക്കാനാകും.

ചോപിന്റെ രചനകൾ പിയാനോ സംഗീത ശേഖരത്തിലെ പ്രധാന ഘടകമാണ്. അവയുടെ സാങ്കേതിക വെല്ലുവിളികൾ, വൈകാരിക ആഴം, അഗാധവും കലാപരവുമായ സിദ്ധിവിശേഷം എന്നിവയാൽ എക്കാലവും ആദരിക്കപ്പെടുന്നു.

പോളണ്ടിൽ ചോപിൻ ഒരു ദേശീയ നായകനായിട്ടാണ് ബഹുമാനിക്കപ്പെടുന്നത്. ഇതിന് കാരണം അദ്ദേഹത്തിന്റെ പോളിഷ് ദേശീയ സ്നേഹവും രാഷ്ട്രീയ നിശ്ചയങ്ങളുമാണ്.

ഫ്രെഡറിക് ചോപ്പിന്റെ സംഗീതത്തിന്റെ ഒരു സവിശേഷത, തനതായ സാംസ്കാരിക സ്വത്വവും ശ്രോതാക്കളുമായി സ്ഥാപിക്കുന്ന മാനവിക വൈകാരിക ബന്ധവുമാണ്.

വൈവിധ്യമാർന്ന മാനുഷിക വികാരങ്ങൾ പകർത്താനും പിയാനോയിലൂടെ പ്രകടിപ്പിക്കാനുമുള്ള കഴിവ് ചോപിനെ പാശ്ചാത്യ ശാസ്ത്രീയ സംഗീത ചരിത്രത്തിലെ ഏറ്റവും പ്രിയപ്പെട്ട സംഗീതസംവിധായകരിൽ ഒരാളാക്കി മാറ്റുന്നു. ഫ്രെഡറിക് ചോപ്പിന്റെ സംഗീതം അദ്ദേഹത്തിന്റെ സമകാലികരുടെ രചനകളിൽ നിന്ന് വേറിട്ടുനിൽക്കുന്ന ഒന്നാണ്. ശാശ്വതമായ സംഗീതപാരമ്പര്യത്തിന് അമൂല്യസംഭാവന നൽകുന്ന നിരവധി വ്യതിരിക്തമായ ഗുണങ്ങളും പ്രത്യേകതകളും ചോപിന്റെ സംഗീതബിംബങ്ങൾക്കുണ്ട്.

ചോപ്പിന്റെ സംഗീതത്തെ സവിശേഷമാക്കുന്ന ചില പ്രധാന സവിശേഷതകളിൽ ഒന്നാണ് വൈകാരിക ആഴം. അഗാധമായ ഭാവതരംഗങ്ങൾ, വിഷാദം, ആത്മപരിശോധന എന്നിവ മുതൽ അതിരുകടന്ന വികാരങ്ങൾ വരെ വൈവിധ്യമാർന്ന ധ്വനികൾ ആവിഷ്കരിക്കാനുള്ള ശ്രദ്ധേയമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രചനകൾ പലപ്പോഴും വ്യക്തിപരമായും വൈകാരികമായും ഉള്ള സന്ദർഭങ്ങളുടെ വർണ്ണന കൂടിയാണ്.

ആകർഷകവും ഗാനാത്മകവുമായ മെലഡികൾ തയ്യാറാക്കുന്നതിൽ ചോപിൻ ഒരു മാസ്റ്ററായിരുന്നു. അദ്ദേഹത്തിന്റെ ഈണങ്ങൾ പലപ്പോഴും അവയുടെ ചാരുതയും ഇന്ദ്രിയസൗന്ദര്യവും കൊണ്ട് ശ്രോതാവിനെ സംഗീതത്തിന്റെ വൈകാരിക പൊരുളിലേക്ക് ആകർഷിക്കുന്നു.

ചോപ്പിന്റെ ഹാർമോണിക് ഭാഷ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നൂതനമായിരുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

സങ്കീർണ്ണവും സമ്പന്നവുമായ ഹാർമോണിക് സ്വരഗതികളിൽ അദ്ദേഹം പര്യവേക്ഷണം ചെയ്തു. അതുല്യവും അവ്യക്തവുമായ ശബ്ദം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ ഹാർമണികളിൽ പലപ്പോഴും സൂക്ഷ്മമായ രാഗമേളനങ്ങൾ കാണാം . അത് അദ്ദേഹത്തിന്റെ രചനകൾക്ക് ആഴവും നിറവും നൽകുന്നു.

ചോപിൻ പൂർണ്ണമായും കലോപാസകനായ ഒരു പിയാനിസ്റ്റായിരുന്നു. അദ്ദേഹത്തിന്റെ സംഗീതരചനകൾ പിയാനിസ്റ്റിക് വൈഭവത്തിന് പേരുകേട്ടതാണ്. അദ്ദേഹം പിയാനോ ടെക്നിക്കിന്റെ അതിരുകൾ ഭേദിച്ചു. അവതാരകന്റെ സാങ്കേതിക കഴിവുകളെ വെല്ലുവിളിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന റൺ, ട്രില്ലുകൾ, അലങ്കാരങ്ങൾ എന്നിവയുൾപ്പെടെ നൂതനവും സങ്കീർണ്ണവുമായ ഭാഗങ്ങൾ അവതരിപ്പിച്ചു.

ചോപ്പിന്റെ പോളിഷ് ദേശീയ പാരമ്പര്യം അദ്ദേഹത്തിന്റെ സംഗീതത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. പോളിഷ് നാടോടി ഘടകങ്ങൾ, നൃത്തശീലുകൾ, നാടൻ പാട്ടുകൾ എന്നിവ അദ്ദേഹം തന്റെ രചനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഭാഗങ്ങൾ പോളണ്ടിന്റെ ദേശീയ സ്വത്വം പ്രഘോഷിക്കുകയും പോളണ്ടിന്റെ മഹിമ അന്തർദേശീയ പ്രേക്ഷകരിൽ പ്രതിധ്വനിപ്പിക്കുകയും ചെയ്യുന്നു.

ചോപ്പിന്റെ പല രചനകളും താരതമ്യേന ചെറുതാണ്. ഈ മിനിയേച്ചർ രൂപങ്ങൾ ശക്തമായ വികാരങ്ങളും കഥകളും ഒതുക്കമുള്ള രൂപങ്ങളെ പ്രകടമാക്കുന്നു.

ചലനാത്മകത, വേഗത, പദപ്രയോഗം എന്നിവയിൽ പ്രകടനം നടത്തുന്നവർക്ക് വിശദമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് തന്റെ സ്കോറുകളിൽ പ്രത്യേകമായ അടയാളങ്ങൾ ഉപയോഗിക്കുന്നതിൽ ചോപിൻ സൂക്ഷ്മത പാലിച്ചു. ഈ അടയാളപ്പെടുത്തലുകൾ സംഗീതത്തിന്റെ വൈകാരിക ഉള്ളടക്കം പ്രതിഫലിപ്പിക്കാൻ സഹായിക്കുന്നു.

ചോപ്പിന്റെ സംഗീതം പലപ്പോഴും ഉജ്ജ്വലതയും അന്തരീക്ഷ ദൃശ്യങ്ങളും സൃഷ്ടിക്കുന്നവയാണ്. വ്യത്യസ്ത മാനസികാവസ്ഥകളിലൂടെയും ക്രമീകരണങ്ങളിലൂടെയും ശ്രോതാവിനെ ഒരു സംഗീതയാത്രയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. വഴക്കമുള്ള ടെമ്പോയായ റുബാറ്റോയുടെ ഉപയോഗം അദ്ദേഹത്തിന്റെ രചനകളുടെ ആവിഷ്കാര നിലവാരം ഉയർത്തുന്നു.

ഡെബസ്സി, റാച്ച്മാനിനോഫ്, സ്ക്രാബിൻ എന്നിവരുൾപ്പെടെ തുടർന്നുള്ള തലമുറയിലെ സംഗീതസംവിധായകരിൽ ചോപ്പിന്റെ സംഗീതം അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നൂതനമായ ഹാർമോണിക് ഭാഷയും വൈകാരിക ആഴവും പിന്നീടുള്ള റൊമാന്റിക്, ഇംപ്രഷനിസ്റ്റിക് ശൈലികളുടെ വികാസത്തിന് വഴിയൊരുക്കി.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

ചോപ്പിന്റെ സംഗീതം കാലാതീതവും സാർവത്രികമായി പ്രിയങ്കരവുമാണ്. മനുഷ്യാത്മാവിനെ സ്പർശിക്കാനും സാമീപ്യവും ആഴവും പകരാനും ഉള്ള കഴിവ് കൊണ്ട് പ്രേക്ഷകരിലും അവതാരകരിലും ഒരുപോലെ അനുരണനം തുടരുന്നു.

ഫ്രെഡറിക് ചോപ്പിന്റെ സംഗീതം ഒരു സംഗീതസംവിധായകനും പിയാനിസ്റ്റും എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രതിഭയുടെ തിളക്കമാണ്. സാങ്കേതിക വൈഭവം, വൈകാരിക ആഴം, സൗഹൃദസൌന്ദര്യം എന്നിവയുടെ അതുല്യമായ സംയോജനം അതിനെ പാശ്ചാത്യ ശാസ്ത്രീയ സംഗീത ശേഖരത്തിന്റെ പ്രിയപ്പെട്ടതും നിലനിൽക്കുന്നതുമായ ഭാഗമാക്കി മാറ്റുന്നു.

• • •



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA



# വിശ്വസംഗീത ദൃശ്യകാവ്യങ്ങൾ

- സാബു ശങ്കർ ( ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി )

സംഗീതലോകത്തെ ആസ്പദമാക്കി നിരവധി സിനിമകൾ നിർമ്മിക്കപ്പെട്ടതിൽ ശ്രദ്ധേയമാണ് പാശ്ചാത്യ ശാസ്ത്രീയ സംഗീത ചരിത്രത്തിലെ മാസ്റ്റേഴ്സിനെ കുറിച്ചുള്ളവ. മൊസാർട്ട് , ബീഥോവൻ ,ചോപ്പിൻ , ചൈകോവ്സ്കി എന്നിവരെ ആസ്പദമാക്കിയുള്ള നാല് സിനിമകളാണ് ഈ ലേഖനത്തിൽ. നാല് പേരും വിവിധ കാലഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. സിനിമയിലേക്ക് കടക്കും മുൻപ് സംഗീതം എന്ന വിഷയത്തിലേക്ക് ഒന്നെത്തിനോക്കാം.

ഇംഗ്ലീഷിൽ മ്യൂസിക് എന്ന പദത്തിന്റെ ഉറവിടം ലാറ്റിൻ ഭാഷയാണ്. മ്യൂസിക്ക എന്ന ലാറ്റിൻ പദം പ്രാചീന ഗ്രീക്ക് മൗസികെ എന്നതിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. പുരാതന ഗ്രീക്ക് പുരാണത്തിലെ ഒമ്പത് ദേവതകളായിരുന്നു മ്യൂസുകൾ. മ്യൂസ് എന്നാൽ ഇംഗ്ലീഷിലെ മ്യൂസ് തന്നെ. കാവ്യദേവത. കലയുടെയും ശാസ്ത്രത്തിന്റെയും ദേവതകൾ.മൗസികെ എന്നാൽ കാവ്യദേവതകളുടെ കല. കാവ്യദേവതകളുടെ കലയാണ് സംഗീതം. ഗ്രീക്ക് സംസ്കൃതി സംഭാവന ചെയ്ത കൽപ്പന. ഇന്ത്യൻ സംസ്കൃതിയിലും മറ്റു സംസ്കൃതിയിലുമൊക്കെ സംഗീത കൽപ്പനകൾ കാണാം. ഉത്ഭവം തേടി ഇനിയും പിന്നോട്ട് പോയാൽ പാലിയോലിത്തിക് കാലഘട്ടം വരെ പോകാം.

പാലിയോലിത്തിക് പുരാവസ്തു ഗവേഷണത്തിൽ നിന്ന് ചരിത്രാതീത സംഗീതത്തെ കണ്ടെത്താം. ഒരു കരടി തുടയിൽ നിന്ന് കൊത്തിയെടുത്ത ദിവ്ജെ ബേബ് ഓടക്കുഴലിന് കുറഞ്ഞത് 40,000 വർഷം പഴക്കമുണ്ടെന്നാണ് കരുതപ്പെടുന്നത്. അതായത് മനുഷ്യൻ പിറക്കും മുൻപേയുള്ള ക്രോമാഗ്നൻ ഗുഹാമനുഷ്യർക്ക് പോലും സംഗീതമുണ്ടായിരുന്നു.

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

അറേബ്യ, മധ്യേഷ്യ, കിഴക്കൻ ഏഷ്യ, ദക്ഷിണേഷ്യ, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലും പ്രാചീന സംഗീതത്തിൻറെ പാരമ്പര്യങ്ങളുണ്ട്. ലോകത്തിലെ ഏറ്റവും പഴക്കംചെന്ന സംഗീത പാരമ്പര്യങ്ങളിലൊന്നാണ് ഇന്ത്യൻ ശാസ്ത്രീയ സംഗീതം. സിന്ധുനദീതട നാഗരികതയിൽ നിന്നുള്ള പുരാവസ്തു ഗവേഷണത്തിൽ നർത്തകീ ശിൽപ്പവും ഏഴ് ദ്വാരങ്ങളുള്ള ഓടക്കുഴലും മറ്റു പല സംഗീത ഉപകരണങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഹാരപ്പയിൽ നിന്നും മോഹൻജൊ ദാരോയിൽ നിന്നും വിവിധ തരം തന്ത്രി വാദ്യങ്ങളും ഭൂമിദുന്ദുഭി എന്നു വിളിക്കപ്പെടുന്ന താളവാദ്യങ്ങളും കണ്ടെടുത്തിട്ടുണ്ട്.

ഋഗ്വേദത്തിൽ ഇന്നത്തെ ഇന്ത്യൻ സംഗീതത്തിന്റെ ഘടകങ്ങളുണ്ട്. താളഘടനയും മന്ത്രോച്ചാരണ രീതിയും സൂചിപ്പിക്കാൻ നൊട്ടേഷൻ പോലുമുണ്ട് . ഇവ താളാത്മകമായി ക്രമീകരിച്ചിരിക്കുന്ന ഒരൊറ്റ രാഗത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.



സുമേറിയക്കാർ (ബി.സി 3500-1900), പുരാതന ഈജിപ്ത് ( 3100-30 ), പുരാതന ചൈന ( ബി. സി 1100 ) , പുരാതന ഗ്രീസ് ( ബി.സി 8800 ), പുരാതന റോം (ബി സി .753 - 476), പുരാതന ആഫ്രിക്ക എന്നിവിടങ്ങളിൽ മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവും സാമൂഹികവുമായ ആവശ്യങ്ങൾക്ക് മാത്രമല്ല , ആത്മീയത, വികാരങ്ങൾ, സാമൂഹിക മൂല്യങ്ങൾ എന്നിവ പ്രകടിപ്പിക്കുന്നതിനുള്ള ഒരു ഉപാധികൂടിയായിരുന്നു സംഗീതം .

ഇന്നത്തെ ഹിന്ദുസ്ഥാനി സംഗീതത്തിൻറെ ഉത്ഭവം പേർഷ്യൻ - അഫ്ഗാൻ - മുഗൾ പാരമ്പര്യത്തിൽ നിന്നാണ്. കർണാടക സംഗീതം ദക്ഷിണേന്ത്യൻ ദ്രവീഡിയൻ പാരമ്പര്യത്തിലുള്ളതാണ്. വർണ്ണങ്ങൾ ഭക്തിസാന്ദ്രമാണ്. പ്രണയത്തിനും മറ്റ് സാമൂഹിക പ്രശ്നങ്ങൾക്കും പ്രാധാന്യം നൽകുന്നവയുമുണ്ട്.ശ്രുതിയിൽ ഇണങ്ങിച്ചേർന്ന സ്വരങ്ങളുടെയും താളഘടനയുടെയും മേന്മയാൽ, പ്രമേയത്തെ അടിസ്ഥാനമാക്കി രാഗവും വർണ്ണവും ആവിഷ്കരിക്കുമ്പോൾ ഒരു സംഗീത ശിൽപ്പം രൂപം കൊള്ളുന്നു.

പാശ്ചാത്യ സംഗീത ചരിത്രമെടുത്താൽ, എ.ഡി.476 മുതൽ 1400 വരെയുള്ള മധ്യകാലഘട്ടത്തിൽ, റോമൻ കത്തോലിക്കാ സഭാ ശുശ്രൂഷകളിൽ, ഒറ്റ രാഗ ഗാനങ്ങൾ അവതരിപ്പിച്ചതോടെയാണ് മധ്യകാല സംഗീത യുഗം ആരംഭിച്ചത്. എ .ഡി 1400 മുതൽ 1600 വരെയുള്ള

കാലഘട്ടത്തിൽ , മതേതര പ്രമേയങ്ങളിൽ ആസ്പദമാക്കിയുള്ളതാണ് നവോത്ഥാന സംഗീതം. ഉദാഹരണത്തിന്, രാജകീയ പ്രണയകഥകൾ. സംഗീതത്തിന്റെ ബറോക്ക് യുഗം 1600 മുതൽ 1750 വരെയുള്ള കാലഘട്ടമാണ്. ധ്വനികളാൽ അലംകൃതമായ സംഗീത ശിൽപ്പങ്ങൾ യൂറോപ്പിലുടനീളം ബറോക്ക് കലാ ശൈലിയുടെ രൂപത്തിൽ അഭിവൃദ്ധിപ്പെട്ടു. ഈ സമയത്ത്, സംഗീതം അതിന്റെ പരിധി ഭേദിച്ച്, സങ്കീർണ്ണതകൾ ഉൾക്കൊണ്ട്, വികസിച്ചു. ഓർക്കസ്ട്രയുടെ അകമ്പടിചേർന്ന നാടകീയ, ഒറ്റയാൾ നാദധാര ഉൾക്കൊള്ളുന്ന ഓപ്പറകളുടെ രചനയോടെ ബറോക്ക് സംഗീതം ആരംഭിച്ചു.

730 - 1820 വരെയുള്ള ക്ലാസിക്കൽ കാലഘട്ടത്തിലെ സംഗീതം, പുരാതന ഗ്രീസിലെയും റോമിലെയും കലയുടെയും തത്വചിന്തയുടെയും പ്രധാന ഘടകങ്ങളെ ആസ്പദമാക്കിയുള്ളതാണ്. ഈ ശൈലിയുടെ സവിശേഷത സന്തുലിതാവസ്ഥ, അനുപാതം, അച്ചടക്കത്തോടെയുള്ള ആവിഷ്കാരം എന്നിവയാണ്. ക്ലാസിക്കൽ കാലഘട്ടത്തിലെ സംഗീതം, ബറോക്ക് സംഗീതത്തേക്കാൾ ഭാരം കുറഞ്ഞതും വ്യക്തവും ലളിതവുമായ ഘടനയുമുള്ളതാണ് .

1810 മുതൽ 1900 വരെയുള്ള സംഗീതരീതിയ്ക്ക് ആ കാലഘട്ടത്തിലെ സാഹിത്യത്തിലും ചിത്രകലയിലും പ്രത്യക്ഷമായ കാല്പനിക ശൈലിയുമായി ബന്ധമുണ്ട്. കാല്പനികത (റൊമാന്റിസിസം) കലാപരവും സാഹിത്യപരവും ബൗദ്ധികവുമായ പ്രസ്ഥാനമായിരുന്നു. വികാരങ്ങൾക്കും വ്യക്തിത്വത്തിനും ഊന്നൽ നൽകി. ഭൂതകാലത്തെയും പ്രകൃതിയെയും മഹത്വപ്പെടുത്തുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിലെ സംഗീതത്തെ, സാങ്കേതികവിദ്യകളുടെ കണ്ടുപിടുത്തവും ഗ്രാമഫോൺ റെക്കോർഡുകളുടെ വൻതോതിലുള്ള വിപണിയും ഇലക്ട്രോണിക് ഉപകരണങ്ങളുടെ ലഭ്യതയും പൊതുവേദികളും സാമൂഹിക - മാനവിക - വൈചാരിക ഭാവുകത്വവും അംഗീകാരവും സംഗീതത്തെ സ്വാധീനിച്ചു. ബോബ് ഡെലൻ എന്ന പോപ്പ് ഗായകന് നോബേൽ സമ്മാനം വരെ ലഭിച്ചു.സംഗീതജ്ഞരും സംഗീതസംവിധായകരും ഗാനരചയിതാക്കളും അവരുടെ കഴിവുകൾ ഉപയോഗിച്ച് സൃഷ്ടിച്ച ജാസ്, റോക്ക്, പോപ്പ്, ഹിപ്-ഹോപ്പ് , റെഗ്ഗെ , പങ്ക് റോക്ക് തുടങ്ങി വൈവിധ്യത്തിലൂടെ ആധുനിക സംഗീത നിർത്സരിയെ ചരിത്രത്തിനൊപ്പം ഒഴുക്കിക്കൊണ്ടു പോകുന്നു. തീർച്ചയായും, സംഗീതം കലയുടെ ഒരു നിസ്തുലരൂപമാണ്.വികാരങ്ങൾ ഉണർത്താനും ആശയവിനിമയം നടത്താനും സംഗീതത്തിന് സാധിക്കുന്നു. രാഗം, താളം, വർണ്ണം തുടങ്ങിയ ഘടകങ്ങൾ സംയോജിപ്പിക്കുന്ന സൃഷ്ടിപരമായ ആവിഷ്ക്കാരമാണിത്. മനുഷ്യസംസ്കാരത്തിന്റെ ആഴത്തിലുള്ള വൈകാരിക തലത്തിൽ മനസ്സുകളെ പ്രചോദിപ്പിക്കുന്നതിനും വിനോദിപ്പിക്കുന്ന

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

തിനും പരസ്പ്പര്യത്തിനും സംഗീത സൃഷ്ടി കൾക്ക് സാധിച്ചിട്ടുണ്ട്.

ഈ ലേഖനത്തിൽ ആദ്യം പ്രതിപാദിക്കുന്ന സിനിമ ചൈക്കോവ്സ്കിയാണ്.കാലക്രമം അനുസരിച്ച് മൊസാർട്ട്, ബിഥോവൻ, ചോപിൻ എന്നിവർക്ക് ശേഷമാണ് ചൈക്കോവ്സ്കിയുടെ സ്ഥാനം. ശ്രുതിമധുര വും വൈകാരികവുമായ സംഗീതശില്പങ്ങൾ രചിച്ച ചൈക്കോവ്സ്കി 1840 മെയ് 7 ന് റഷ്യയിൽ ജനിച്ചു.റഷ്യൻ ദേശീയതയുടെ തനത് പാരമ്പര്യമുള്ള സംഗീതം വർണ്ണരാജി വിടർത്തുന്ന ഓപ്പറകൾ, സിംഫണികൾ എന്നിവ റൊമാന്റിസിസത്തിന്റെ കാലഘട്ട ത്തെ പ്രതിനിധീകരിക്കുന്നു.മരണം 1893 നവംബർ 6 ന്.ഇഗോർ തലാൻകിൻ 1970 ൽ ഈ സംഗീതജ്ഞനെ കുറിച്ച് രണ്ടു ഭാഗങ്ങളിലായി സംവിധാനം ചെയ്ത സിനിമയാണ് ചൈക്കോവ്സ്കി.

ചൈക്കോവ്സ്കി / റഷ്യ / 1970 / രണ്ടാം ഭാഗം 74 മിനിറ്റ് / സംവിധാനം - ഇഗോർ തലാൻകിൻ.

ബാല്യം മുതൽക്കേ സംഗീതം തലയ്ക്ക് പിടിച്ച ചൈക്കോവ്സ്കി നാലാമത്തെ വയസ്സിൽ ആദ്യ സംഗീതരചന നടത്തി.അഞ്ചാമത്തെ വയസുമുതൽ പിയാനോ പഠിക്കാനും വായി ക്കാനും തുടങ്ങി. കോളറ പിടിച്ചപ്പോൾ വീട്ടുകാർ ചൂടുവെള്ളത്തിൽ കുളിപ്പിച്ച അനു ഭവം ഒരു പേക്കിനാവായി ജീവിതം മുഴുക്കെ പിന്തുടർന്നു. പത്താമത്തെ വയസ്സിൽ

സെന്റ് പീറ്റേഴ്സ് ബർഗിൽ ബോർഡിങ്ങ് സ്കൂൾ വിദ്യാഭ്യാസം. സംഗീതത്തിൽ നിപുണ നാവുന്നു. നീതിന്യായ വകുപ്പിൽ കുറച്ചുനാൾ ജോലി ചെയ്തു ശേഷം സംഗീത അധ്യാ പകനുമായി.പൂർണ്ണമായും സംഗീത സപര്യ യിൽ മുഴുകി. റഷ്യൻ ദേശീ യതയും കാല്പനികതയും ഉൾക്കൊണ്ട സിംഫണി കൾ രചിച്ച് ശ്രദ്ധേയനായി. മുപ്പത്തിയേഴാം വയസ്സിൽ, പ്രായത്തിലേറെ ഇളപ്പമുള്ള ശിഷ്യ അന്റോനീന മിലിയു ക്കോവയെ വിവാഹം കഴിച്ചു. വെറും രണ്ടു മാസം മാത്രമേ ആ ദാമ്പത്യം നീണ്ടുനി ന്നുള്ളൂ. അവൾ ചൈക്കോവ്സ്കിയെ പല കാരണങ്ങളാൽ ഉപേക്ഷിച്ചു. അദ്ദേഹം സ്വ വർഗാനുരാഗിയാണെന്നു വാർത്ത പരന്നു. നടാഷ ഫിലർതോവ്ന വോൺ മെക്ക് എന്ന ധനിക വിധവയുടെ ധനസഹായം ഓരോ മാസവും ലഭിച്ചു.പരസ്പ്പരം കാണു കയില്ലെന്ന് വ്യവസ്ഥയിൽ .പതിമൂന്ന് വർ ഷത്തെ അവർ തമ്മിലുള്ള കാത്തിട പാടുകളിൽ സുദൃഢബന്ധം പ്രസിദ്ധമാണ്. ഒടുവിൽ നടാഷ മാനസിക രോഗത്തിന് അടിപ്പെട്ടപ്പോൾ അവർ തമ്മിലുള്ള ബന്ധം മുറിഞ്ഞു. ജീവിതം വ്യർത്ഥമാണെന്ന തോന്നലിന്റെ ചുഴിയിൽ അദ്ദേഹം അക പ്പെട്ടു. ഏകാന്തതയിലും നിരാശയിലും ആഴ്ന്ന ചൈക്കോവ്സ്കി നദിയിൽ ആത്മഹത്യക്ക് ഒരുങ്ങി.അന്വേഷിച്ചെത്തിയവർ നദിയിൽ നിന്നും അദ്ദേഹത്തെ രക്ഷപെടുത്തി യെങ്കിലും മരിച്ചു. ആറാം സിംഫണിയുടെ അവതരണം കഴിഞ്ഞ് ഒൻപതാം ദിവസ മായിരുന്നു മരണം... ഇതാണ് ഒന്നാം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

ഭാഗത്തിൽ നാം കാണുന്നത്.

ചൈക്കോവ്സ്കിയെ കുറിച്ചുള്ള ഓർമ്മകളാണ് രണ്ടാം ഭാഗം. വിധവയായ നടാഷയ്ക്ക് ചൈക്കോവ്സ്കിയുടെ സംഗീതം ആത്മാവിന്റെ ഭാഗമായിരുന്നു. അവർ തമ്മിൽ ആത്മീയ സൗഹൃദം പങ്കുവെച്ചിരുന്നു. ആദ്യ വിവാഹബന്ധത്തിൽ നിന്ന് മോചനം ലഭിക്കാൻ അകന്നുപോയ ഭാര്യ അന്റോണിയയ്ക്ക് പതിനായിരം റൂബിൾ നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കാതെ വന്നു. നടാഷയ്ക്ക് കൈകാര്യം ചെയ്യാവുന്ന കുടുംബസ്വത്തിൽ നിന്നുള്ള വരുമാനം കുറഞ്ഞിരുന്നു. ചൈക്കോവ്സ്കിയുടെ ജീവിത പ്രശ്നത്തിൽ അവൾ ദുഃഖിതയായിരുന്നു. അസ്വസ്ഥത നിറഞ്ഞതായിരുന്നു നടാഷയുടെ വിവാഹ ജീവിതം. ചൈക്കോവ്സ്കിയുടെ സംഗീതം അവൾക്ക് ആശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്ത് ഗ്രിഗറോവിച്ചിനും സഹതാപമുണ്ട്. എങ്ങനെയും ചൈക്കോവ്സ്കിയെ നിരാശിത ചുറ്റുപാടിൽ നിന്ന് മോചിപ്പിക്കണമെന്ന് അയാൾക്ക് ആഗ്രഹമുണ്ട്. ചൈക്കോവ്സ്കിയുടെ സംഗീതത്തെ കുറിച്ച് ഏറ്റവും നന്നായി അറിയാവുന്ന ആളാണ് ഗ്രിഗറോവിച്ച്. പാരീസിൽ ഒരു സംഗീതമേള നടത്താനുള്ള ഒരുക്കത്തിലാണ് ഗ്രിഗറോവിച്ച്. അയാൾ വിദ്യാർത്ഥികൾക്ക് ചൈക്കോവ്സ്കിയുടെ സംഗീത രചനകൾ പഠിപ്പിച്ചുകൊടുത്തു. പാരീസിൽ വെച്ച് അയാൾ പഴയ സുഹൃത്തുക്കളുമായി ചൈക്കോവ്സ്കിയെ കുറിച്ചുള്ള ഓർമ്മകൾ പങ്കുവെ



യ്ക്കുന്നു.അക്കാലത്ത് റഷ്യയിൽ സാർ ചക്രവർത്തി ഭരണത്തിനെതിരെ രാഷ്ട്രീയം കലുഷിതമായിരുന്നു. എഴുത്തുകാരും ബുദ്ധിജീവികളും നാടുകടത്തപ്പെട്ടു. സ്വരക്ഷയ്ക്കായി അന്യ ദേശങ്ങളിലേക്ക് വിപ്രവാസം നടത്തുന്നവരുമുണ്ട്. ഒരിക്കൽ സ്വപ്നികമായ ഒരു ട്രെയിൻ യാത്രയിൽ നടാഷ ചൈക്കോവ്സ്കിയോട് ചോദിച്ചു. "ഒരിക്കലെങ്കിലും സ്നേഹിക്കപ്പെട്ടിട്ടില്ലേ ? ഉണ്ടാവും.നിങ്ങൾ ഏറെ സ്നേഹിക്കുന്ന സംഗീതം മതി , ഒരു സ്ത്രീ നിങ്ങളെ സ്നേഹിക്കാൻ ! ". അദ്ദേഹം പറഞ്ഞു." എനിക്കൊന്നുമറിയില്ല. ജീവിതം സന്തോഷകരമാണോ എന്ന് ചോദിച്ചാൽ - അല്ല എന്നാണ് ഉത്തരം. സ്നേഹിക്കാൻ കഴിയില്ലേ എന്ന് ചോദിച്ചാൽ ഞാൻ പറയും, കഴിയും. അഗാധമായി സ്നേഹിക്കാൻ കഴിയും. ഇപ്പോഴും കഴിയും.അത് എന്റെ സംഗീതത്തിൽ നിന്ന് മനസ്സിലാവില്ലേ ? ".

ചൈക്കോവ്സ്കിയുടെ സംഗീതരചനയും സഫലമാകാത്ത സ്നേഹസ്വപ്നങ്ങളുമാണ് ഈ ചിത്രത്തിൽ അനാവരണം ചെയ്യുന്നത്.അവസാനത്തെ , ഇരുപത് വർഷത്തെ ജീവിത

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

സംഭവങ്ങൾ. നടാഷയുമായുള്ള പതിമൂന്ന് വർഷത്തെ ബന്ധം. മറ്റു സംഗീതജ്ഞർ സിംഫണികൾ പുനരാവിഷ്ക്കരിക്കുന്നു. വിന്റർ ഡ്രീംസ് പോലുള്ള ഏഴ് സിംഫണികൾ, വോയ്‌വോദ, ഒപ്പറിച്ചിനിക്ക് തുടങ്ങിയ പതിനൊന്ന് ഓപ്പറകൾ, സ്വാൻ ലേക്ക്, സ്ലീപിങ്ങ് ബ്യൂട്ടി തുടങ്ങിയ മൂന്നു ബാലെറ്റുകൾ, മൂന്ന് പിയാനോ മേളകൾ, നാല് കാന്റ്റകൾ, നൂറിലധികം ഗാനങ്ങൾ ... സംഗീതത്തിന്റെയും ചൈക്കോവ്സ്കിയുടെ മനസ്സിന്റെയും ഭാവങ്ങൾ നിറഞ്ഞ സംഗീതം 1840 - 1893 കാലഘട്ടത്തിലെ പ്രകൃതിയും സാമൂഹിക പശ്ചാത്തലവും പ്രകടമാക്കുന്നുണ്ട്. ആറാം സിംഫണിയുടെ അകമ്പടിയോടെ, മരണാന്തര ശുശ്രൂഷയോടെ സിനിമ പരിസമാപ്തിയിലെത്തുന്നു.

കോപ്പിയിങ്ങ് ബീഥോവൻ / 104 മിനിറ്റ് / യു.എസ് .എ / 2006 / സംവിധാനം - ആഗ്നീസ്കാ ഹോളണ്ട്

പാശ്ചാത്യ സംഗീത ചരിത്രത്തിലെ ബാരോക്ക് കാലഘട്ടത്തിൽ നിന്നും കാൽപ്പനിക (റൊമാന്റിസിസം) കാലഘട്ടത്തിലേക്കുള്ള സംഗീത സോപാനമാണ് ബീഥോവന്റെ സിംഫണികളും ഓപ്പറകളും.ജർമ്മനിയിലെ ബോണിലാണ് 1770 -ൽ ജനനം.പിതാവ് സംഗീതജ്ഞനായിരുന്നു. ബാല്യം മുതൽക്കേ സംഗീതം അഭ്യസിച്ചു. വിയന്നയിൽ വെച്ച് മൊസാർട്ടിനെ കണ്ടുമുട്ടിയത് ജീവിതത്തിൽ വഴിത്തിരിവായി. 9 സിംഫണികൾ, 35 പിയാനോ സോനാറ്റോകൾ അടക്കം 722 സംഗീത സൃഷ്ടികൾ ലോകത്തിനു സമ്മാനിച്ചു.ബൃഹത്തായ വാദ്യഘോഷം, ആഴമുള്ള വൈകാരികത തുടങ്ങിയവ സംഗീതത്തിന്റെ സവിശേഷതയായാണ്. പ്രണയിനികൾ ആരും വിവാഹത്തിന് തയ്യാറായില്ല. അവിവാഹിതൻ ആയിരുന്നു. 1800 - 1817 കാലയളവിൽ ശ്രവണശേഷി പൂർണ്ണമായും നഷ്ടമായി. ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നുവെങ്കിലും ഒരു കാവ്യദേവത അദ്ദേഹത്തിന്റെ സഹവാസിയായിരുന്നുവെന്ന് പൊതുവെ പ്രചരിച്ചിരുന്നു. വിയന്നയിൽ വെച്ച് 1827 -ൽ അന്തരിച്ചു.

ബീഥോവന്റെ ജീവിതാവസാന കാലഘട്ടമാണ് കോപ്പിയിങ്ങ് ബീഥോവൻ എന്ന സിനിമ അനാവരണം ചെയ്യുന്നത്. തുടക്കത്തിൽ നാം കാണുന്നത് അന്ന കുതിരവണ്ടിയിൽ കുടുംബത്തോടൊപ്പം ബീഥോവന്റെ പക്കലേക്ക് പോകുന്നതാണ്. അന്നയുടെ മനസ്സ് വല്ലാത്ത ആകുലതയിലാണ്. അവൾ മരണാസന്നനായ ബീഥോവന്റെ



ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

കിടക്കയ്ക്കരികിലെത്തി. അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് തേങ്ങുവാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു - കരയരുത്.ജനലിനു പുറത്ത് പ്രകൃതി കണ്ണീർ പെയ്യു. ബീഥോവന്റെ നിശ്ചലശരീരം നോക്കി അവൾ പൊട്ടിക്കരഞ്ഞു.

വിയന്ന, 1824.

സംഗീത വിദ്യാർത്ഥിനിയായ അന്ന ഹോൾട്ട്സ് എന്ന ഇരുപത്തിമൂന്നുകാരി സംഗീത രചന പകർത്തുവാൻ സഹായിയായി എത്തുന്നു. വിയന്നയിലെ സംഗീത അക്കാദമിയിൽ നിന്നാണ് അവൾ വരുന്നത്. അനാരോഗ്യത്താലും കേൾവിക്കുറവിനാലും അവശതയിലായ ബീഥോവന്റെ അഭ്യർത്ഥനപ്രകാരം അക്കാദമി അന്നയെ നിയോഗിക്കുകയായിരുന്നു. സംഗീതത്തിൽ ഗവേഷകയും ഉല്പതിഷ്ണുവുമാണ് അന്ന. അവൾ ആദ്യം എത്തുന്നത് വൃദ്ധനും അവശനുമായ ഷലമ്മറുടെ അടുത്താണ്. അയാൾ ആകെ ചിന്താകുഴപ്പത്തിലായിരുന്നു. അന്നയെ കണ്ടപാടെ നിരാശിതനായി. സിംഫണി - ഒൻപത് അവതരിപ്പിക്കാൻ പോകുകയാണ്. ഒരു മണിക്കൂർ ഗംഭീരൻ പരിപാടി. രചനയുടെ കോപ്പി കൃത്യമായി പകർത്തിക്കഴിഞ്ഞിട്ടില്ല. ഇനി അധികം നേരമില്ല. താനത് പൂർത്തിയാക്കാമെന്ന് അന്ന ആത്മവിശ്വാസത്തോടെ പറയുന്നു.അത് എളുപ്പമല്ല - ഷലമ്മർ പരിഭ്രാന്തനായി.കാരണം ബീഥോവൻ പരുക്കനാണ്. അയാളെ സഹിക്കാൻ അന്നയ്ക്ക് കഴിയില്ല ... അപ്പോഴേക്കും ബീഥോവൻ അലറിക്കൊണ്ട് കയറിവരുന്നത് അവർ കേട്ടു.ഷലമ്മർ അവളെ കർട്ടന് പിന്നിൽ ഒളിപ്പിച്ചു. ബീഥോവൻ കയറിവന്ന് ആക്രോശിച്ചു. ആക്രമിച്ചു. കോപ്പിയിങ്ങ് ശരിയാവുന്നില്ല. ബീഥോവൻ തിരികെ പോയപ്പോൾ ഷലമ്മർ പറഞ്ഞു - കണ്ടോ ? നിനക്ക് എങ്ങനെ സഹിക്കാൻ കഴിയും ? പക്ഷെ അന്ന കോപ്പിയിങ്ങ് പൂർത്തിയാക്കാൻ തന്നെ തീരുമാനിച്ചു.അവൾ ബീഥോവന്റെ സംഗീത രചനയുടെ പേജുകൾ നോക്കി. കുഴപ്പം പിടിച്ച സംഗീത നൊട്ടേഷനുകൾ...

അന്ന ഫയലുമായി ബീഥോവന്റെ പക്കലെത്തി. അവളെ കണ്ടപാടെ അദ്ദേഹത്തിന് അങ്കലാപ്പായി. ഈ കൊച്ചുപെണ്ണിനെ കൊണ്ട് തന്റെ രചനയുടെ കോപ്പിയിങ്ങ് കൃത്യമായി നടക്കുമോ ? അവൾക്ക് അതിനുള്ള കഴിവുണ്ടോ ? ബധിരയായ ബീഥോവൻ അവളുടെ സേവനങ്ങളെ ആദ്യം നിരസിച്ചു. പക്ഷെ അന്നയുടെ അഭിലാഷവും അർപ്പണവും ഒക്കെ കണ്ടപ്പോൾ അദ്ദേഹം പെട്ടെന്ന് അനുതപിച്ചു.സമയവും ജീവിതവും അധികമില്ല. തന്റെ ഏറ്റവും പുതിയ സിംഫണി പൂർത്തിയാക്കുകായും വേണം. അങ്ങനെ അവർ ഒരുമിച്ച്, ഇരുണ്ട വെളിച്ചമുള്ള അപ്പാർട്ട്മെന്റിൽ ജോലി ആരംഭിക്കുന്നു. അടുക്കും ചിട്ടയും സൗകര്യവുമില്ലാത്ത മുറിയാണ്. എലികൾ മുട്ടത്തോടുകൾക്കും വിസർജ്ജന പാത്രത്തിനുമിടയിൽ ഓടുന്നുണ്ട്. അന്ന അതൊക്കെ കാര്യമാക്കിയില്ല. പൂർണ്ണ മനസ്സോടെ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പകർത്തെഴുത്ത് അതിവേഗം തുടങ്ങി. ബീഥോവൻ രചിക്കുകയും അവൾ പകർത്തുകയും ചെയ്തു. അതോടെ ബീഥോവൻ അവളെ ആശ്രയിക്കുകയും ആദരവോടെ കാണാനും തുടങ്ങുന്നു.



ബീഥോവൻ പുറത്തേക്ക് പോകുമ്പോൾ അനന്തിരവൻ പണത്തിനായി എത്തുന്നുണ്ട്. അവന്റെ അലോസരമായ പെരുമാറ്റത്തെ അന്ന ചേർക്കുന്നു. അവൻ പോയ്ക്കഴിയുമ്പോൾ ബീഥോവൻ എത്തുന്നു. അനന്തിരവൻ വന്നതായി അറിയുന്നു. പക്ഷെ തന്നെ അവൻ സ്നേഹിക്കുന്നുണ്ടെന്നാണ് ബീഥോവൻ തെറ്റിദ്ധരിക്കുന്നത്. മുന്നോട്ട് പോകുന്തോറും അന്ന തന്റെ അരികിലെത്തിയ ഒരു കാവ്യദേവതയാണെന്നു പോലും ബീഥോവന് തോന്നി. സായാഹ്നത്തോടെ ജോലിയും കുറിപ്പുകളും ഏതാണ്ട് പൂർത്തിയായി.

അന്ന താമസിക്കുന്നത് ഒരു കന്യാസ്ത്രീ മഠത്തിലാണ്. അവളുടെ അമ്മായി കന്യാസ്ത്രീ ആയതിനാൽ വീട്ടുകാർ അവളുടെ താമസം അവിടെയാണ് ഒരുക്കിയത്. അന്നയ്ക്ക് ഒരു കാമുകനുണ്ട്.മാർട്ടിൻ. വാസ്തുശില്പ വിദ്യാർത്ഥി. അവൻ മഠത്തിൽ രഹസ്യമായി വലിഞ്ഞുകയറി ജനാലയ്ക്ക് പുറത്തുനിന്നു അവളോട് സല്ലപിക്കുന്നു. എങ്കിലും കന്യാസ്ത്രീ അമ്മായിയുടെ കർശന മേൽനോട്ടത്തിലാണ് അന്ന. ബീഥോ വന്റെ ഒമ്പതാമത്തെ സിംഫണി ഒരുങ്ങിക്കഴിഞ്ഞു. അപ്പോഴാണ് വാദ്യമേള നിയന്ത്രിക്കാൻ അനാരോഗ്യം കൊണ്ട് ബീഥോവനോ ഷലമ്മറിനോ കഴിയില്ലെന്ന പ്രശ്നം ഉയരുന്നത്. എന്നാൽ അന്ന ആ ജോലിയും ഏറ്റെടുത്ത് ഒരു സംഗീത സംവിധായകയെ പോലെ ബീഥോവനെ സഹായിക്കാൻ തയ്യാറാവുന്നു. അങ്ങനെ സ്റ്റേജിൽ തന്റെ സിംഫണി വിജയകരമായി അവതരിപ്പിക്കാൻ ബീഥോവന് സാധിക്കുന്നു.

ബീഥോവൻ അന്നയെ വളരെ പ്രശംസിച്ചു. ഒരു ദിവസം അന്ന താൻ സ്വന്തമായി രചിച്ച സംഗീതത്തിന്റെ ഒരു ഭാഗം ബീഥോവനെ കാണിച്ചു.അത് പരിശോധിച്ച ബീഥോവൻ അവളെ നിഷ്കളങ്കമായി വിമർശിച്ചു. അതൊരു അപമാനമായി അവ ക്ക് തോന്നി. അതോടെ അന്ന ആ ജോലി ഉപേക്ഷിക്കുകയാണ്. ബീഥോവന്റെ പരുക്കൻ സ്വഭാവം അവൾ പ്രതീക്ഷിച്ചതല്ല. എന്നാൽ അന്നയെ തന്റെ ജോലിയിലും തന്റെ ശിക്ഷണത്തിലും നിലനിർത്താൻ ആഗ്രഹിക്കുന്ന ബീഥോവൻ, മഠത്തിലേക്ക് കയറിച്ചെന്നു. ആദ്യം വികാരഭരിതനായി ആക്രോശിച്ചു. മെല്ലെ വിഷമത്തിലായി. തന്റെ സംഗീതരചനയിൽ തനിക്കൊപ്പം തുല്യമായി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പ്രവർത്തിക്കാൻ തയ്യാറാവണമെന്നും തിരികെ വരണമെന്നും ബീഥോവൻ മുട്ടുകുത്തി നിന്ന് അന്നയോട് അപേക്ഷിച്ചു.അതുകണ്ട് അന്നയും കന്യാസ്ത്രീകളും ആശ്ചര്യപ്പെടുന്നു. കാല്പനിക ഭാവുകത്വത്തെ കുറിച്ചും സംഗീതത്തെക്കുറിച്ചും അവളുടെ കലാപരമായ സ്വാതന്ത്ര്യത്തെ എങ്ങനെ അനുവദിക്കാമെന്നും ബീഥോവൻ അവളെ പഠിപ്പിക്കാൻ തുടങ്ങുന്നു.

ഒരു ദിവസം അന്നയുടെ കാമുകൻ മാർട്ടിൻ എഞ്ചിനീയർ മത്സരത്തിനായി താൻ നിർമ്മിച്ച ഒരു പാലത്തിന്റെ മാതൃകയുടെ പ്രദർശനം നടന്നു. അത് കാണാനിടയായ ബീഥോവന് പ്രകോപനമുണ്ടായി. ആ മാതൃക ബീഥോവൻ തല്ലിത്തകർത്തു, അതുവഴി മാർട്ടിൻറെ പുതിയ അവസരവും ഇല്ലാതാക്കി. കോപാകുലയായ അന്ന ബീഥോവനെ നേരിട്ടു. അവൾ ചോദിച്ചു - “ ഞാൻ മാർട്ടിനെ സ്നേഹിക്കുന്നുവെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?“. ബീഥോവൻ മറുപടി പറഞ്ഞു- "നിങ്ങൾ അവനെ സ്നേഹിക്കുന്നില്ല." അന്നയ്ക്ക് ദേഷ്യം വന്നു.” മാർട്ടിന് പകരം ഞാൻ ബീഥോവനെ സ്നേഹിക്കണോ ? “. ബീഥോവൻ വീണ്ടും മറുപടി പറഞ്ഞു- "വേണ്ട. പക്ഷെ നിങ്ങൾ ഞാനാവാനാണ് ആഗ്രഹിക്കുന്നത് ."

ആലോചിച്ചപ്പോൾ ബീഥോവൻ ശരിയായ കാര്യമാണ് ചെയ്തതെന്ന് അന്നയ്ക്ക് ബോധ്യമായി. പക്ഷെ പിന്നീട് അവൾ മാർട്ടിനോടൊപ്പം ജീവിക്കാൻ പോയി.

ഏതാണ്ട് ഒരു വർഷം കഴിഞ്ഞപ്പോഴാണ് അന്നയ്ക്ക് ബീഥോവന്റെ അത്യാസന്ന നിലയെ കുറിച്ച് വിവരം കിട്ടുന്നത്. അവൾ ബീഥോവന്റെ അന്ത്യനേരത്ത് കിടയ്ക്കരികിലെത്തിച്ചേർന്നു ...
ബീഥോവൻ ഉൾപ്പെടെയുള്ള മറ്റെല്ലാ സംഗീതസംവിധായകരിൽ നിന്നും വ്യത്യസ്തമായി ഒരു കലാകാരിയുടെ ഭാവിക്കായി അന്ന സ്വയം തയ്യാറെടുക്കുന്നതോടെ കോപ്പിയിങ് ബീഥോവൻ പൂർത്തിയാവുന്നു.

**അമേഡ്യൂസ് (മൊസാർട്ട്) / 180 മിനിറ്റ് / യു.എസ് .എ / 1984 / സംവിധാനം - മിലോസ് ഫോർമാൻ.**



പാശ്ചാത്യ സംഗീത ചരിത്രത്തിൽ ക്ലാസിക്കൽ കാലഘട്ടത്തിലെ (1750 - 1820) ഏറ്റവും ശ്രദ്ധേയനായ സംഗീതജ്ഞനാണ് വോൾഫ്ഗാങ് അമേഡ്യൂസ് മൊസാർട്ട്. സംഗീതശില്പങ്ങൾക്ക് ഏറെ ലാളിത്യവും വൈവിധ്യവും വാദ്യവായനയിൽ സമന്വയവും ഉണ്ടായിരുന്നു. ഓസ്ട്രിയായിലെ സാൽസ്ബർഗിൽ ജനിച്ച മൊസാർട്ട് അഞ്ചാമത്തെ വയസ്സിൽ തന്നെ സംഗീത രചനകൾ ആരംഭിച്ചു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

പിതാവ് ലിയോ പോൾഡ് സംഗീത വിദ്വാൻ ആയിരുന്നു. സഹോദരി അന്ന മരിയയു മൊത്ത് യൂറോ പ്പിൽ ബാലപ്രതിഭകളായി സഞ്ചരിച്ച് രാജ ധാനികളിൽ സംഗീത മേളകൾ നടത്തി. യുവാവായപ്പോൾ സംഗീതകേന്ദ്രമായ വിയന്നയിൽ എത്തി. അവിടെ സ്വതന്ത്ര സംഗീതജ്ഞനായി ഓപ്പറകളും സിംഫണി കളും സൃഷ്ടിച്ചു.

സംഗീതമേളകളിൽ സാമ്പ്രദായിക രീതി ഭേദിച്ച് പുതിയ ശൈലികൾ ആവിഷ്കരിച്ചു. 1782 -ൽ സ്റ്റാൻസി എന്ന് വിളിച്ചിരുന്ന കോൺസ്റ്റന്റൻസിയെ വിവാഹം കഴിച്ചു. ആർഭാടവും പരിമിതമായ വരുമാനവും കൊണ്ട് ജീവിതം വിഷമതകൾ നിറഞ്ഞ തായിരുന്നു.

മൊസാർട്ടിനെ കുറിച്ച് ഭാവനാത്മക പാഠഭേദമാണ് 1984 -ൽ നിർമ്മിച്ച ഈ സിനിമ. ലോസ് ഏഞ്ചൽസിൽ നടന്ന ലോക പ്രീമിയറിന് പതിമൂന്ന് ദിവസങ്ങ ൾക്ക് ശേഷം 1984 സെപ്റ്റംബർ 19-ന് ഓറിയോൺ പിക്ചേഴ്സ് അമേഡ്യൂസ് റിലീസ് ചെയ്തു. റിലീസിന് ശേഷം അത് വ്യാപകമായ അംഗീകാരം നേടുകയും ബോക്സ് ഓഫീസ് ഹിറ്റാവുകയും 90 മില്യൺ ഡോളറിലധികം സമ്പാദിക്കുകയും ചെയ്തു. എക്കാലത്തെയും മികച്ച ചിത്രങ്ങ ളിലൊന്നായി പലരും കരുതുന്ന അമേഡി യസ് 53 അവാർഡുകൾക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു, എട്ട് അക്കാദമി അവാർഡുകൾ, നാല് ബാഫ്റ്റ അവാർഡുകൾ, നാല് ഗോൾഡൻ ഗ്ലോബ് അവാർഡുകൾ ഉൾപ്പെടെ 40 അവാർഡുകൾ ലഭിച്ചു. 2023 ലെ കണക്കനുസരിച്ച്, മികച്ച നടനുള്ള അക്കാദമി അവാർഡിൽ ഒന്നിലധികം നോമിനേഷനുകൾ ലഭിച്ച ഏറ്റവും പുതിയ ചിത്രമാണിത്. 1998-ൽ, അമേരിക്കൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് 100 വർഷങ്ങളിലെ 100 സിനിമകളുടെ പട്ടികയിൽ 53-ാം റാങ്ക് നൽകി. 2019-ൽ, യുണൈറ്റഡ് സ്റ്റേറ്റ്സ് നാഷണൽ ഫിലിം രജിസ്ട്രിയിൽ സംരക്ഷിക്കുന്നതിനായി ലൈബ്രറി ഓഫ് കോൺഗ്രസ് ഈ ചിത്രം തിരഞ്ഞെടുത്തു.

മിലോസ് ഫോർമാൻ സംവിധാനം ചെയ്ത് പീറ്റർ ഷാഫറിന്റെ 1979- ലെ നാടകത്തെ ആസ്പദമാക്കിയാണ് 1984 -ൽ അമേഡ്യൂസ് പ്രശസ്ത സംവിധായകൻ മീലൊസ് ഫോമാണ് സിനിമാരൂപത്തിലാക്കിയത്. പതിനെട്ടാം നൂറ്റാണ്ടിൻറെ അവസാന പകുതിയിലെ വിയന്നയാണ് പശ്ചാത്തലം. മൊസാർട്ട് ജന്മനാടായ സാൽസ്ബർഗിൽ നിന്ന് വിയന്നയിൽ എത്തിയ കാലം മുതലുള്ള ഒരു സാങ്കൽപ്പിക കഥയാണിത്. ഹോളി റോമൻ ചക്രവർത്തിയായ ജോസഫ് രണ്ടാമന്റെ കൊട്ടാരത്തിലെ ഇറ്റാലിയൻ സംഗീതസംവിധായകൻ അന്റോണിയോ സാലിയേരിയുടെ അതിമോഹവും അതിന് ഇരയായിത്തീരുന്ന മൊസാർട്ടിന്റെ നിഷ്കളങ്കതയുമാണ് പ്രമേയം. മൊസാർട്ടിന്റെ സംഗീതം ശബ്ദട്രാക്കിൽ ഉടനീളം കേൾക്കാം. 1823-ലെ ശൈത്യകാലത്ത്, വൃദ്ധനായ അന്റോണിയോ സാലിയേരി

തന്റെ വാതിലുകൾ അടച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതിന് ശേഷം ഒരു മാനസികരോഗാശുപത്രിയിലായി. ഈ സമയത്ത്, അമേഡ്യൂസ് മൊസാർട്ടിനെ കൊലപ്പെടുത്തിയതായി അദ്ദേഹം ഏറ്റുപറയുന്നത് ആശുപത്രി ജീവനക്കാർ കേൾക്കുന്നു. തുടർന്ന് ഒരു യുവ പുരോഹിതൻ, ഫാദർ വോഗ്ലർ, കുമ്പസാരത്തിനായി സാലിയേരിയെ സമീപിച്ചു.

സാലിയേരി സ്വന്തം രണ്ട് മെലഡികൾ പിയാനോയിൽ വായിക്കുന്നു. തനിക്ക് ആ മെലഡികൾ അറിയില്ലെന്ന് വോഗ്ലർ അറിയിച്ചു.തുടർന്ന് മറ്റൊന്ന് സാലിയേരി അവതരിപ്പിക്കുന്നു. വോഗ്ലറിന് ഈ മെലഡി അറിയാം.അത് തന്റേതല്ലെന്നതിൽ കുണ്ഠിതനാവാതെ, ഫാദർ വോഗ്ളറിനെ ആശയക്കുഴപ്പത്തിലാക്കിക്കൊണ്ട്, സാലിയേരി കഴിഞ്ഞകാലം ഓർക്കുന്നു ... പ്രസിദ്ധനായ ഒരു സംഗീതസംവിധായകനാകാനാണ് സാലിയേരി ആഗ്രഹിച്ചത്. തന്നെ ഒരു പ്രശസ്ത സംഗീതസംവിധായകനാകാൻ അനുവദിച്ചാൽ, പകരം, തന്റെ വിശുദ്ധതയും പവിത്രതയും ഉത്സാഹവും വാഗ്ദാനം ചെയ്യുമെന്ന് സാലിയേരി ദൈവത്തോട് പ്രാർത്ഥിക്കുന്നു. താമസിയാതെ, സാലിയേരിക്ക് എപ്പോഴും വിഘാതമായിരുന്ന അയാളുടെ പിതാവ് ശ്വാസംമുട്ടി മരിക്കുന്നു. അത് ദൈവം തന്റെ നേർച്ച സ്വീകരിച്ചുവെന്നതിന്റെ അടയാളമായി സാലിയേരി കരുതുന്നു. 1774 ആയപ്പോഴേക്കും സാലിയേരി വിയന്നയിലെ ജോസഫ് രണ്ടാമൻ ചക്രവർത്തിയുടെ രാജധാനിയിലെ സംഗീതവിദ്വാനായിത്തീർന്നു.

1781 -ൽ സാൽസ്ബർഗിലെ പ്രിൻസ്-ആർച്ച് ബിഷപ്പിന്റെ ബഹുമാനാർത്ഥം ഒരു സ്വീകരണം നടക്കുന്നു. കൂടെ സംഗീതത്തിൽ പേരുകേട്ട മൊസാർട്ടുമുണ്ട്. മൊസാർട്ടിന്റെ രക്ഷാധികാരിയാണ് പ്രിൻസ് - ആർച്ച് ബിഷപ്പ്. സാലിയേരി മൊസാർട്ടിനെ കാണാൻ ആകാംക്ഷയോടെ കാത്തുനിൽക്കുകയാണ്. സംഗീതത്തിൽ അത്ഭുതസിദ്ധിയുള്ളവനെന്ന് അറിയപ്പെട്ടിരുന്ന, ഇരുപത്തൊന്നുകാരനായ മൊസാർട്ട് കൂട്ടുകാരി സ്റ്റാൻസിയുമായി കുട്ടിക്കളിയും പ്രണയചേഷ്ടകളും അവിടെ രഹസ്യമായി നടത്തുന്നത് സാലിയേരി ഒളിഞ്ഞു കാണുന്നു. മൊസാർട്ട് വഷളനും വിഡ്ഢിയും പക്വതയില്ലാത്തവനും ആണെന്ന് സാലിയേരിയ്ക്ക് തോന്നി. ദൈവം ഇത്രയും മഹത്തായ കഴിവ് തനിക്കുപകരം മൊസാർട്ടിന് നൽകിയത് എന്തുകൊണ്ടാണെന്ന് ഒരു ഭക്ത കത്തോലിക്കനായ സാലിയേരി സ്വയം ചോദിച്ചു. തന്നെയുമല്ല രാജധാനിയിൽ തന്റെ വിലകുറയ്ക്കാൻ മൊസാർട്ടിന്റെ കഴിവിലൂടെ ദൈവം ശ്രമിക്കുന്നുവെന്ന് സാലിയേരി കരുതുന്നു. സാലിയേരി ദൈവത്തെ ത്യജിക്കുകയും മൊസാർട്ടിനെ നശിപ്പിച്ച് ദൈവത്തോട് പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞ നടത്തുകയും ചെയ്യുന്നു.

വിയന്നയിൽ മൊസാർട്ട് ഏറെ

ഫിലിം വിഷൻ
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

പ്രശസ്തനായിക്കഴിഞ്ഞു .കൂട്ടുകാരിയായ സ്റ്റാൻസിയെ വിവാഹം കഴിച്ചു. അവർക്ക് ഒരു കുഞ്ഞ് ജനിച്ചു. വരുമാനം കുറവായിരുന്നെങ്കിലും അവർ സന്തോഷിച്ചു ജീവിച്ചു. എന്നാൽ ക്രമേണ സാമ്പത്തികപ്രശ്നങ്ങൾ രൂക്ഷമായപ്പോൾ കഷ്ടത നിറഞ്ഞ ജീവിതം കണ്ട് സ്റ്റാൻസിയുടെ മാതാവ് അവളെ വീട്ടിലേക്ക് വിളിച്ചു .

ഇതിനിടയിൽ, മൊസാർട്ടിന്റെ സുഹൃത്ത് ഇമ്മാനുവൽ തന്റെ തിയേറ്ററിനായി ഒരു ഓപ്പറ എഴുതാൻ മൊസാർട്ടിനെ പണം കൊടുത്ത് ക്ഷണിച്ചിരുന്നു. ആ ഓപ്പറ അപകടസാധ്യതയുള്ള ഒരു സംരംഭമായതിനാൽ, അത് ഉപേക്ഷിക്കണമെന്ന് ഭാര്യ സ്റ്റാൻസി നിർബന്ധിച്ചിട്ടും മൊസാർട്ട് ആ രചന പൂർത്തിയാക്കുവാൻ ബാധ്യസ്ഥനാവുകയാണ്. മൊസാർട്ടുമായി അവൾ തർക്കിച്ചു. ഒരു ദിവസം സ്റ്റാൻസി അവരുടെ ഇളയ മകൻ കാളിനൊപ്പം അവളുടെ മാതാവിന്റെ വീട്ടിലേക്ക് പോകുന്നു.



അങ്ങനെ സ്റ്റാൻസിയും വേർപിരിഞ്ഞതോടെ മോസർട്ടിൻറെ മദ്യപാനവും വർധിച്ചു. അത് കഠിനാധ്വാനിയായ അവന്റെ ആരോഗ്യത്തെ ബാധിച്ചു. മെല്ലെ രാജധാനിയിലെ പ്രശസ്തിയ്ക്ക് മങ്ങലേൽപ്പിച്ചു. എങ്കിലും മൊസാർട്ട് മികച്ച സംഗീതരചനകളിൽ മുഴുകി.

മൊസാർട്ടിന്റെ വേലക്കാരിയായി ഒരു പെൺകുട്ടിയെ സാലിയേരി കൗശലപൂർവ്വം നിയോഗിച്ചു. അങ്ങനെ സാലിയേരി, മോസർട്ടിന്റെ ഓരോ ദിനവൃത്തികളും നിരീക്ഷിച്ചു. ദ മാരിയേജ് ഓഫ് ഫിഗാരോ എന്ന നാടകത്തെ അടിസ്ഥാനമാക്കി ഒരു ഓപ്പറയിൽ മൊസാർട്ട് പ്രവർത്തിക്കുന്നതായി സാലിയേരി അറിയുന്നു. അത് ചക്രവർത്തി നിരോധിച്ചതാണ്. വിശദീകരികരണത്തിനായി മൊസാർട്ട് രാജധാനിയിലേക്ക് വിളിക്കപ്പെട്ടു. സാലിയേരിയുടെയും ഉപദേശകരുടെയും ഗൂഢശ്രമങ്ങൾക്കിടയിലും, ചക്രവർത്തിയെ ബോധ്യപ്പെടുത്തിക്കൊണ്ട് തന്റെ ഓപ്പറ അവതരിപ്പിക്കാനുള്ള അനുവാദം മൊസാർട്ട് നേടി. തന്റെ പിതാവ് മരിച്ചുവെന്ന് മൊസാർട്ടിനെ സാലിയേരി അറിയിച്ചു. ആ സങ്കടത്തിലാണ് ഡോൺ ജിയോവാനി എന്ന ഓപ്പറയ്ക്ക് മൊസാർട്ട് രൂപംനൽകുന്നത്. ഓപ്പറയിൽ മരണമടയുന്ന കഥാപാത്രമായ കമാൻഡറെ പ്രതീകമാക്കിക്കൊണ്ട് സാലിയേരി ഒരു ഗൂഢപദ്ധതി തയ്യാറാക്കുന്നു. മൊസാർട്ടിന്റെ പിതാവ് ലിയോപോൾഡിന്റെ ആത്മാവ് ഒരു മൃതശാന്തികർമ്മം നടത്താൻ തന്നോട്

ആവശ്യപ്പെട്ടുവെന്ന് സാലിയേരി മൊസാർട്ടിനെ ബോധ്യപ്പെടുത്തുന്നു. മൊസാർട്ട് ആ അന്ത്യസ്മരണരചന പൂർത്തിയാക്കിയാക്കുമ്പോൾ മൊസാർട്ടിനെ കൊല്ലാനും മൊസാർട്ടിന്റെ ശവസംസ്കാര ചടങ്ങിൽ അത് സ്വന്തം സൃഷ്ടിയായി അവതരിപ്പിക്കാനും സാലിയേരി പദ്ധതിയിടുന്നു. ആ സൃഷ്ടി തന്റേതാണെന്ന് സാലിയേരിക്ക് അവകാശപ്പെടുകയും വേണം.

ഇമ്മാനുവേലിന് വേണ്ടി രചിച്ച ഓപ്പറ, ദി മാജിക് ഫ്ലൂട്ട്, ഒരു വലിയ വിജയമായി. എന്നാൽ അമിതമായി ജോലി ചെയ്ത മൊസാർട്ട് സംഗീത പ്രകടനത്തിനിടെ തളർന്നുവീഴുന്നു. സാലിയേരി അവനെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. കിടപ്പിലായ മൊസാർട്ടിന്റെ വാചകം പകർത്തുവാൻ വാഗ്ദാനം ചെയ്തുകൊണ്ട് , മൃതശാന്തികർമ്മം എഴുതുന്നത് തുടരാൻ അവനെ പ്രേരിപ്പിക്കുന്നു. മൊസാർട്ട് തനിക്കറിയാവുന്ന ഏറ്റവും മികച്ച സംഗീതസംവിധായകനാണെന്ന് സാലിയേരി സമ്മതിക്കുന്നു. മൊസാർട്ട് തീർത്തും അവശനായി ശയ്യാവലംബിയായി. അതറിഞ്ഞ സ്റ്റാൻസി കുഞ്ഞുമായി മടങ്ങിയെത്തി. മൊസാർട്ട് സാലിയേരിയുടെ കൂടെ ജോലി ചെയ്യുന്നതായി കണ്ട് അവൾ ഞെട്ടി. സാലിയേരിയുടെ സ്വഭാവം അവൾക്ക് നേരത്തെ അനുഭവപ്പെട്ടതാണ്. സാലിയേരി ഉടൻ പോകണമെന്ന് അവൾ ആവശ്യപ്പെടുന്നു. പൂർത്തിയാകാത്ത മൃതശാന്തികർമ്മരചന അവൾ ഒരു അലമാരയിൽ അടച്ചു.

സ്റ്റാൻസിയും സാലിയേരിയും തർക്കത്തിലായി. അപ്പോഴേക്കും മൊസാർട്ട് മരിച്ചുകഴിഞ്ഞുവെന്ന് അവൾ സങ്കടത്തോടെ അറിഞ്ഞു. മഴ വീണുതുടങ്ങി ... മൊസാർട്ടിന്റെ മൃതശരീരം പട്ടണത്തിന് പുറത്തേക്ക് കൊണ്ടുപോയി, ഒരു കൂട്ടശവക്കുഴിയിൽ അജ്ഞാതമായി അടക്കം ചെയ്യുന്നു... സാലിയേരി ഓർമ്മയിൽ നിന്നും തിരിച്ചുവന്നു. സിനിമ ആരംഭിക്കുന്ന രംഗം തുടരുന്നു. ഫാദർ വോഗ്ലർ സാലിയേരിയെ കുമ്പസാരിപ്പിക്കുവാൻ കഴിയാതെ കുഴങ്ങുകയാണ്.

കരുണയുള്ള ദൈവം, തന്റെ മഹത്വത്തിന്റെ ഏറ്റവും ചെറിയ ഭാഗം സാലിയേരിക്ക് കൊടുക്കാൻ അനുവദിക്കുന്നതിനുപകരം തന്റെ പ്രിയപ്പെട്ട മൊസാർട്ടിനെ നശിപ്പിക്കാനാണ് ഇഷ്ടപ്പെട്ടതെന്ന് സാലിയേരി പറയുന്നു. ഒരു രക്ഷാധികാരി എന്ന നിലയിൽ താൻ ലോകത്തിലെ എല്ലാ സാധാരണക്കാർക്കും ഒപ്പം ഫാദർ വോഗ്ലർക്കുവേണ്ടിയും പ്രാർത്ഥിക്കുമെന്നും അവരെ മോചിപ്പിക്കുമെന്നും സാലിയേരി വിരോധാഭാസത്തോടെ വാഗ്ദാനം ചെയ്യുന്നു. സാലിയേരിയെ ഒരു ഇടനാഴിയിലൂടെ വീൽചെയറിൽ മാനസികരോഗാശുപത്രിയിലെ ജീവനക്കാർ കൊണ്ടുപോകുമ്പോൾ ആശുപത്രിയിലെ ബന്ധിതരായ മനസികരോഗികളുടെ ദയനീയ അവസ്ഥ സാലിയേരി കാണുന്നു. അവർക്ക് പാപമോചനം ആശംസിച്ചുകൊണ്ട് , സാലിയേരി കടന്നുപോകുമ്പോൾ, മൊസാർട്ടിന്റെ ചിരി അന്തരീക്ഷത്തിൽ മുഴങ്ങുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഡിസയർ ഓഫ് ലൗ ( ചോപിൻ ) / 124 മിനിറ്റ് / പോളണ്ട് / 2002 / സംവിധാനം - ജേഴ്സി ആന്റചക്

ക്ളാസിക്കൽ കാലഘട്ടത്തിൽ നിന്നും പാശ്ചാത്യ സംഗീത ചരിത്ര തന്ത്രികൾ കാൽപ്പനിക കാലത്തിലേക്ക് (1820 - 1900) ശ്രുതിമീട്ടുമ്പോൾ സംഗീത ശിൽപ്പങ്ങൾ കൂടുതൽ വൈകാരികവും വൈയക്തികവും ദേശീയവുമായി തീരുന്നത് നാം കേൾക്കുന്നു. ഈ റൊമാന്റിസിസ്റ്റ് പ്രസ്ഥാനത്തിലെ ലോകപ്രസിദ്ധരിൽ പ്രധാനിയാണ് പോളിഷ് പിയാനിസ്റ്റും സംഗീതസംവിധായകനുമായ ഫ്രഡറിക് ഫ്രൻസ്വ ചോപിൻ. പോളണ്ടിലെ വാഴ്സോയ്ക്ക് സമീപമുള്ള സേലാസോവ എന്ന സ്ഥലത്ത് 1810 മാർച്ച് 1 -ന് ചോപിൻ ജനിച്ചു. ചെറുപ്പം മുതൽക്കേ സംഗീതസിദ്ധി പ്രകടിപ്പിച്ചു. വാഴ്സോ കൺസെർവേറ്ററിയിൽ സംഗീതം അഭ്യസിച്ച ശേഷം ഓസ്ട്രിയായിലെ വിയന്നയിൽ എത്തി. പിയാനിസ്റ്റും സംഗീത രചയിതാവുമായി പരക്കെ അറിയപ്പെട്ടു. പോളിഷ് നാടോടി ശീലുകളും പരമ്പരാഗത വീരഗാഥകളും ലയിച്ച സംഗീതശിൽപ്പങ്ങൾ പോളിഷ് പൈതൃകത്തെയും ദേശീയതയെയും ജ്വലിപ്പിച്ചു.

1831 -ൽ ഫ്രാൻസിലെ പാരീസിലെത്തി. കലാകേന്ദ്രമായ പാരീസ് പട്ടണം അദ്ദേഹത്തിന്റെ ഭവനം പോലെയായി. ആമുഖങ്ങൾ, എറ്റ്യൂഡുകൾ, നിശാഗീതങ്ങൾ, ബാലെഡുകൾ, പോളോനൈഡുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന സംഗീതകൃതികൾ രചിച്ചു. ഫ്രഞ്ച് സാഹിത്യകാരി ജോർജ്ജ് സാൻഡ്സുമായി ( അമേൻറെൻ ഡ്യൂപിൻ) പത്തുവര്ഷക്കാലം പ്രണയബന്ധത്തിലായിരുന്നു. 1840 -കളിൽ ക്ഷയരോഗ ബാധയാൽ ചോപിന്റെ ആരോഗ്യംക്ഷയിച്ചു. 1849 ഒക്ടോബർ 17 -ന് മുപ്പത്തിയൊമ്പതാമത്തെ വയസ്സിൽ അന്തരിച്ചു. പോളണ്ടിൽ ദേശീയ നായകനായിട്ടാണ് ചോപിൻ ഇന്നും ആദരിക്കപ്പെടുന്നത്.

സാഹിത്യകാരി ജോർജ്ജ് സാൻഡ്സുമായുള്ള ഗാഢപ്രണയഗാഥയുടെ തുടക്കവും സങ്കീർണതകളും ക്ഷയരോഗവും ഒടുക്കവുമാണ് ഈ ചിത്രത്തിൻറെ ഉള്ളടക്കം. ഫ്രെഡറിക് ചോപിൻ തന്റെ മാതാപിതാക്കളോടും രണ്ട് സഹോദരിമാർക്കുമൊപ്പം വാർസോയിൽ താമസിക്കുന്നതു മുതൽക്കാണ് സിനിമ ആരംഭിക്കുന്നത്. കുതിരവണ്ടിയിൽ ഒരു രാജദൂതൻ ചോപ്പിന്റെ വസതിയിലെത്തുന്നു. പോളണ്ടിലെ ഫ്രഞ്ച് കുടിയേറ്റക്കാരനായ ചോപ്പിന്റെ പിതാവ് നിക്കോളാസ് ചോപിൻ, വിവിധ പ്രഭുകുടുംബങ്ങൾക്ക് സംഗീത അദ്ധ്യാപകനായി ജോലി ചെയ്യുകയാണ്. മകൻ ഫ്രഡറിക്ക് ചോപിനെ റഷ്യൻ ഗ്രാൻഡ് ഡ്യൂക്ക് കോൺസ്റ്റന്റൈൻ വിളിക്കുന്നതായി ദൂതൻ അറിയിച്ചു. അങ്ങനെ യുവാവായ ചോപിൻ കൊട്ടാരത്തിലെത്തുന്നു. കോൺസ്റ്റന്റൈന് പട്ടാള പരേഡിന് ഉതകുന്ന ചടുലതാളമുള്ള സംഗീതം വേണം. ഗ്രാൻഡ് ഡ്യൂക്ക് ഉദ്ദേശിക്കുന്നത് പോലെ ചോപിൻ

പിയാനോ വായിച്ചു. സംഗീതം എന്ന് പറയാൻ ഒന്നുമില്ല. പട്ടാള പരേഡിന് ചുവടു വെയ്ക്കാവുന്ന അരോചക ഈണം. ഗ്രാൻഡ് ഡ്യൂക്കിന് അതാണ് ഹരം. തിരികെ വസതിയിലെത്തിയ ചോപിൻ തന്റെ അസംതൃപ്തി പിതാവിനെ അറിയിച്ചു.പിതാവ് ഉപദേശിച്ചു. വാഴ്സോയിൽ ജീവിക്കാനും പഠിക്കാനും ഗ്രാൻഡ് ഡ്യൂക്കാണ് സാമ്പത്തിക സൗകര്യം ചെയ്യുന്നത്. അനുസരിച്ചേ പറ്റൂ.



പട്ടാളത്തിൽ പോളിഷ് ദേശസ്നേഹികളായ ചിലർ സൈനിക അട്ടിമറിക്ക് ശ്രമിക്കുന്നതായി വിവരമറിഞ്ഞ ഗ്രാൻഡ് ഡ്യൂക്ക് ഏതാനും പോളണ്ടുകാരെ കഠിന ശിക്ഷ കൊടുത്തുകൊണ്ട് സൈബീരിയയിലേക്ക് നാടുകടത്തുന്നു. ഗ്രാൻഡ് ഡ്യൂക്കി ന്റെ ഈ വിചാരണ പോളണ്ടുകാർ നിശബ്ദമായി നോക്കിനിന്നു. കൂട്ടത്തിൽ ചോപിനും പിതാവും. അവർക്കുള്ളിൽ അമർഷം എരിയുന്നുണ്ട്. പിറ്റേദിവസം കൊട്ടാരത്തിൽ നിന്നും വീണ്ടും വിളി വന്നു.പ്രഭി ചോപിനെ വിളിക്കുന്നു. പക്ഷെ പിതാവ് രാജദൂതനോട് പറഞ്ഞു - ഇനി മുതൽ ചോപിന് വരാൻ കഴിയില്ല. റഷ്യൻ ഭരണത്തിനെതിരായ പോളിഷ് കലാപത്തെ

ക്കുറിച്ചുള്ള വാർത്തയെത്തിയപ്പോൾ പിതാവ് ചോപിനെ പാരീസിലേക്ക് അയക്കുന്നു .ഇനി വാഴ്സോയിൽ നിന്നാൽ ചോപിന് മുന്നോട്ട് പോകാൻ ബുദ്ധിമുട്ടാവും.അവർ നിന്നെ ഇവിടെ വളരാൻ അനുവദിക്കില്ല. പാരീസിൽ ചെന്നാൽ ആരോടും അധികമൊന്നും സംസാരിക്കാൻ നിൽക്കരുത്.

പാരീസ്, 1831

പാരീസിലെത്തിയ ചോപിൻ സംഗീതമേളകൾ നടത്തുന്ന ഒരു സംരംഭകനെ കാണുന്നു. അയാൾ ചോപിൻറെ സംഗീത രചന പിയാനോയിൽ വായിച്ചുനോക്കിയിട്ട് പറഞ്ഞു - ഇത്തരം രചനകൾ സാധാരണ ജനങ്ങളെ ആകർഷിക്കില്ല. എന്നിട്ട് കുട്ടികൾക്കുള്ള ഈണം പിയാനോയിൽ വായിച്ചുകൊണ്ട് ഉപദേശിച്ചു - ഇതുപോലെ എന്തെങ്കിലും രചിക്കാൻ നോക്ക്.എന്നിട്ട് വരൂ.

നിരാശിതനായ ചോപിൻ പുറത്തേക്കിറങ്ങി അലക്ഷ്യമായി നടന്നു. എങ്ങും കോളറ പടർന്നുപിടിച്ചിരിക്കുന്നു. ശവശരീരങ്ങൾ കത്തിക്കുന്നു. മഴ നനഞ്ഞുനടന്ന ചോപിനെ അതുവഴി കുതിരവണ്ടിയിലെ ത്തിയ സുഹൃത്ത് ആൽബർട്ട് കണ്ടുമുട്ടുന്നു. ആൽബർട്ട് മൂന്നുമാസം കോളറ പിടിച്ച് ക്വാറന്റൈനിൽ ആയിരുന്നു. കുതിരവണ്ടിയിലിരുന്ന് ചോപിൻ പറഞ്ഞു - പാരീസിൽ പകുതിയോളം പേർ മരണമടഞ്ഞു. ഇവിടെ എനിക്ക് ഭാവിയൊന്നുമില്ല.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ആൽബർട്ട് ചോപിനു ഒരു അവസരമൊരുക്കി. പക്ഷെ ചോപിൻ അലോസരപ്പെട്ടു - ആരൊക്കെ ഉപദേശിച്ചാലും എനിക്കിങ്ങനെ സലൂണുകളിലൊന്നും പോയി പിയാനോ വായിക്കാൻ പറ്റില്ല. എനിക്ക് നിന്റെയോ എന്റെ പിതാവിന്റെയോ ഉപദേശമൊന്നും വേണ്ട. ആൽബർട്ട് ഒരു കത്ത് നീട്ടികൊണ്ടു അറിയിച്ചു - ഇത് അംബാസഡറുടെ കത്താണ്. ഇത് നിനക്ക് പാരീസിൽ പുതിയ മാർഗ്ഗങ്ങൾ തുറന്നുതരും. പ്രഭി ബരോനെസ് ക്ഷണിച്ചിട്ടുണ്ട്. ചോപിൻ എതിർത്തു - പറ്റില്ല. അതെന്റെ ആത്മാഭിമാനത്തെ നശിപ്പിക്കും. പിതാവ് മനുഷ്യത്വമില്ലാത്ത നാട്ടിലേക്കാണ് എന്നെ പറഞ്ഞുവിട്ടത്. ഞാൻ അമേരിക്കയിലേക്ക് പോകും.

ആൽബർട്ടിനൊപ്പം ഔദ്യോഗിക വിരുന്നു പരിപാടിയിൽ പങ്കെടുക്കാൻ ചോപിനും പോയി. ആൽബർട്ട്, ബരോനെസ് പ്രഭിയോട് പറഞ്ഞു - കുറേനാളായി ഒരുരക്ഷയുമായില്ലാതെ നിൽക്കുകയാണ് ചോപിൻ. ഇവിടെ അയാൾക്ക് ഒരു അവസരം കൊടുക്കണം. പ്രഭി സമ്മതിച്ചു. അതിൻപ്രകാരം ചോപിനെ പിയാനോ വായിക്കുവാൻ ക്ഷണിച്ചു. പ്രഭി അതിഥികളോട് പറഞ്ഞു - ഇനി സംഗീതജ്ഞനായ ചോപിൻ നമുക്കായി പിയാനോ വായിക്കുന്നു. ചോപിൻ പുതിയ അവസരങ്ങൾ തേടി പാരീസ് വിട്ട് അമേരിക്കയിലേക്ക് പോകുകയാണ്. അത് നമുക്കൊരു നഷ്ടമായിരിക്കും. ഇതാ കേൾക്കൂ കൂട്ടരേ , പ്രിയപ്പെട്ട ചോപിന്റെ സംഗീതം. തുടർന്ന് ചോപിൻ തന്റേതായ ശൈലി ആവിഷ്കരിച്ചു. പ്രഭിയും അതിഥികളും ചോപിനെ അഭിനന്ദിച്ചു. ആൽബർട്ട്, ഫ്രാൻ സ് എന്നിവർ പുതിയ സംഗീത പദ്ധതികൾക്ക് രൂപം കൊടുക്കുക യാണ്. അവിടെയെത്തിയ ഒരു സാഹിത്യകാരി അവരുടെ സുഹൃത്താണ്. അവൾ മദ്യപാനത്തിനിടയിൽ തന്റെ സങ്കടങ്ങൾ തുറന്നു പറഞ്ഞ് പൊട്ടിക്കരയാൻ തുടങ്ങി. അവിടേയ്ക്കെത്തിയ ചോപിൻ ദേഷ്യപ്പെട്ടു. കുടിച്ചുലക്കുകെട്ട സ്ത്രീയെ പുച്ഛത്തോടെ അവഗണിക്കുകയും ചെയ്തു. എന്നാൽ ഫ്രാങ്ക് അവളെ വിളിച്ച് ചോപിനെ പരിചയപ്പെടുത്തിയശേഷം വിളംബരം ചെയ്തു - ഇതാണ് സാഹിത്യകാരിയായ ജോർജ്ജ് സാൻഡ്സ്! ഇരുവരും നിമിഷങ്ങളോളം നോക്കിനിന്നു.ജോർജ്ജ് സാൻഡ്സ് സൗഹൃദത്തോടെ ഇടപെട്ടു. ചോപിൻ വണങ്ങി. അവൾ തന്റെ മൂത്ത മകൻ മൗറിസിനെയും ഇളയമകൾ സോളങ്കിനെയും ചോപിനു പരിചയപ്പെടുത്തി.

തുടർന്നുള്ള വിരുന്നുപരിപാടിയിൽ ചോപിൻ പിയാനോ വായിച്ചു.ജോർജ്ജ് സാൻഡ്സ് ചോപിനെ കുറിച്ച് ആൽബെർട്ടിനോട് അന്വേഷിച്ചു. ആൽബർട്ട് പറഞ്ഞു - ചോപിന് വിവാഹം ആയില്ല. ഒരാളെ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പക്ഷെ അതുനടക്കില്ല.പിതാവ് സമ്മതിക്കില്ല. ജോർജ്ജ് സാൻഡ്സ് പിയാനോ വായിക്കുന്ന ചോപിനെ ശ്രദ്ധിച്ചു. തിരികെ ചോപിനും.അവരുടെ കണ്ണുകൾ അഗാധമായൊരു നിമിഷകഥ പറ

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഞ്ഞു. സാഹിത്യ - സംഗീത ഹൃദയങ്ങളിൽ വാദ്യഘോഷം മുഴങ്ങി ! ഒരുദിവസം ആൽബെർട്ടിനോട് ജോർജ്ജ് സാൻഡ്സ് പറഞ്ഞു - ഭർത്താവായ ഒരുത്തന്റെ ക്രൂരതകൾ മടുത്തു. ആ അധ്യായം അടഞ്ഞു കഴിഞ്ഞു. ഇനി സ്നേഹിക്കാൻ ഒരാളെ വേണം. ചോപിന് ഇഷ്ടമെങ്കിൽ അയാൾക്ക് വേണ്ടി ഞാൻ എന്തും ചെയ്യും ... ഉച്ചഭക്ഷണസമയത്ത് കയറിവന്ന ഭർത്താവ് ജോർജ്ജ് സാൻഡ്സിനോട് പറഞ്ഞു - ചോപിനെ ഞാൻ കൊല്ലും. അവളെ മക്കളുടെ മുന്നിൽ വെച്ച് ക്രൂരമായി ഉപദ്രവിക്കുന്നത് കണ്ട സഹോദരൻ അവനെ ആട്ടിപ്പായിച്ചു. ഇനി വീട്ടിൽ വന്നുപോകരുത്.

ആൽബർട്ടിനോട് ഭക്ഷണസമയത്ത് ചോപിൻ ആരാഞ്ഞു - എൻറെ വിവാഹം മുടങ്ങി. ജോർജ്ജ് സാൻഡ്സ് എന്താണ് പറഞ്ഞത് ? ആൽബർട്ട് അറിയിച്ചു - നിന്നെ കൂടാതെ അവൾക്ക് ജീവിക്കാനാവില്ല. ചോപിൻ പറഞ്ഞു - എന്നെപോലൊരാൾക്ക് ഒരു സ്ത്രീയേക്കാൾ ഏറെ മുന്നോട്ട് പോകാനുണ്ട്. എനിക്ക് സമ്മതമാണ്.

വേനൽക്കാലത്ത് ജോർജ്ജ് സാൻഡ്സും മക്കളും ഉല്ലാസത്തിനു പോയപ്പോൾ സഹോദരൻ അവിടെയെത്തി ഒരു സന്ദേശം അറിയിച്ചു. ആൽബർട്ട് കൊടുത്തുവിട്ടതാണ്. ചോപിന് സുഖമില്ല. ന്യൂമോണിയ. വേഗം വരണം. ആൽബർട്ടിന്റെ വീട്ടിലെത്തിയ ജോർജ്ജ് സാൻഡ്സ് കിടപ്പിലായ ചോപിനെ ശുശ്രൂഷിക്കാൻ തുടങ്ങി. മരുന്നും പ്രത്യേക ഭക്ഷണവും അവൾ തയ്യാറാക്കി. ജോർജ്ജ് സാൻഡ്സും ചോപിനും കൂടുതൽ അടുത്തു. സ്നേഹത്തിന്റെ ചൂടും കുളിരും ശാന്തിയും പങ്കുവെച്ചു. ഒരുദിവസം ജോർജ്ജ് സാൻഡ്സിന്റെ ഭർത്താവ് കത്തിയുമായി അവിടെയെത്തി. ആൽബർട്ട് അവനെ കീഴ്പ്പെടുത്തിക്കൊണ്ട് ആജ്ഞാപിച്ചു - നീ പാരീസ് വിട്ടുപോകണം. ഇനി പാരീസിൽ കണ്ടാൽ കൊന്നുകളയും.

ജോർജ്ജ് സാൻഡ്സ് ചോപിനോട് അപേക്ഷിച്ചു - നമുക്കിവിടം വിട്ട് പോകാം ... ചോപിൻ ചോദിച്ചു - എങ്ങോട്ട് ? ... എവിടേയ്ക്കെങ്കിലും. എനിക്ക് സന്തോഷമായി ജീവിക്കണം ... അങ്ങനെ ചോപിനും ജോർജ്ജ് സാൻഡ്സും അവളുടെ മക്കളായ മൗറീസും സോളങ്കും വാൽഡെമോസ എന്ന മനോഹരഗ്രാമത്തിലെത്തുന്നു. അവിടെ പള്ളിയും പുരാതനമായ കൽത്തൂസിയൻ ആശ്രമവുമുണ്ട്. അവിടം ഒഴിഞ്ഞുകിടക്കുകയാണ്. പണ്ട് സന്യാസിമാർ ലോകത്തിൽ നിന്ന് മാറിനിൽക്കാൻ ഇവിടം ഉപയോഗിച്ചിരുന്നു. അത് വാടകയ്ക്കു കൊടുക്കും. അവർ ആ പഴയകെട്ടിടത്തിൽ താമസം ആരംഭിച്ചു. സന്തോഷകരമായ അന്തരീക്ഷത്തിൽ ചോപിന്റെയും ജോർജ്ജ് സാൻഡ്സിന്റെയും പ്രണയം പൂവണിഞ്ഞു. പക്ഷെ ചില പ്രശ്നങ്ങൾക്കും തുടക്കമായി. അവളുടെ മൂത്തമകൻ മൗറിസ് അവരുടെ പ്രണയജീവിതം ഇഷ്ടപ്പെടുന്നില്ല. അവനിൽ അമർഷം പുകഞ്ഞു. നിരന്തരം

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

അസ്വാരസ്യങ്ങൾ.

മഴയും തണുപ്പും വന്നപ്പോൾ ചോപിൻ വീണ്ടും രോഗാവസ്ഥയിലായി. ഡോക്ടർ പരിശോധിച്ചു. ചോപിന് ക്ഷയരോഗമാണ്. പ്രത്യേകം കരുതണം. മക്കളെ മാറ്റിനിർത്തണം. ഒരുദിവസം ഒരു സന്ദേശം ജോർജ്ജ് സാൻഡ്സിന് ലഭിക്കുന്നു. ഉടനെ തിരിച്ചുപോകണം. ഇതിനിടെ മൗറീസും ചോപിനും തമ്മിലുള്ള വൈരുധ്യം മൂർഛിച്ചു. മൗറിസിന് ചിത്രകലയോടാണ് താൽപ്പര്യം. അവനു സംഗീതം കേൾക്കുന്നത് അസഹ്യമാണ്. ചോപിൻ പിയാനോയിൽ സംഗീതരചന നടത്തുന്നത് കേൾക്കുമ്പോൾ മൗറിസിന് ക്ഷമകെടും. സംഗീതം വിലക്കും. അതുപോലെ മൗറിസ് വരയ്ക്കുന്ന ചിത്രങ്ങളോട് ചോപിന് മതിപ്പുമില്ല. അവർ നിശബ്ദശത്രുക്കളെ പോലെയാണ്. എന്നാൽ സോളങ്കിന് ചോപിനെ ഇഷ്ടമാണുതാനും. ഒരുദിവസം മൗറിസ് അമ്മയോട് ചോദിച്ചു - ചോപിന് ക്ഷയരോഗമാണെന്നു വേലക്കാരൻ പറഞ്ഞു. കൂടെ താമസിച്ചാൽ നമുക്കും ക്ഷയം പിടിക്കില്ലേ ? അയാളെ ഏതെങ്കിലും ആശുപത്രിയിൽ ആക്കിക്കൂടെ ? ജോർജ്ജ് സാൻഡ്സ് പറഞ്ഞു - ഇവിടെ മലാർമയിൽ ആശുപത്രിയില്ല. തന്നെയുമല്ല അവിടെ ചോപിനു താമസിക്കാനുമാവില്ല. മൗറിസ് - കാരണം ?. ജോർജ്ജ് സാൻഡ്സ് - നമ്മളിവിടെ താമസിക്കുന്നത് ഇവിടെയുള്ളവർക്ക് ഇഷ്ടവുമല്ല.മൗറിസ് - എന്തുകൊണ്ട് ? ജോർജ്ജ് സാൻഡ്സ് - എല്ലാം പിന്നീട് ഒരുദിവസം പറയാം.

അതുകേട്ട് മൗറിസ് അവളോട് ദ്വേഷ്യപ്പെട്ടു - എല്ലാം ? പിന്നീട് ഒരുദിവസം ? എപ്പോഴാണ് ആ ദിവസം ? ജോർജ്ജ് സാൻഡ്സ് ധർമസങ്കടത്തിലായി. ചോപിനോട് അവൾ അടുത്തിടപഴകുന്നതിൽ കലഹങ്ങൾ തുടങ്ങുന്നു. ചോപിൻ താനൊരു ക്ഷയരോഗിയായതിനാൽ തന്നെ അകറ്റുവാൻ ശ്രമം നടക്കുന്നു എന്ന് ധരിക്കുകയും ചെയ്യുന്നു. പക്ഷെ മക്കളെ ഉപേക്ഷിച്ച് ജോർജ്ജ് സാൻഡ്സിന് ഒന്നും ചെയ്യാനില്ല. കാരണം മക്കളാണ് തന്റെ ജീവിതത്തിൽ ആദ്യമെത്തിയത്. അത് സ്വന്തം രക്തവുമാണ്. വൈകാരികത, സഹതാപം എന്നിവയ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്.അത് യുക്തിയുമാണ്. മക്കളുടെ ആരോഗ്യവും ഭാവിയും പ്രധാനമാണ്... ചോപിൻ അവളോട് കയർത്തു. തന്നെ ഉപേക്ഷിച്ചുപോകാൻ ആവശ്യപ്പെട്ടു. ഇനി ഒരിക്കലും നമ്മൾ കാണരുത് ...

വർഷങ്ങൾ കടന്നുപോയി. ചോപിൻ ഇപ്പോൾ ജോർജ്ജ് സാൻഡ്സിന്റെ മാർസയിലുള്ള വീട്ടിൽ അതിഥിയാണ്. കൂടെ സഹായിയുമുണ്ട്. എങ്കിലും ജോർജ്ജ് സാൻഡ്സുമായുള്ള പ്രണയത്തിൽ നിരാശയുടെ നിഴലുകളുണ്ട്. അസംതൃതിയുണ്ട്. ഇതിനിടെ സോളങ്ക് ഒരു കൗമാരക്കാരിയായിക്കഴിഞ്ഞു. അവൾക്ക് ചോപിനോട് ബാലിശമായ പ്രതിപത്തിയുണ്ട്. യൗവനത്തിന്റെ ചാപല്യം. ആ ബന്ധം ജോർജ്ജ് സാൻഡ്സിനെ ഉലയ്ക്കുന്നു. മൗറിസിന്റെ പക വർധിച്ചു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

ചോപിനെ വീട്ടിൽ നിന്ന് മാറ്റണം.
ചോപിൻ കൂടുതൽ അനാരോഗ്യം നേരിട്ടുന്തോറും ശ്രദ്ധേയ സംഗീതരചനകൾ നടത്തിക്കൊണ്ടിരിക്കുന്നു. പിന്തുണയ്ക്കാൻ വയലി നിസ്റ്റായ സഹായിയുമുണ്ട്. സോളങ്കുമായുള്ള അടുപ്പം ഒരിക്കൽ ശാരീരിക വേഴ്ചയിലെത്തി. ബന്ധങ്ങൾ സങ്കീർണ്ണമായപ്പോൾ സുഹൃത്ത് ആൽബർട്ട് അവിടെ നിന്നും ചോപിനെ പാരീസിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു .



ശില്പി ക്ലെസിങ്ങുമായുള്ള സോളങ്കിൻറെ അടുപ്പം ശാരീരികവേഴ്ചയിലായതോടെ ജോർജ്ജ് സാൻഡ്സ് മകളെ ഗുണദോഷിച്ചു. പക്ഷെ മകൾ അമ്മയെ ചോദ്യം ചെയ്തു. സ്നേഹത്തെ കുറിച്ച് പഠിപ്പിക്കേണ്ടതില്ല. മക്കൾക്ക് എല്ലാം ഓർമ്മയുണ്ട്. ജോർജ്ജ് സാൻഡ്സ് അതുകേട്ട് സ്തബ്ധയായി. സോളങ്ക് ശില്പി ക്ലെസിങ്ങിനോടൊപ്പം വീടുവിട്ടുപോയി വിവാഹജീവിതം ആരംഭിച്ചു. ഒരിക്കൽ ജീവിക്കാനുള്ള സഹായം തേടി ഇരുവരും തിരിച്ചുവന്നു. മൗറീസുമായുള്ള തർക്കം സംഘർഷത്തിലായി. അതോടെ ജോർജ്ജ് സാൻഡ്സ് ഇരുവരെയും വീടിനു പുറത്താക്കി.

പാരീസിൽ ചോപിൻ അനാരോഗ്യത്തെ നേരിടുന്തോറും പുതിയ സംഗീതരചനകളും പൂർത്തിയാക്കിക്കൊണ്ടിരുന്നു. മകൾ സോളങ്കിനെയും ശില്പി ക്ലെസിങ്ങിനെയും പറഞ്ഞയച്ചതിനു പിന്നിൽ ചോപിനാണെന്ന് മനസിലാക്കുന്ന ജോർജ്ജ് സാൻഡ്സ് അവസാനമായി ചോപിന് ഒരു കത്തെഴുതി. ചോപിൻറെ ബന്ധങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്തുകൊണ്ട്.അസുഖം വേഗം ഭേദമാവട്ടെ എന്നും സോളങ്ക് നിന്റെ കിടക്കയിൽ ഉണ്ടായിരിക്കട്ടെ എന്നും നമ്മൾ തമ്മിലുള്ള എട്ടു വർഷത്തെ ബന്ധത്തിന് ദൈവത്തിന് നന്ദി പറയുന്നുവെന്നും അതിൽ എഴുതിയത് ചോപിൻറെ മനസിനെ ആഴത്തിൽ മുറിപ്പെടുത്തി.

ഒരു ദിവസം ജോർജ്ജ് സാൻഡ്സ് ആൽബർട്ടിന്റെ വീട്ടിൽ വരുന്നു. എതിരെ ചോപിൻ പടിയിറങ്ങുന്നു. ഇരുവരും ഒന്നും മിണ്ടാതെ നോക്കിനിന്നു. ചോപിൻ അവളെ അറിയിച്ചു. സോളങ്കിന് ഒരു കുഞ്ഞുപിറന്നു. ചോപിൻ പടിയിറങ്ങിയപ്പോൾ അവൾ പിന്നാലെ ചെന്നു ചോദിച്ചു. സുഖമാണോ ?. സ്നേഹത്തിൻറെ അഗാധതലങ്ങളിൽ ഓർമ്മയുടെ, വേദനയുടെ, അരികിലെത്തുന്ന സമാപ്തിയുടെ, മൗനത്തിൻറെ നിമിഷങ്ങൾ ...അതെ ...അതെ ... മെല്ലെ ചോപിൻ പടിയിറങ്ങിപ്പോയി.

പോളണ്ടിൽ ചോപിൻറെ വീട്ടിൽ മാതാവ്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ടെക്ലാ ജസ്റ്റീനസ്സ് മകൾ ലുഡ്‌വിക്ക ഒരു കത്ത് കാണിച്ചുകൊടുത്തു. പാരീസിൽ നിന്ന് ചോപിൻ അയച്ചത്. 1849 ജൂൺ 25 ന് എഴുതിയത്. തന്റെ സഹായത്തിന് ലുഡ്‌വിക്കയെ പ്രതീക്ഷിക്കുന്നു. അയച്ചുതരാൻ കയ്യിൽ ഒന്നുമില്ല. കടം വാങ്ങിയെങ്കിലും വരിക. അസുഖം ഭേദമാവുമ്പോൾ തിരികെ കൊടുക്കാം... കുട്ടിക്കാലത്ത് ലുഡ്‌വിക്കയുമൊത്താണ് ചോപിൻ ബാലപ്രതിഭകളായി യൂറോപ്പിൽ സംഗീതസഞ്ചാരം നടത്തിയത്. തന്റെ ജീവിതത്തിന്റെ അവസാന നാളുകൾ മറികടക്കാൻ സഹായിക്കാനാണ് ചോപിൻ ലുഡ്‌വിക്കയെ ക്ഷണിക്കുന്നത്. ലുഡ്‌വിക്ക പാരീസിലെത്തി. ചോപിന് അവൾ ആശ്വാസമായി. കൂടപ്പിറപ്പിൻറെ സ്നേഹസാന്നിധ്യം ഒരു ശക്തിയാണ്. ചോപിൻ ഓർമ്മയിലൊഴുകി... പുഞ്ചിരിക്കുന്ന ഒരു നക്ഷത്രം അകലെ തിളങ്ങുന്നു... ബാല്യത്തിന്റെ സ്വപ്നങ്ങളിലേക്ക് മടങ്ങുന്നു ...

പോളണ്ടിന്റെ അതിർത്തിയിൽ ഫ്രാൻസിൽ നിന്ന് ഒരു കുതിരവണ്ടി വന്നുനിന്നു. അതിൽ നിന്നും ലുഡ്‌വിക്ക ഇറങ്ങിവന്നു. അതിർത്തി സേനയിലെ ഉദ്യോഗസ്ഥൻ ചോദിച്ചു - എവിടെ നിന്നാണ് ?. ലുഡ്‌വിക്ക - പാരീസിൽ നിന്ന്... കയ്യിൽ സ്വർണ്ണം, പണം എന്തെങ്കിലുമുണ്ടോ ?... ഇല്ല.... വെറും കയ്യോടെയാണോ വീട്ടിലേക്കുള്ള മടക്കം?.... ഞാൻ സഹോദരൻറെ ശവസംസ്കാരം കഴിഞ്ഞ് വരികയാണ്... വേറെയെന്തുണ്ട് ? .... ഒരു ഹൃദയം ... കുതിരവണ്ടി ലുഡ്‌വിക്കയെയും കൊണ്ട് പോളണ്ടിന്റെ ഗ്രാമവിജനതയിലേക്ക് നീങ്ങി. ടൈറ്റിൽ തെളിയുന്നു ...ഫ്രഡറിക്ക് ചോപിൻ 1849 ഒക്ടോബർ 17 -ന് അന്തരിച്ചു. അദ്ദേഹത്തിൻറെ ഹൃദയം വാഴ്സോ യിലെ ഹോളിക്രോസ് ദൈവാലയത്തിൽ നിത്യശാന്തി കൊള്ളുന്നു ...

• • •



ഫിലിം
filca FILM LOVERS CULTURAL ASSOCIATION
വിഷൻ
www.filca.in

DIGITAL MAGAZINE
PUBLISHED BY FILCA

ശേഷം വെള്ളിത്തിരയിൽ - പരമ്പര 2

# സ്വർണ്ണമെഡൽചിത്രത്തിൽ തുടക്കം



വിജയകൃഷ്ണൻ



അന്നൊരു ശനിയാഴ്ചയായിരുന്നു. പുറത്തുപോയിരുന്ന അച്ഛൻ മടങ്ങിയെത്തിയപ്പോൾ എനിക്ക് ഉറക്കം വന്നു തുടങ്ങിയിരുന്നു.

വന്നപാടെ അച്ഛൻ എന്നോടു പറഞ്ഞു: "നാളെ നമുക്കൊരു സിനിമ കാണാൻ പോകാം. രാവിലെയാണ്."
എന്റെ ഉറക്കമെല്ലാം പോയി. അന്ന് 'സീതാരാമകല്യാണം 'കണ്ടുകഴിഞ്ഞപ്പോൾ ഇനി അടുത്തെങ്ങും സിനിമ കാണാൻ പറ്റുമെന്ന് ഞാൻ ചിന്തിച്ചിരുന്നതേയില്ല. സിനിമ കാണാമെന്ന സന്തോഷമായിരുന്നു മനസ്സ് നിറയെ. അച്ഛൻ ആരോടോ ഫോണിൽ സംസാരിക്കുന്നതുകേട്ടപ്പോഴാണ് കാണാൻ പോകുന്നത് ഒരു ബംഗാളി സിനിമയാണെന്ന് എനിക്ക് മനസ്സിലായത്. പിറ്റേന്ന് തിയേറ്ററിലെത്തുമ്പോൾ അച്ഛന്റെ പല സുഹൃത്തുക്കളെയും അവിടെക്കണ്ടു. അവരാരും സിനിമയെക്കുറിച്ചല്ല സംസാരിക്കുന്നത്. സ്വാമി വിവേകാനന്ദനെക്കുറിച്ചൊക്കെയാണ്. അതിന്റെ കാരണം മനസ്സിലായത് പടം തുടങ്ങിയപ്പോഴാണ്. ചിത്രത്തിലെ ഒരു പ്രധാനകഥാപാത്രം സ്വാമി വിവേകാനന്ദനായിരുന്നു.

സർവമതസമ്മേളനത്തിൽ പങ്കെടുക്കാൻ അദ്ദേഹം അമേരിക്കയിലെത്തുന്നതും അവിടെ നേരിടുന്ന കഷ്ടപ്പാടുകളുമൊക്കെ ചിത്രത്തിൽ കണ്ടത് ഇപ്പോഴും ഓർമ്മയുണ്ട്.'ബ്രദേഴ്സ് ആൻഡ് സിസ്റ്റേഴ്സ് ഓഫ് അമേരിക്ക' എന്ന സംബോധനയെത്തുടർന്നുണ്ടാവുന്ന

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

കരഘോഷവും ഓർമ്മയിൽ മായാതെ നില്ക്കുന്നു .പിന്നീട് വിവേകാനന്ദനെക്കാൾ ചിത്രത്തിൽ കൂടുതൽ സമയം വരുന്നത് സിസ്റ്റർ നിവേദിതയായിരുന്നു.വർഷങ്ങൾ കഴിഞ്ഞപ്പോൾ ഞാനന്ന് കണ്ട ബംഗാളി ചിത്രം ഏതായിരുന്നുവെന്ന് തിരഞ്ഞു.അപ്പോഴാണ് ബിജോയ് ബോസ് സംവിധാനം ചെയ്ത ' ഭഗിനി നിവേദിത'യായിരുന്നു ഞാനന്ന് കണ്ട ചിത്രം എന്ന് തിരിച്ചറിഞ്ഞത്.അക്കൊല്ലത്തെ മികച്ച ചിത്രത്തിനുള്ള സ്വർണ്ണമെഡൽ നേടിയ ചിത്രമായിരുന്നു .അക്കാരണം കൊണ്ടാണ് മോർണിങ് ഷോ ആയി കോഴിക്കോട്ട് അത് പ്രദർശിപ്പിക്കപ്പെട്ടത്.

സ്കൂൾ തുറന്നപ്പോൾ രണ്ടു സിനിമകൾ കണ്ടതിന്റെ ഗമയിലാണ് ഞാൻ പോയത്.ആ അവധിക്കാലത്ത് തന്നെ നാലോ അഞ്ചോ പടങ്ങൾ കണ്ടിരുന്ന കൂട്ടുകാർ 'അല്പന് അർഥം കിട്ടിയാൽ അർദ്ധരാത്രിക്ക് കുട പിടിക്കും 'എന്ന പോലെ വിചാരിച്ച് അത് തള്ളിക്കളഞ്ഞു." ഞാൻ ബംഗാളി പടം കണ്ടിട്ടുണ്ട് "എന്ന് പറഞ്ഞപ്പോൾ നീ തമിഴ് കണ്ടിട്ടുണ്ടോ ഹിന്ദി കണ്ടിട്ടുണ്ടോ എന്നൊക്കെ ചോദിച്ച് എന്നെ കൊച്ചാക്കാനാണ് അവർ ശ്രമിച്ചത്.

എന്റെ സ്കൂൾ വിദ്യാഭ്യാസകാലത്ത് കാട്ടാക്കടയിലെ ശ്രീരാമ അല്ലാതെ മറ്റൊരു തിയേറ്ററും അടുത്ത പ്രദേശങ്ങളിലൊന്നുമുണ്ടായിരുന്നില്ല. പുണ്യപുരാണചിത്രങ്ങളായിരുന്നു അവിടത്തെ സൂപ്പർ ഹിറ്റുകൾ. 'ശബരിമല ശ്രീ അയ്യപ്പൻ 'വന്നപ്പോൾ 'അമ്മ ഞങ്ങളെയും കൊണ്ട് ശ്രീരാമയിൽ പോയി.ഞാൻ കണ്ട ആദ്യത്തെ കളർ ചിത്രമായിരുന്നു അത്. ഞങ്ങളോടൊപ്പമുണ്ടായിരുന്ന ജോലിക്കാരി ഇടവേളയിൽ അമ്മയോട് പറഞ്ഞു:"അമ്മച്ചീ, പൈസ താ.പാട്ടുപുസ്തകം വാങ്ങിക്കൊണ്ടുവരാം. " പാട്ടുപുസ്തകം വാങ്ങിക്കൊണ്ടുവന്നപ്പോൾ അവർ അത് വിൽക്കുന്നിടത്ത് വലിയ തിരക്കായിരുന്നു എന്ന് പറഞ്ഞു. ആഴ്ചകളോളം വീട്ടുജോലിയുടെ ഇടവേളകളിൽ ഉത്തരത്തിൽ തിരുകിവച്ചിരുന്ന പാട്ടുപുസ്തകമെടുത്ത് അവർ ഈണത്തിൽ പാടുമായിരുന്നു. പിന്നീടെപ്പോഴോ ആ പാട്ടുപുസ്തകം എന്റെ സ്വകാര്യശേഖരത്തിലെത്തി. വര്ഷങ്ങളോളം ഞാനത് സൂക്ഷിച്ചുവച്ചിരുന്നു.

ഞങ്ങളുടെ സീ ക്ലാസ്സ് തിയേറ്ററിൽ മൂന്നോ നാലോ വാരമാണ് 'ശ്രീ അയ്യപ്പൻ' ആടിത്തകർത്തത്.പണ്ടുകാലത്ത് സിനിമാസ്റ്റുഡിയോകളെല്ലാം മദ്രാസിൽ കേന്ദ്രീകരിച്ചിരുന്നില്ല.

കോയമ്പത്തൂർ,സേലം തുടങ്ങിയ പട്ടണങ്ങളിലെല്ലാം സ്റുഡിയോകളുണ്ടായിരുന്നു. മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രമായ ' ബാലനും' ആദ്യത്തെ വർണ്ണചിത്രമായ ' കണ്ടo ബെച്ച കോട്ടും'നിർമ്മിച്ചത് സേലത്തെ മോഡേൺ തിയേറ്റേഴ്സ് എന്ന സ്റുഡിയോയിലായിരുന്നു. 'ശബരിമല ശ്രീ അയ്യപ്പൻ' കോയമ്പത്തൂർ പക്ഷിരാജാ സ്റ്റുഡിയോയുടെ നിർമ്മിതിയായിരുന്നു. സ്റ്റുഡിയോ ഉടമയും നിർമ്മാതാവുമായ ശ്രീരാമുലു നായിഡു തന്നെയായിരുന്നു ചിത്രത്തിൻറെ സംവിധായകനും.

വീട്ടിൽ നിന്ന് പിന്നീട് കാണാൻ പോയ ചിത്രം 'ഭക്തകുചേല'യായിരുന്നു.കാട്ടാക്കട യ്ക്കുള്ള ബസ് കിട്ടാൻ കുറെ വൈകി. അതുകാരണം, ഞങ്ങൾ ചെല്ലുമ്പോൾ സിനിമ തുടങ്ങിക്കഴിഞ്ഞിരുന്നു. ശ്രീകൃഷ്ണൻ്റെ ബാലലീലകൾ നടക്കുകയായിരുന്നു അപ്പോൾ.സിനിമ തുടക്കം തൊട്ടേ കാണാൻ കഴിയാഞ്ഞതിൽ എനിക്ക് സങ്കടമുണ്ടായി. ഇപ്പോഴും ഒരു സിനിമ തുടക്കം തൊട്ടേ കണ്ടില്ലെങ്കിൽ എനിക്ക് വിഷമമാണ്.

സ്കൂളിൽച്ചെന്ന് 'ഭക്തകുചേല'യുടെ വിശേഷം പറഞ്ഞപ്പോൾ മുരുകേശൻ പറഞ്ഞു,"ഇതിന്റെ കൂടെ വേറൊരു കുചേലയും വന്നായിരുന്നു. അതിലാണെങ്കിൽ നമ്മടെ സത്യനും നസീറുമൊക്കെയുണ്ട്.ഇതില് മൊത്തം തെലുങ്കമ്മാരാണെന്നാണ് അണ്ണൻ പറഞ്ഞത്. എന്നിട്ടും ഈ പടമാണ് ഓടുന്നത്. എന്തരോ എന്തോ."

മുരുകേശൻ പറഞ്ഞത് സത്യമായിരുന്നു. അതിന്റെ പിന്നിലെ കഥ ഇതാണ്. ഫിലിം സ്റ്റുഡിയോകളുടെ സുവർ ണ്ണകാലമായിരുന്നു അത്.ഹോളിവുഡിലായാലും ബോളിവുഡിലായാലും സിനിമയ്ക്ക് പ്രാധാന്യമുള്ള ഏതു രാജ്യത്തെ സ്റ്റുഡിയോകളായാലും പരസ്പരം അങ്കം വെട്ടുന്ന കാലം. നല്ല സംവിധായകർക്കുവേണ്ടി, നല്ല നടീനടന്മാർക്കുവേണ്ടി , നല്ല കഥകൾക്കുവേണ്ടി ഒക്കെ മത്സരമാണ്. നമ്മുടെ കേരളത്തിൽ ആകെ രണ്ടു സ്റുഡിയോകളാണുണ്ടായിരുന്നത്. സ്റ്റുഡിയോ ഉടമകൾ തന്നെ സംവിധായകരായിരുന്നതിനാൽ അക്കാര്യത്തിൽ മത്സരമുണ്ടായിരുന്നില്ല. എന്നാൽ, താരങ്ങളുടെ കാര്യത്തിൽ മത്സരമുണ്ടായിരുന്നു. സത്യനെ ആദ്യം അഭിനയിപ്പിച്ചത് മെരിലാൻഡ് സ്റ്റുഡിയോയുടെ സുബ്രഹ്മണ്യമായിരുന്നെങ്കിലും പിന്നീട് അദ്ദേഹം ഉദയ സ്റ്റുഡിയോയുടെ സ്ഥിരം താരമായപ്പോൾ കൈയൊഴിഞ്ഞു. പിന്നെ പ്രേം നസീറായി

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
DIGITAL MAGAZINE
PUBLISHED BY FILCA

കുറേക്കാലം മെരിലാൻഡ് സ്റ്റുഡിയോയുടെ സ്ഥിരം നായകൻ.

നസീറും ഉദയയിലെ സ്ഥിരക്കാരനായപ്പോൾ മെരിലാൻഡ് അദ്ദേഹത്തെയും വിട്ടു.അന്യഭാഷാതാരങ്ങളെയും പുതുമുഖങ്ങളെയുമാണ് മെരിലാൻഡ് പിന്നീട് നായകന്മാരായി ഇറക്കിയത്.മധുവും മെരിലാൻഡിന്റെ ഒരു സ്ഥിരം നടനായിരുന്നു.അദ്ദേഹം ഉദയായിൽ രണ്ടു ചിത്രങ്ങളിൽ മാത്രമേ അഭിനയിച്ചിട്ടുള്ളൂ. ഉദയായിൽ പുതുമുഖമായെത്തിയ മിസ് കുമാരി അവിടെ നിന്ന് പിരിഞ്ഞപ്പോൾ മെരിലാൻഡിലെ  സ്ഥിരം നായികയായി. പില്ക്കാലത്ത്  വിജയശ്രീയും ഉദയായിൽനിന്ന്പി ണങ്ങിപ്പിരിഞ്ഞപ്പോൾ മെരിലാൻഡിലാണെത്തിച്ചേർന്നത്.കൗ തുകകരമായ ഒരു കാര്യം സ്വഭാവനടന്മാരുടെ കാര്യത്തിൽ ഈ സ്വാർത്ഥതയൊന്നുമുണ്ടായിരുന്നില്ല എന്നതാണ്.തിക്കുറിശ്ശിയും കൊട്ടാരക്കരയും എസ് .പി.പിള്ളയുമൊക്കെ അപ്പുറത്തും ഇപ്പുറത്തും യഥേഷ്ടം നിറഞ്ഞാടിയിട്ടുണ്ട്.ചിത്രങ്ങളുടെ പേര്,കഥ ഇവയിലൊക്കെയാണ് യുദ്ധം മുറുകിയിരുന്നത്.ഉദയാ 'മരിക്കാത്ത സുന്ദരി ' എന്നൊരു പേര് അനൗൺസ് ചെയ്തപ്പോൾ മെരിലാൻഡ് 'ഉറങ്ങാത്ത സുന്ദരി' പരസ്യം ചെയ്തു.' ഉറങ്ങാത്ത സുന്ദരി' നേരത്തേ ഇറങ്ങിയപ്പോൾ ഉദയാ പടത്തിന്റെ പേര് മാറ്റി.ഈ യുദ്ധത്തിലെ ആദ്യാനുഭവമാണ് കുചേലകഥ.ഉദയായാണ് ആദ്യം പടം അനൗൺസ് ചെയ്തത്.'കൃഷ്ണകുചേല'.മലയാളത്തി ന്റെ പ്രിയതാരങ്ങളെ ഒന്നടങ്കം അതിൽ അണി നിരത്തുകയും ചെയ്തു.ഗാനരചന പി.ഭാസ്കരൻ, സംഗീതം കെ.രാഘവൻ.ഇനിയിപ്പോൾ സുബ്രഹ്മണ്യം എന്ത് ചെയ്യും എന്നാണ് കുഞ്ചാക്കോ ചിന്തിച്ചത്.സുബ്രഹ്മണ്യം തന്റെ ചിത്രത്തിന് 'ഭക്തകുചേല'എന്ന് പേരിട്ടു.'കൃഷ്ണകുചേല' യിൽ പ്രേംനസീർ കൃഷ്ണനായപ്പോൾ 'ഭക്തകുചേല'യിൽ മലയാളി കണ്ടിട്ടില്ലാത്ത കാന്തറാവു എന്ന തെലുങ്ക്നടൻ കൃഷ്ണനായി.മുത്തയ്യ 'കൃഷ്ണകുചേല'യിലെ കുചേലനായപ്പോൾ ആഞ്ജനേയലു ഭക്തകുചേല'യിലെ കുചേലനായി.കൃഷ്ണനും കുചേലനുമായി അന്നേവരെ കണ്ടിട്ടില്ലാത്ത നടൻമാർ വന്നപ്പോൾ ജനങ്ങൾക്കത് കൂടുതൽ സ്വീകാര്യമായി എന്നുവേണം കരുതാൻ.മെരിലാൻഡിന് അതുകൊണ്ട് മറ്റൊരു ലാഭം കൂടിയുണ്ടായി. തെലുങ്കിലെ പോപ്പുലർ നടന്മാരായിരുന്ന ഇവർ രണ്ടാളും നായകന്മാരായി വന്നതുകൊണ്ട് ചിത്രത്തിൻറെ തെലുങ്ക് പതിപ്പും

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ഹിറ്റായി. പി.ഭാസ്കരന് തിരുനൈനാർ കുറിച്ചിയോ കെ.രാഘവന് ബ്രദർ ലക്ഷ്മണോ ബദലല്ലെങ്കിലും 'ഭക്തകുചേല'യിലെ ഗാനങ്ങളും ജനപ്രീതിയിൽ ബഹുദൂരം മുന്നിലായിരുന്നു. 'ഈശ്വരചിന്തയിതൊന്നേ മനുജന് ', 'മായാമാധവഗോപാലാ 'എന്നീ ഗാനങ്ങൾ സന്ധ്യാപ്രാർത്ഥനകൾ പോലെ ഗൃഹങ്ങളിൽ മുഴങ്ങി.

അതെല്ലാം പോട്ടെ, നമുക്ക് എന്റെ ചലച്ചിത്രയാത്രകളിലേക്ക് തിരിച്ചുവരാം.ശ്രീരാമായിൽ 'വേലുത്തമ്പിദളവാ 'എന്ന ചിത്രം വന്നപ്പോൾ ജോലിക്കാരിച്ചേച്ചിക്ക് അത് കാണാൻ പോകണമെന്ന് വലിയ നിർബന്ധം.അടുത്ത വീട്ടിലെ സ്ത്രീയും അവരും കൂടി പോകാൻ പദ്ധതിയിട്ടപ്പോൾ അവർ എന്റെ അമ്മയോട് പറഞ്ഞു:"കൃഷ്ണൻ കുട്ടി കൂടി ഞങ്ങളുടെ കൂടെ വരട്ടെ.ഞങ്ങക്കൊരു ആൺകൂട്ടാവുമല്ലോ."അമ്മയ്ക്ക് അതത്ര പിടിച്ചില്ല."പിന്നേ ,ആറാം ക്ലാസ്സില് പഠിക്കണ കൊച്ചല്ലേ നിങ്ങളെ സംരക്ഷിക്കാൻ വരണത്?" അങ്ങനെ പറഞ്ഞെങ്കിലും തിരിഞ്ഞെന്നോട് ചോദിച്ചു:" നെനക്ക് പോണംന്നുണ്ടോ?" "പോണം " ഒട്ടും സമയം കളയാതെ ഞാൻ ചാടിക്കേറി പറഞ്ഞു.ആ പടവും തുടങ്ങിക്കഴിഞ്ഞശേഷമാണ് ഞങ്ങൾ തിയേറ്ററിലെത്തിയത്.

ആയിടെയാണ് ഞാനൊരു സിനിമാഷൂട്ടിങ് നേരിൽ കാണുന്നത്.ഒരു ദിവസം ഉച്ച കഴിഞ്ഞപ്പോൾ ക്ലാസ്സിലെ ചില പിള്ളേർ പറഞ്ഞു:"എടേ ,പള്ളീല് ഷൂട്ടിങ് നടക്കുന്നു.നമ്മടെ പെറടിയാശാൻ അഭിനയിക്കുന്നൊണ്ട് .നീ വരുന്നെങ്കി വാ."അപ്പോഴാണ് മറ്റു ക്ലാസ്സുകളിലെ കുട്ടികളൊക്കെ പുറത്തേക്കോടുന്നതും തിരിച്ചു കയറിവരുന്നതുമൊക്കെ ഞാൻ ശ്രദ്ധിക്കുന്നത്." ക്ലാസ്സിൽ നിന്നിറങ്ങിപ്പോകാൻ വിഷമമായിരുന്നെങ്കിലും സിനിമാഷൂട്ടിങ് എന്ന ആകർഷണത്തിൽ ഞാനവരുടെകൂടെ പോയി.

പള്ളി ദൂരെയൊന്നുമല്ല.റോഡ് മുറിച്ചുകടന്ന് അല്പം നടന്നാൽ പള്ളിയായി.ഞങ്ങളുടെ സ്കൂൾ പള്ളിയുടെ വകയായിരുന്നു.പള്ളിയുടെ പ്ലാറ്റിനം ജൂബിലിക്ക് വിശിഷ്ടാതിഥിയായി വിളിച്ചത് എന്നെയായിരുന്നു.അന്ന് ഷൂട്ടിങ് കാണാൻ പള്ളിയിലേക്ക് നടക്കുമ്പോൾ പെറടിയാശാനെക്കുറിച്ചായിരുന്നു എന്റെ ചിന്ത.നാട്ടിലെ കുട്ടികൾ മുഴുവൻ ഭയത്തോടെ കാണുന്ന ഒരാളാണ്

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
www.filca.in
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033
DIGITAL MAGAZINE
PUBLISHED BY FILCA

ആശാൻ.കറുത്തുതടിച്ച,സാമാന്യത്തിലധികം പൊക്കമുള്ള ഒരു മനുഷ്യൻ. പോരാത്തതിന് വലിയൊരു കൊമ്പൻ മീശയും.കൈയിലെപ്പോഴും ഒരു തോക്ക് കാണും.പക്ഷികളെ വെടിവയ്ക്കുകയാണ് ആശാന്റെ തൊഴിൽ.ഈ സിനിമയോടെ ആശാൻ തിരക്കുള്ള വില്ലനാവുമോ എന്നായിരുന്നു എന്റെ ചിന്ത.

ഞങ്ങൾ ചെല്ലുമ്പോഴേക്ക് പെറടിയാശാൻ അഭിനയിച്ചുകഴിഞ്ഞിരുന്നു.അയാൾ അടുത്തൊരു തെങ്ങിൽ ചാരി നില്ക്കുകയായിരുന്നു.തോക്കില്ലാതെ ഞാൻ അയാളെ ആദ്യമായി കാണുകയായിരുന്നു.മുഖത്തെ ഭീഷണഭാവവും അപ്രത്യക്ഷമായിരുന്നു.ഷൂട്ടിങ് കാണാൻ വന്നു കൂടിയ ആളുകളുടെ മുഖത്തെ അതേ ഔൽസുക്യമാണ് അയാളുടെ മുഖത്തും കണ്ടത്.( വർഷങ്ങൾ കഴിഞ്ഞപ്പോൾ പെറടിയാശാനെക്കാൾ ഭീകരന്മാരായ പലരും ഷൂട്ടിങ് സെറ്റിൽ സ്കൂൾ കുട്ടികളെപ്പോലെ പരുങ്ങി നില്ക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്.)

കറുത്ത സാരി ധരിച്ച ഒരു യുവതി ബോധംകെട്ട് കിടക്കുന്നു.നാട്ടുകാർ ചുറ്റും നിന്ന് നോക്കുന്നു.പള്ളിയിൽ നിന്ന് ഒരു കന്യാസ്ത്രീ ഇറങ്ങിവന്ന് യുവതിയെ തൊട്ടുനോക്കുന്നു.കൂടി നില്ക്കുന്നവരോട് എന്തോ പറയുന്നു.ഇത്രയുമാണ് അവിടെ ഷൂട്ട് ചെയ്തത്.'കളിയോടം ' എന്നാണ് ആ സിനിമയുടെ പേരെന്ന് പലരും പറയുന്നത് കേട്ടു.വർഷങ്ങൾ കഴിഞ്ഞ് തിരുവനന്തപുരത്ത് ശ്രീകുമാർ തിയേറ്ററിൽ 'കളിയോടം' വീണ്ടും പ്രദർശനത്തിനെത്തിയപ്പോൾ ഞാൻ പോയിക്കണ്ടു.പള്ളിക്കുമുന്നിലെ ആ സീൻ ഏതാനും നിമിഷങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.കൂടിനില്ക്കുന്ന ആൾക്കാരിൽ ആരുടെയും മുഖം വ്യക്തമായിരുന്നില്ല.പെറടിയാശാന്റെ നിഴൽ പോലും എങ്ങും കണ്ടതുമില്ല! ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് പ്രമാദമായ ഒരു വാർത്ത സ്കൂളിൽ ചുറ്റിയടിച്ചത്.സാക്ഷാൽ സത്യന്റെ അനുജൻ ഞങ്ങളെ പഠിപ്പിക്കാനെത്തുന്നു എന്നതായിരുന്നു വാർത്ത.സ്കൂളിലെ താരങ്ങളുടെ ആരാധകരാരും ഒരു താരത്തെയും നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ല.അതുകൊണ്ട് താരമല്ലെങ്കിൽ താരത്തിന്റെ അനുജനെ നേരിൽ കാണാമല്ലോ എന്ന ആഹ്ലാദത്തിലായിരുന്നു കുട്ടികൾ.അദ്ദേഹത്തിൻറെ വരവിനായി സ്കൂൾ അക്ഷമയോടെ കാത്തു...

• • •


കാർഷികാഭിവൃദ്ധിയും ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമാക്കി
അതിവേഗ വായ്പ സേവനങ്ങളുമായി മുന്നോട്ട്...
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും,
പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കൂടി ചേർന്ന്
"നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി"
(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)
ആകർഷണീയമായ വ്യവസ്ഥയിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.
ആവശ്യമേതുമാകട്ടെ
കൃഷി • വ്യവസായം • ഭവനം • വ്യാപാരം • വാഹനം
സ്വർണ്ണപ്പണയം • ഫാം ടൂറിസം • വസ്തു വാങ്ങൽ
പ്രതിമാസ സമ്പാദ്യ പദ്ധതി • സ്ഥിര നിക്ഷേപ പദ്ധതി
• വിദ്യാഭ്യാസം • കിസാൻ സമൃദ്ധി
"ഗുഡ്പേ മാസ്റ്റർ"പദ്ധതി
കൃത്യമായ വായ്പ തിരിച്ചടവിന് പലിശ ഇളവ്....
➤ മിതവും സുതാര്യവുമായ പലിശനിരക്ക് ➤ സ്വീകാര്യമായ വ്യവസ്ഥകൾ ➤ നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശനിരക്ക്
വായ്പകൾ താലൂക്കടിസ്ഥാനത്തിലുള്ള 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.
തിരുവനന്തപുരം, ഫോൺ: 0471-2460595
Web: www.keralalandbank.org E-mail: ho.cardbank@gmail.com
Administrator: Jothy Prasad.R
Managing Director: Parvathy Nair.K.L


MS COMPUTER SOLUTION
TRIVANDRUM VELLAYANI
PIN:695522
8281400883,7025031297
subashms1991@gmail.com
*Desktop & Laptop service
*LED,LCD Monitor service
*All software installing
*virus removal & data backup
*Networking & security.
*New & Used
computer, Laptop sales
*All computer laptop Accessories
on sit service
ATI
DELL
IBM
NEC
SONY
acer
AMD
ASUS
TOSHIBA
VAIO
FUJITSU


www.kswdc.org
181
MITHRA
സാഹചര്യം ഏതുമാവട്ടെ
ഞങ്ങൾ ഉണ്ട് കൂടെ
വിളിക്കൂ...
181
ടോൾഫ്രീ നമ്പർ
സ്ത്രീ
സുരക്ഷ
ശാക്തീകരണം
24 മണിക്കൂറും സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ
കേരള സംസ്ഥാന വനിത
വികസന കോർപ്പറേഷൻ
(വനിതാശിശു വികസന വകുപ്പ്, കേരള സർക്കാർ)
MWCD
Govt of India
വനിതാശിശു
വികസന വകുപ്പ്
കേരള സർക്കാർ

FILM VISION MONTHLY OCTOBER 2023 RS. 2/ RNI-KER BIL/2002/8043

**Membership**


| | | |
|---|---|---|
| Annual | : | 300/ |
| Students | : | 150/ |
| Life-time | : | 2000 |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail:
filcakerala@gmail.com
Ph. 80890 36090

Kindly whatsapp payment image to 80890 36090

# ഫിൽക ഫിലിം സൊസൈറ്റി ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്




13TH EDITION

**സത്യജിത് റായ് യുടെ**

## പഥേർ പാഞ്ചാലി

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹. 290. **അംഗങ്ങൾക്ക് ₹. 200**

Buy Online from
www.peerbey.com

PeerBey.com
Shop Online

Chief Editor - Dr. B. Radhakrishnan.
Associate Editors - Jyothishkumar, Girija Surendran.
Web & Graphic Design - PeerBey Software, Thrissur.
Circulation - Vinodkumar P.
PRO - Meril P.
Editor and Publisher - Sabu Sankar , General Secretary, FILCA, PB 2224
Trivandrum -10. Kerala.